# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

ജൂൺ 2016 വാല്യം 43 ലക്കം 2 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


# എൽഡിഎഫിന്റെ വിജയത്തെ വിലയിരുത്തേണ്ടതെങ്ങനെ?

**സംസ്ഥാനത്ത് മെയ് 16ന് നടന്ന തെരഞ്ഞെടുപ്പിൽ 91 സീറ്റ് നേടി എൽഡിഎഫ് അധികാരത്തിൽ വന്നു. ഭരണത്തിൽ നിന്നു പുറത്താക്കപ്പെട്ട യുഡിഎഫിന് 47 സീറ്റ് മാത്രമേ ലഭിച്ചുള്ളൂ. ബിജെപി കേരളത്തിൽ ഒരു സീറ്റു നേടി അക്കൗണ്ട് തുറന്നു. ഇങ്ങനെ ഒരു ഇടതുവിജയത്തിന്റെ സൂചനകളൊന്നും പ്രചാരണവേളയിൽ ആർക്കും അനുഭവപ്പെട്ടിരുന്നില്ല. വിജയം തങ്ങൾക്ക് അനുകൂലമായിരിക്കുമെന്ന് ഓരോ മുന്നണിയും അവകാശപ്പെടുമ്പോഴും വിജയം സൃഷ്ടിക്കാനുള്ള പതിവ് നടപടിക്രമത്തിന്റെ ഭാഗമായി മാത്രമേ ജനങ്ങൾ അതിനെ കണ്ടുള്ളൂ. അപ്രകാരം അവതരിപ്പിച്ചവർക്കും തെരഞ്ഞെടുപ്പ് ഫലത്തെ സംബന്ധിച്ച് സംശയാതീതമായി പറയാൻ കഴിയുന്നവിധം പ്രകടമായ ഒരു തരംഗവും പ്രചാരണത്തിന്റെ രംഗത്തോ എന്തിന് പോളിംഗ് ദിനത്തിൽ പോലുമോ അനുഭവവേദ്യമായിരുന്നില്ല. ജനങ്ങളിലും പ്രകടമായി കണ്ടത് കടുത്ത നിസ്സംഗതയായിരുന്നു. ചെറുപാർട്ടികളെയും ജനാധിപത്യ പ്രസ്ഥാനങ്ങളെയും പൂർണ്ണമായി തമസ്കരിച്ചുകൊണ്ടും മൂന്നു മുന്നണികളെ മാത്രം പെരുപ്പിച്ചുകാണിച്ചുകൊണ്ടും മാധ്യമങ്ങൾ തെരഞ്ഞെടുപ്പ് ഹരം ജനങ്ങളിലേക്ക് നിറയ്ക്കാൻ ശ്രമിക്കുമ്പോഴും ബഹുഭൂരിപക്ഷം ജനങ്ങളും നിർവ്വികാരമായി, കാഴ്ചക്കാരായി നിൽക്കുക മാത്രമാണ് ചെയ്തത്.**

### കോർപ്പറേറ്റ് പരസ്യ കമ്പനികൾ നിർണ്ണയിച്ച രാഷ്ട്രീയ പ്രചാരണം

അവിശ്വസനീയമായ നിലയിലാണ് ഇത്തവണ മൂന്നുമുന്നണികളും പ്രചാരണരംഗത്ത് പണം ചെലവഴിച്ചത്. ചില മണ്ഡലങ്ങളിൽ ബിജെപി പ്രമുഖരായ രണ്ടുമുന്നണികളെയും തെരഞ്ഞെടുപ്പ് ചെലവിൽ കടത്തിവെട്ടി. ഒരു മണ്ഡലത്തിൽ ഒരു മുന്നണി ഏറ്റവും കുറഞ്ഞത് ശരാശരി 5 കോടി രൂപയെങ്കിലും ചെലവഴിച്ചതായി കണക്കാക്കാം. ഇത്തവണ പ്രചാരണം മുഴുവൻ വൻകിട കോർപ്പറേറ്റ് പരസ്യ കമ്പനികളാണ് നിർവ്വഹിച്ചത്. തെരഞ്ഞെടുപ്പ് മുദ്രാവാക്യങ്ങൾ മുതൽ നേതാക്കന്മാരുടെ ശരീര ഭാഷ എങ്ങനെയായിരിക്കണം, ഓരോ ആഴ്ചയിലും ദിനത്തിലും പുതുതായി രംഗത്തിറക്കേണ്ടുന്ന തെരഞ്ഞെടുപ്പ് വിഷയങ്ങൾ എന്തായിരിക്കണം തുടങ്ങിയവയെല്ലാം ഈ പരസ്യകമ്പനികൾ നിർണ്ണയിച്ചു. കൂറ്റൻ ഹോർഡിംഗുകൾ, നിരവധി ദിവസങ്ങളിൽ മുഴുപ്പേജ് പത്രപ്പരസ്യങ്ങൾ, ട്രെയിനിന്റെ പൂർണ്ണനീളത്തിലും റെയിൽവേസ്റ്റേഷനുകളിലും പരസ്യങ്ങൾ, സോഷ്യൽ മീഡിയയിൽ ആസൂത്രിതമായ പ്രചാരവേല ചെയ്യാൻ പ്രതിഫലം പറ്റി പ്രവർത്തിക്കുന്ന നൂറുകണക്കിന് ജോലിക്കാർ, റേഡിയോ-ടിവി പരസ്യങ്ങൾ, മൊബൈൽ ഫോണിൽ ആട്ടോമേറ്റഡ് കോളുകൾ, എസ്എംഎസ് സന്ദേശങ്ങൾ, പ്രധാനമന്ത്രി ഉൾപ്പെടെ ദേശീയ നേതാക്കൾ പങ്കെടുത്ത നൂറുകണക്കിന് തെരഞ്ഞെടുപ്പ് റാലികൾ തുടങ്ങിയവയെല്ലാം സംസ്ഥാനത്തിനു പൊതുവായ പ്രചാരണ മാർഗ്ഗങ്ങളായിരുന്നെങ്കിൽ ഓരോമണ്ഡലത്തിനും പ്രത്യേകമായി നടത്തിയ ആയിരക്കണക്കിന് ചുവരെഴുത്തുകൾ, 20ഉം 30ഉം തരം പോസ്റ്ററുകൾ, വെട്ടിത്തിളങ്ങുന്ന നൂറുകണക്കിന് ലഘുലേഖകൾ, ആയിരക്കണക്കിന് ഫ്ളെക്സ് ബോർഡുകൾ, ഡോക്കുമെന്ററി പ്രദർശന വാനുകൾ, കലാജാഥകൾ, നൂറുകണക്കിന് പ്രചാരണ വാഹനങ്ങൾ, പ്രവർത്തകർക്ക് നിർലോഭമായി പണവും മദ്യവും പുറമെ ടീഷർട്ടും, മണ്ഡലം മുഴുവൻ ഓഫീസുകളും അനുബന്ധമായി കാറ്ററിംഗ് സ്ഥാപനങ്ങൾ കരാറെടുത്തുനടത്തുന്ന ഭക്ഷണശാലകളും വാടകയ്ക്കെടുത്ത വാദ്യമേളക്കാരും നൂറുകണക്കിന് ബൈക്കുകളും വാഹനങ്ങളും അണിനിരന്ന റോഡ് ഷോകൾ എന്നിവയുമുണ്ടായിരുന്നു. ഇവയ്ക്കെല്ലാം കൂടി ആകെ എത്രകോടികൾ ചെലവഴിച്ചുവെന്നത് കണക്കാക്കാൻ പോലുമാവില്ല. ഒരു മണ്ഡലത്തിൽ 28 ലക്ഷം രൂപയ്ക്കു താഴെ മാത്രമേ ചെലവഴിക്കുന്നുള്ളൂ എന്ന് ഉറപ്പാക്കാൻ ഓരോ മണ്ഡലത്തിലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷകന്മാരുമുണ്ടായിരുന്നു. അനുവദിക്കപ്പെട്ട പരിധിയുടെ എത്രയോ മടങ്ങ് ചെലവഴിക്കപ്പെട്ടതായി പ്രഥമദൃഷ്ട്യാ ആർക്കും ബോധ്യപ്പെടുമായിരുന്നിട്ടും ഒരു നിരീക്ഷകനും അത് റിപ്പോർട്ട് ചെയ്തില്ല. സ്വത

*(ശേഷം 2 -ാം പേജിൽ)*

# ജിഷയുടെ കൊലയാളികളെ അറസ്റ്റു ചെയ്യുക. തെളിവുനശിപ്പിച്ചവരെ പ്രതിചേർക്കുക




**ജസ്റ്റിസ് ഫോർ ജിഷ ആക്ഷൻകൗൺസിൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പെരുമ്പാവൂരിൽ മേയ് 30 ന് നടന്ന മനുഷ്യസംഗമം. ചെയർപേഴ്സൺ ലൈല റഷീദ്, ജനറൽ കൺവീനർ ഡോ. അനിൽകുമാർ, സ്ത്രീസുരക്ഷാസമിതി പ്രസിഡന്റ് പ്രൊഫ.വിൻസന്റ് മാളിയേക്കൽ, എഐഎംഎസ്എസ് സംസ്ഥാന പ്രസിഡന്റ് മിനി കെ.ഫിലിപ്പ്, എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം കെ.ഒ.സുധീർ, സി.ആർ.നീലകണ്ഠൻ, പ്രചോദന ജില്ലാ കൺവീനർ നിലീന മോഹൻകുമാർ തുടങ്ങിയവർ മുൻനിരയിൽ**

**'ജിഷ'** അതിദാരുണമാംവിധം കൊലചെയ്യപ്പെട്ടിട്ട് ഒരു മാസം പിന്നിട്ടിട്ടും പ്രതികളെ അറസ്റ്റു ചെയ്യാൻ പോലീസിന് സാധിച്ചിട്ടില്ല. ഏപ്രിൽ 28നാണ് സംഭവം നടന്നത്. വാർത്ത പുറത്തുവന്നത് കൃത്യം നടന്ന് അഞ്ചുദിവസങ്ങൾക്കുശേഷം മെയ് 2 നും. ഒരു പെൺകുട്ടിയോട്, ഒരു സ്ത്രീശരീരത്തോട് കാട്ടിയ പക നിറഞ്ഞ ചെയ്തികൾ, കൊലപാതകത്തിന്റെ പൈശാചികത ഒക്കെയും കേരളം ഞെട്ടലോടെ, അവിശ്വാസത്തോടെ കേട്ടു; തരിച്ചു നിന്നു. പെരുമ്പാവൂർ, ദില്ലിയിലെ നിർഭയയെ ഓർമ്മിപ്പിച്ചു. അമ്മമാർ കൂടുതൽ ഉൽക്കണ്ഠയോടെ കൂടുതൽ ഭയാശങ്കകളോടെ പെൺകുഞ്ഞുങ്ങളെ നെഞ്ചോടു ചേർത്തുപിടിച്ചു.

പ്രതികളെ ഇനിയും അറസ്റ്റുചെയ്യാൻ സാധിക്കാത്തത് തെളിവുകൾ നശിപ്പിക്കപ്പെട്ടതുകൊണ്ടാണത്രേ! കൊലപാതകവാർത്ത പുറത്തുവരുന്നതിനകം തെളിവുകൾ നിശ്ശേഷം തുടച്ചു നീക്കപ്പെട്ടിരുന്നു. തെളിവുകൾ നശിപ്പിച്ച പോലീസിന്റെ നടപടികൾ കേവലം നിരുത്തരവാദപരമായ സമീപനം എന്ന് ലളിതവൽക്കരിക്കാമോ? അതോ ആരെയെങ്കിലും രക്ഷിക്കാൻ നടത്തിയ ആസൂത്രിത നീക്കമോ? വാർത്ത മൂടിവയ്ക്കാൻ പോലീസിനെ പ്രേരിപ്പിച്ചത് എന്താണ്? പോലീസിന്റെ തീരുമാനത്തോടൊപ്പം മാദ്ധ്യമങ്ങൾ ഒന്നടങ്കം നിലകൊണ്ടത് എന്തുകൊണ്ട്? കൊലപാതകവാർത്തയറിഞ്ഞ് സംഭവസ്ഥലത്തെത്തിയ പോലീസിന് ഛിന്നഭിന്നമാക്കപ്പെട്ടവിധം ഒരു പെൺകുട്ടിയുടെ മൃതദേഹം കണ്ടിട്ട് അതിന്റെ ഗൗരവാവസ്ഥ അശേഷം മനസ്സിലായില്ല എന്നുണ്ടോ? വീട് മുദ്രവച്ച് ബന്ദവസ്സാക്കിയില്ല. അതുകൊണ്ടുതന്നെ സന്ദർശകപ്രവാഹമുണ്ടായപ്പോൾ തെളിവുകൾ പലതും സ്വാഭാവികമായും അപ്രത്യക്ഷമായി. വാർത്ത അഞ്ചുദിവസം മൂടിവച്ച് പ്രതിക്ക്/പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതൊരുക്കി. പോസ്റ്റുമോർട്ടത്തിനുശേഷം മൃതദേഹം തിടുക്കപ്പെട്ട് ദഹിപ്പിച്ച് അവസാനത്തെ തെളിവും ഇല്ലാതെയാക്കി. പോസ്റ്റ്മോർട്ടം തന്നെ നടപടിക്രമങ്ങൾ പാലിച്ചല്ല നടന്നിരിക്കുന്നത് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. നടന്ന നടപടികളുടെ വീഡിയോ ചിത്രീകരണം നടന്നിട്ടില്ല. അന്വേഷണസംഘം ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കുമ്പോഴും എന്തുകൊണ്ട്

*(ശേഷം 8 -ാം പേജിൽ)*

## ഉൾപ്പേജുകൾ


| | |
|---|---|
| കോസലരാമദാസ് അനുസ്മരണം | – പേജ് 3 |
| കപട സാമ്പത്തിക വളർച്ചയെ ചൊല്ലിയുള്ള കോലാഹലങ്ങൾ | – പേജ് 6 |
| സൈദ്ധാന്തിക പാഠങ്ങൾ | – പേജ് 7 |
| ജിഷ: പ്രതിഷേധ പരിപാടികൾ | – പേജ് 8 |
| കുട്ടികളുടെ ക്യാമ്പ് | – പേജ് 9 |
| വിദ്യാഭ്യാസത്തെ രക്ഷിക്കാൻ | – പേജ് 9 |
| ഇന്ത്യൻ സമ്പദ്വ്യവസ്ഥ നേരിടുന്ന സ്റ്റാഗ്ഫ്ളേഷൻ | – പേജ് 10 |
| ചൈനീസ് സമ്പദ്വ്യവസ്ഥയുടെ തകർച്ച | – പേജ് 12 |
| സ്കൂൾ അടച്ചുപൂട്ടലിനെതിരെ | – പേജ് 16 |
| ഐഐടികളിൽ സംസ്കൃത പഠനം | – പേജ് 16 |

# എൽഡിഎഫിന്റെ വിജയത്തെ വിലയിരുത്തേണ്ടതെങ്ങനെ?

*(1 -ാം പേജിൽ നിന്ന് )*

ന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് നടന്നതായി അവരെല്ലാം സാക്ഷ്യപ്പെടുത്തി. **തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിലക്കുകളും നിയന്ത്രണങ്ങളും ശരിയായ ജനാധിപത്യ പ്രവർത്തനങ്ങൾക്കുമേൽ മാത്രമാണെന്നും വ്യവസ്ഥാപിത പ്രസ്ഥാനങ്ങൾക്ക് അത് ബാധമല്ലെന്നും ഒരിക്കൽ കൂടി തെളിയിച്ചു.**

കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് നടത്തപ്പെട്ട ഈ പ്രചാരണയുദ്ധത്തിൽ ഒരിടത്തുപോലും ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട അടിസ്ഥാനപ്രശ്നങ്ങൾ ചർച്ച ചെയ്തില്ല. വികസനം എന്ന കപടവിഷയത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയായിരുന്നു മൂന്നു മുന്നണികളുടെയും പ്രചണ്ഡപ്രചാരണം മുഴുവൻ. ഒരു പിടി വരുന്ന സമ്പന്നവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ മാത്രമാണ് ഈ വികസനത്തിന്റെ മുദ്രാവാക്യം പ്രതിഫലിപ്പിക്കുന്നത്. ജാതി – മത വികാരങ്ങൾ അടിയൊഴുക്കുകളായി പ്രവർത്തിക്കത്തക്ക വിധം മൂന്നുമുന്നണികളും തന്ത്രങ്ങൾ മെനഞ്ഞു. ജനങ്ങൾ ഈ കോലാഹലങ്ങൾക്ക് പുറത്തായിരുന്നു. ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആശയത്തിനുവേണ്ടി പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന പ്രവർത്തകർ എന്നത് കടങ്കഥയായി മാറിക്കഴിഞ്ഞു. പണം പറ്റി നടത്തുന്ന ഒന്നു മാത്രമായി തെരഞ്ഞെടുപ്പ് പ്രവർത്തനം അധ:പതിച്ചു. കുട്ടനാട്ടിലെയും ചവറയിലെയും ഇടതുമുന്നണിയുടെ കോടീശ്വരന്മാരായ സ്ഥാനാർത്ഥികൾ, അവർക്കുവേണ്ടി പണം പറ്റി പ്രവർത്തിക്കുന്ന ആയിരക്കണക്കിന് ജോലിക്കാരെ നിയോഗിച്ചിരുന്നു. ഇപ്രകാരം നടത്തപ്പെട്ട തെരഞ്ഞെടുപ്പും അതിന്റെ ഫലവും എങ്ങനെയാണ് ജനങ്ങളുടെ താൽപ്പര്യങ്ങൾ പ്രതിഫലിപ്പിക്കുക?

### യുഡിഎഫ് സർക്കാരിന്റെ അഴിമതിക്കും ജനദ്രോഹത്തിനുമെതിരെയുള്ള അസംതൃപ്തി തെരഞ്ഞെടുപ്പ് ഫലത്തിൽ പ്രതിഫലിക്കുന്നു

സർവ്വസീമകളും ലംഘിച്ച അഴിമതിക്കും ജനവിരുദ്ധ നടപടികൾക്കുമെതിരെ ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജനങ്ങൾ ശക്തമായി പ്രതികരിച്ചുവെന്നത് തെരഞ്ഞെടുപ്പ് ഫലം വ്യക്തമാക്കുന്നുണ്ട്. പ്രത്യേകിച്ചും ഭരണത്തിന്റെ അവസാന നാളുകളിൽ സ്വകാര്യ വ്യക്തികൾക്ക് സർക്കാർ ഭൂമി ദാനമായി നൽകിയ നടപടിപോലുള്ള പച്ചയായ അഴിമതികൾ സർക്കാരിനെതിരെയുള്ള വികാരത്തെ മൂർദ്ധന്യത്തിലെത്തിച്ചു. ഫൈവ് സ്റ്റാർ പദവിയിലേക്ക് ഉയർത്തിക്കൊണ്ട് 40 ഓളം ബാറുകൾക്ക് അനുമതി നൽകിയത് മദ്യനയം ദുർബലപ്പെടുത്തുകയാണെന്ന ചിന്താഗതി ശക്തമാക്കി. 5 വർഷംകൊണ്ട് 78,000 കോടി രൂപ കടം വാങ്ങി സംസ്ഥാനത്തിന്റ പൊതുകടം ഒന്നര ലക്ഷം കോടി രൂപയാക്കി ഉയർത്തിയെങ്കിലും ഉൽപ്പാദനമേഖലയിൽ ഒരു വളർച്ചയും സൃഷ്ടിക്കാൻ യുഡിഎഫ് സർക്കാരിനു കഴിഞ്ഞിരുന്നില്ല. വ്യാവസായിക-കാർഷിക-നിർമ്മാണ മേഖലകളിൽ രൂക്ഷമായ പ്രതിസന്ധിയെത്തുടർന്ന് തൊഴിലില്ലായ്മ ഭീമമാവുകയാണുണ്ടായത്. ഒരു പുതിയ തൊഴിലവസരവും സൃഷ്ടിക്കാൻ കഴിഞ്ഞില്ല. കാർഷികമേഖലയിലെ വിലത്തകർച്ച കർഷകരെ അടിമുടി തകർത്തു. റബർ, നാളികേരം, കുരുമുളക്, വാഴ, ഏലം, മരച്ചീനി തുടങ്ങിയവയെല്ലാം വിലത്തകർച്ചയെ നേരിട്ടു. അതേസമയം ജനങ്ങളുടെ മേലുള്ള ഭാരം വർദ്ധിപ്പിക്കുന്നതിൽ ആനന്ദം കണ്ടെത്തി. സർവ്വമാന നികുതിയും വർദ്ധിപ്പിച്ചു. ചില സർക്കാർ സേവനങ്ങളുടെ നിരക്ക് 1000 ശതമാനം വരെ ഉയർത്തി. ബസ് ചാർജ്ജും വൈദ്യുതി ചാർജ്ജും രണ്ടു തവണ വീതവും വെള്ളക്കരം ഒരു തവണയും വർദ്ധിപ്പിച്ചു.

പൊതുജനാരോഗ്യ മേഖലയും പൊതുവിദ്യാഭ്യാസ മേഖലയും തളർന്നു. ഡോക്ടർമാരും മറ്റ് സ്റ്റാഫുമില്ലാതെ സർക്കാരാശുപത്രികളിൽ സാധാരണ ജനങ്ങൾ ചികിൽസ ലഭിക്കാതെ വലഞ്ഞു. മരുന്നു വാങ്ങാനുള്ള തുക വെട്ടിക്കുറച്ചു. പുതിയതായി ആരംഭിച്ചതെന്ന് അവകാശപ്പെടുന്ന മെഡിക്കൽ കോളേജുകളിൽ പരസ്യബോർഡല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ കച്ചവടം സർവ്വസീമകളും കടന്നു. ഫീസുകൾ 600 ശതമാനംവരെ വർദ്ധിച്ചു. ഓട്ടോണമസ് കോളേജുകൾ തുടങ്ങാൻ അനുമതി നൽകിക്കൊണ്ട് കച്ചവടം കൊഴുപ്പിച്ചു. രണ്ടു വർഷം തുടർച്ചയായി വിദ്യാർത്ഥികൾക്ക് പാഠപുസ്തകം നൽകിയത് അധ്യയന വർഷത്തിന്റെ പകുതി പിന്നിട്ടപ്പോൾ. സർവ്വകലാശാലകൾ അഴിമതിയുടെയും പിടിപ്പുകേടിന്റെയും ഉത്തരവാദിത്തമില്ലായ്മയുടെയും കൂത്തരങ്ങായിമാറി. പഠനം പൂർത്തിയാക്കിയവർക്ക് തൊഴിലും ശമ്പളവും ലഭിക്കാത്തതിനാൽ വിദ്യാഭ്യാസ വായ്പ എടുത്ത 7 ലക്ഷം കുടുംബങ്ങൾ കടക്കെണിയിലായി. 22 രക്ഷിതാക്കൾ ആത്മഹത്യ ചെയ്തു.

**ഒരു ഭീമൻ പരസ്യ കമ്പനി രൂപപ്പെടുത്തിക്കൊടുത്ത 'എൽഡിഎഫ് വരും എല്ലാം ശരിയാകും' എന്ന അറുവഷളൻ വലതുപക്ഷ മുദ്രാവാക്യമായിരുന്നു ഇടതുമുന്നണിയുടെ പ്രചാരണത്തിന്റെ കേന്ദ്രബിന്ദു. ഒരു സംസ്ഥാനത്തു നടക്കുന്ന അസംബ്ളി തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നാൽ സമസ്ത കാര്യങ്ങളും ശരിയാക്കാമെന്നു പറയുന്നത് ഒരു പരമനുണയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവർ പ്രചരിപ്പിച്ചു. സമൂലമായ സാമൂഹ്യപരിവർത്തനത്തിനുവേണ്ടി നിലകൊള്ളുന്ന യഥാർത്ഥ ഇടതുരാഷ്ട്രീയത്തെ അവർ തെരുവിൽ ഉപേക്ഷിച്ചു. അങ്ങനെ ഇടതുരാഷ്ട്രീയത്തിന് അളക്കാനാവാത്ത ആഘാതം ഏൽപ്പിച്ചു. ബിജെപി അവതരിപ്പിച്ച 'അഛേ ദിൻ' മുദ്രാവാക്യവും ഈ എൽഡിഎഫ് മുദ്രാവാക്യവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഈ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെട്ട തെരഞ്ഞെടുപ്പ് പ്രചാരണം എങ്ങനെയാണ് ഇടതുരാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുക?**

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വലിയ തോതിൽ വർദ്ധിച്ചു. 2013 വർഷത്തിൽ രാജ്യത്ത് ഏറ്റവുമധികം ലൈംഗിക പീഡനം നടക്കുന്ന സംസ്ഥാനമായി കേരളം മാറി. ഏറ്റവുമൊടുവിൽ പെരുമ്പാവൂരിലെ ജിഷയുടെ ഞെട്ടലുളവാക്കുന്ന കൊലപാതകം, സംസ്ഥാനത്ത് നിലനിൽക്കുന്ന സ്ത്രീസുരക്ഷയുടെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കി.

ജനങ്ങളെ പാടേ വിസ്മരിച്ച ഭരണനേതൃത്വമാകട്ടെ ഖജനാവ് കൊള്ളയടിക്കുന്നതിലും സ്വന്തക്കാർക്ക് കണക്കറ്റ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും മൽസരിച്ചു. പൊറുതിമുട്ടിയ ജനങ്ങൾ കണക്കുചോദിക്കാൻ നിർബ്ബന്ധിതരായി. തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിച്ചതിൽ ഭരണത്തിനെതിരെയുള്ള വികാരവും പ്രധാന ഘടകങ്ങളിലൊന്നാണ്.

### എൽഡിഎഫിന്റെ അഞ്ച് വർഷത്തെ പ്രതിപക്ഷപ്രവർത്തനമോ തെരഞ്ഞെടുപ്പ് പ്രചാരണമോ ഇടതുരാഷ്ട്രീയത്തിന് നിരക്കുന്നതായിരുന്നില്ല.

91 സീറ്റിൽ എൽഡിഎഫ് ജയിച്ചതിനെ ഇടതുമുന്നണിയുടെ വമ്പിച്ച മുന്നേറ്റമായും തരംഗമായും മാധ്യമങ്ങൾ വിശേഷിപ്പിക്കുകയുണ്ടായി. അഴിമതിയും ജനദ്രോഹവും മുഖമുദ്രയാക്കിയിരുന്ന യുഡിഎഫിനെതിരെ ഇടതുമുന്നണി തത്വാധിഷ്ഠിതമായ ഇടതു രാഷ്ട്രീയമാണ് അവലംബിച്ചിരുന്നതെന്നും അതിനുള്ള അംഗീകാരമാണ് ഈ വിജയത്തിലൂടെ ലഭിച്ചതെന്നും വിലയിരുത്താനാവുമോ? ഈ വിജയത്തെ അങ്ങനെ വിലയിരുത്താനാവില്ല എന്നതാണ് ഞങ്ങളുടെ വിനീതമായ അഭിപ്രായം.

5 വർഷത്തെ യുഡിഎഫ് ദുർഭരണ നാളുകളിൽ അതിനെതിരെ മഹത്തായ ഇടതുരാഷ്ട്രീയത്തിനു നിരക്കുന്ന പ്രതിപക്ഷ ധർമ്മം നിർവ്വഹിക്കുവാൻ സിപിഐ(എം) നയിക്കുന്ന എൽഡിഎഫിന് കഴിഞ്ഞില്ല. യുഡിഎഫിന്റെ ജനദ്രോഹനയങ്ങളിൽ ഒന്നിനെപ്പോലും വിട്ടുവീഴ്ചയില്ലാത്ത ജനകീയ പോരാട്ടത്തിലൂടെ ചെറുത്തുപരാജയപ്പെടുത്താൻ കഴിയാത്ത, ഇഛാശക്തിയും രാഷ്ട്രീയമുൻകൈയും അമ്പേ നഷ്ടപ്പെട്ട ഇടതുമുന്നണിയെയാണ് ജനങ്ങൾ ദർശിച്ചത്. അണികളെപ്പോലും അസ്തപ്രജ്ഞരാക്കിക്കൊണ്ട് സമരമുഖത്തുനിന്ന് ഓടിയൊളിക്കുന്ന നേതൃത്വത്തിൽ ജനങ്ങൾ എങ്ങിനെയാണ് വിശ്വാസമർപ്പിക്കുക. പ്രതിപക്ഷധർമ്മത്തിന്റെ കാര്യത്തിൽ മാത്രമല്ല, തെരഞ്ഞെടുപ്പ് പ്രചാരണരംഗത്തും ഇടതുരാഷ്ട്രീയം ഉയർത്തിപ്പിടിക്കാനോ ജനകീയസമര രാഷ്ട്രീയത്തിനുവേണ്ടി നിലകൊള്ളാനോ ഇടതുമുന്നണിക്ക് കഴിഞ്ഞില്ല. ഒരു ഭീമൻ പരസ്യ കമ്പനി രൂപപ്പെടുത്തിക്കൊടുത്ത 'എൽഡിഎഫ് വരും എല്ലാം ശരിയാകും' എന്ന അറുവഷളൻ വലതുപക്ഷ മുദ്രാവാക്യമായിരുന്നു ഇടതുമുന്നണിയുടെ പ്രചാരണത്തിന്റെ കേന്ദ്രബിന്ദു. ഒരു സംസ്ഥാനത്തു നടക്കുന്ന അസംബ്ളി തെരഞ്ഞെടുപ്പിൽ ജയിച്ചുവന്നാൽ സമസ്ത കാര്യങ്ങളും ശരിയാക്കാമെന്നു പറയുന്നത് ഒരു പരമനുണയാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അവർ പ്രചരിപ്പിച്ചു. സമൂലമായ സാമൂഹ്യപരിവർത്തനത്തിനുവേണ്ടി നിലകൊള്ളുന്ന യഥാർത്ഥ ഇടതുരാഷ്ട്രീയത്തെ അവർ തെരുവിൽ ഉപേക്ഷിച്ചു. അങ്ങനെ ഇടതുരാഷ്ട്രീയത്തിന് അളക്കാനാവാത്ത ആഘാതം ഏൽപ്പിച്ചു. ബിജെപി അവതരിപ്പിച്ച 'അഛേ ദിൻ' മുദ്രാവാക്യവും ഈ എൽഡിഎഫ് മുദ്രാവാക്യവും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? ഈ മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കപ്പെട്ട തെരഞ്ഞെടുപ്പ് പ്രചാരണം എങ്ങനെയാണ് ഇടതുരാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുക?

എൽഡിഎഫ് അവതരിപ്പിച്ച വികസനനയത്തിനുള്ള അംഗീകാരമായാണ് തെരഞ്ഞെടുപ്പ് വിജയത്തെ പിണറായി വിജയൻ വിശേഷിപ്പിച്ചത്. ഈ വിശകലനം കൃത്യമായും എൽഡിഎഫ് കൈക്കൊണ്ട വലതുപക്ഷ തെരഞ്ഞെടുപ്പ് പ്രചാരണത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. വികസനം എന്ന വിഷയം ഒരു കാരണവശാലും ഇടതു മുദ്രാവാക്യമാവുക സാധ്യമല്ല. മുതലാളിത്ത വ്യവസ്ഥിതിയിൽ വികസനമെന്നത് വർഗ്ഗാതീതമായ ഒന്നായിരിക്കാൻ സാധ്യമല്ല. മുതലാളി വികസിക്കുമ്പോൾ തൊഴിലാളികളും സാധാരണജനങ്ങളും തകർന്നടിയുന്നതാണ് നാം കാണുന്നത്. മുതലാളിയും തൊഴിലാളിയും ഒരുമിച്ച് വികസിക്കുമെന്നു പറയുന്നത് ചതിയും കാപട്യവുമാണ്. ഈ രാഷ്ട്രീയം പ്രചരിപ്പിച്ചുകൊണ്ടാണ് എൽഡിഎഫ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. അത്തരമൊരു പ്രചാരണത്തിലൂടെ നേടിയ വിജയത്തെ എങ്ങനെയാണ് ഇടതുരാഷ്ട്രീയത്തിന്റെ വിജയമായി വിലയിരുത്താൻ കഴിയുക?

**എൽഡിഎഫ് അവതരിപ്പിച്ച വികസനനയത്തിനുള്ള അംഗീകാരമായാണ് തെരഞ്ഞെടുപ്പ് വിജയത്തെ ശ്രീ.പിണറായി വിജയൻ വിശേഷിപ്പിച്ചത്. ഈ വിശകലനം കൃത്യമായും എൽഡിഎഫ് കൈക്കൊണ്ട വലതുപക്ഷ തെരഞ്ഞെടുപ്പ് പ്രചാരണത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. വികസനം എന്ന വിഷയം ഒരു കാരണവശാലും ഇടതു മുദ്രാവാക്യമാവുക സാധ്യമല്ല. മുതലാളിത്ത വ്യവസ്ഥിതിയിൽ വികസനമെന്നത് വർഗ്ഗാതീതമായ ഒന്നായിരിക്കാൻ സാധ്യമല്ല. മുതലാളി വികസിക്കുമ്പോൾ തൊഴിലാളികളും സാധാരണജനങ്ങളും തകർന്നടിയുന്നതാണ് നാം കാണുന്നത്. മുതലാളിയും തൊഴിലാളിയും ഒരുമിച്ച് വികസിക്കുമെന്നു പറയുന്നത് ചതിയും കാപട്യവുമാണ്. ഈ രാഷ്ട്രീയം പ്രചരിപ്പിച്ചുകൊണ്ടാണ് എൽഡിഎഫ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. അത്തരമൊരു പ്രചാരണത്തിലൂടെ നേടിയ വിജയത്തെ എങ്ങനെയാണ് ഇടതുരാഷ്ട്രീയത്തിന്റെ വിജയമായി വിലയിരുത്താൻ കഴിയുക?**

### യുഡിഎഫ് ഭരണത്തിനെതിരെയുള്ള അതൃപ്തിയും ബിജെപി ഭീതിയും എൽഡിഎഫിന് വിജയം ദാനമായി നൽകി.

തെരഞ്ഞെടുപ്പ് പ്രചാരണവേളയിലോ വോട്ടെടുപ്പ് ദിനത്തിലോ പോലും ഏതെങ്കിലും ഒരു മുന്നണിക്ക് അനുകൂലമായ ആവേശകരമായ പിന്തുണയുടെയോ തരംഗത്തിന്റെയോ ബാഹ്യസൂചനകളൊന്നും തന്നെ പ്രകടമായിരുന്നില്ല എന്ന് സൂചിപ്പിച്ചുവല്ലോ. ഫലത്തെ സംബന്ധിച്ച് ആർക്കും പ്രവചിക്കാനാവാത്ത സ്ഥിതി നിലനിന്നിരുന്നതും അതുകൊണ്ടാണ്. എങ്കിലും തെരഞ്ഞെടുപ്പ് ഫലം ഇടതുമുന്നണിക്ക് സാമാന്യം നേട്ടമുണ്ടാക്കിയ ഒന്നായിരുന്നു. എന്തുകൊണ്ടാണിത്? ഒരു മുന്നണിയോടും അത്യാവേശകരമായ അനുകൂലവികാരത്തിന്റെയോ അമിതപ്രതീക്ഷയുടെയോ മനോഭാവം ബാഹ്യമായി പ്രകടിപ്പിക്കാതെ ഒരു നിർവ്വികാരതയോടെ ജനങ്ങൾ വോട്ടുചെയ്തു. യുഡിഎഫിന്റെ നയങ്ങളെ തിരുത്തുന്ന ഒരു ശക്തിയെന്ന നിലയിൽ എൽഡിഎഫിനെ കാണാൻ ജനങ്ങൾക്ക് കഴിയുമായിരുന്നില്ല. യുഡിഎഫിന്റെ ഭരണത്തോടുള്ള അതൃപ്തിയും രോഷവും ജനങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ആ രോഷത്തിൽ നിന്നും ഉടലെടുക്കുന്ന വോട്ടിന് എൽഡിഎഫ് അർഹരാണ് എന്ന ബോദ്ധ്യം ജനങ്ങൾക്കുണ്ടായിരുന്നുമില്ല.(മൂന്നാമതൊരു ശക്തിയെ തേടാൻ ജനങ്ങളെ നിർബന്ധിതരാക്കുന്ന ഈ സാഹചര്യമാണ് ബിജെപിയുടെ വോട്ട് വർദ്ധനയ്ക്കുള്ള ഘടകങ്ങളിലൊന്നായി മാറിയത്) ജനങ്ങൾ ഒരു ഗതികേടിന്റെയും നിസ്സാഹയതയുടെയും പിടിയിലായിരുന്നു. ഒരു തീരുമാനമില്ലായ്മയുടെ നിസ്സംഗത അന്ത്യം വരെയും ജനങ്ങളുടെ നിലപാടിൽ പ്രകടമായിരുന്നു. മറുവശത്ത് സർവ്വസന്നാഹങ്ങളോടെ ബിജെപി നയിച്ച എൻഡിഎ നടത്തിയ പ്രചാരണം അവർ ഒരു പ്രബല രാഷ്ട്രീയ ശക്തിയായി ഉയർന്നുവരുമോ എന്ന ഭീതി വ്യാപകമായി ജനാധിപത്യ-പുരോഗമന വിശ്വാസികൾക്കിടയിലും ന്യൂനപക്ഷ സമുദായങ്ങൾക്കിടയിലും സൃഷ്ടിക്കപ്പെട്ടു. അങ്ങനെ ഒരളവ് വരെയുള്ള ഭരണവിരുദ്ധ വികാരവും വർഗ്ഗീയശക്തികൾ രംഗം കൈയടക്കുമോ എന്ന ഭീതിയും വിജയം എൽഡിഎഫിന് ദാനമായി നൽകുകയാണുണ്ടായത്. തങ്ങളുടെ വോട്ടിന് എൽഡിഎഫിന് അർഹത ഉണ്ടെന്ന് ജനങ്ങൾ വിലയിരുത്തിയതുകൊണ്ടല്ല മറിച്ച് നിവൃത്തികേടുകൊണ്ട് വോട്ട് നൽകാൻ ജനങ്ങൾ നിർബന്ധിതരാവുകയാണുണ്ടായത്. വമ്പിച്ച തോതിലുള്ള എൽഡിഎഫ് അനുകൂല വോട്ടിംഗ് എന്നതിലുപരി യുഡിഎഫിനും ബിജെപിക്കുമെതിരായ വിധിയെഴുത്ത് എന്നതായിരുന്നു തെരഞ്ഞെടുപ്പിൽ ജനങ്ങളുടെ മനോഭാവം.

തെരഞ്ഞെടുപ്പ് ഫലം സൂക്ഷ്മമായി വിലയിരുത്തിയാൽ ഇത് വ്യക്തമാകുന്നതാണ്. 2011-ൽ നടന്ന നിയമസഭാതെരഞ്ഞെടുപ്പിലെ വോട്ടർമാരുടെ എണ്ണത്തേക്കാൾ **28.71** ലക്ഷം കൂടുതലായിരുന്നു ഇത്തവണത്തെ എണ്ണം. ഈ വർദ്ധനവ് പരിഗണിക്കുമ്പോൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ചതിനേക്കാൾ 10 ലക്ഷം വോട്ട് ഏതു മുന്നണി അധികം നേടിയാൽപ്പോലും കഴിഞ്ഞ തെരഞ്ഞെടുപ്പിലെ സ്ഥിതി നിലനിർത്തി എന്നേ അർത്ഥമുള്ളൂ. 2011 ലെ തെരഞ്ഞെടുപ്പിൽ നേടിയതിനേക്കാൾ 8.37 ലക്ഷം വോട്ടാണ് ഇത്തവണ എൽഡിഎഫ് നേടിയത്. പുതിയ വോട്ടർമാരുടെ എണ്ണം ഇത്രയും വർദ്ധിച്ചിട്ടും വലിയ തരംഗമുണ്ടായി എന്ന് വിലയിരുത്തപ്പെടുമ്പോഴും ആനുപാതികമായി വോട്ടിന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ എൽഡിഎഫിന് കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. കഴിഞ്ഞ തവണ നേടിയതെന്തോ അത് നില

*(ശേഷം 3-ാം പേജിൽ)*

# കോസലരാമദാസ് അനുസ്മരണ സമ്മേളനം

**കെ**.പി.കോസലരാമദാസിന്റെ മൂന്നാം ചരമവാർഷികദിനത്തിൽ തിരുവനന്തപുരം വൈഎംസിഎ ഹാളിൽ അനുസ്മരണസമ്മേളനം നടന്നു. അടിയുറച്ച തൊഴിലാളിപക്ഷ നിലപാടും സത്യസന്ധതയും കൈമുതലുള്ള ധീരനായ നേതാവായിരുന്നു കെ.പി.കോസലരാമദാസ് എന്ന് മുൻ അഡീഷണൽ ചീഫ്സെക്രട്ടറി ഡോ.ഡി.ബാബുപോൾ അനുസ്മരണ സമ്മേളനത്തിൽ അഭിപ്രായപ്പെട്ടു. അര നൂറ്റാണ്ടുമുമ്പ് തിരുവനന്തപുരം കോർപ്പറേഷൻ മേയറും എംഎൽഎയുമായിരുന്ന അദ്ദേഹത്തിന് ആദർശത്തിനുവേണ്ടി ഏത് ഉന്നതപദവിയും ഉപേക്ഷിക്കുവാൻ ഒരു വൈമനസ്യവുമുണ്ടായിരുന്നില്ല. ആദർശനിഷ്ഠമായ ജീവിതം നയിച്ച അദ്ദേഹത്തിനുമേൽ മുതലാളിമാർക്കും പ്രസ്ഥാനങ്ങൾക്കും ദുഃസ്വാധീനംചെലുത്താൻ കഴിയുമായിരുന്നില്ലായെന്നും അദ്ദേഹം അനുസ്മരിച്ചു. അനുസ്മരണസമിതി കൺവീനർ സഖാവ് എസ്.സീതിലാൽ അദ്ധ്യക്ഷത വഹിച്ചു. തൊഴിലാളിവർഗ്ഗത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച വിപ്ലവകാരിയായ നേതാവായിരുന്നു കോസലരാമദാസ് എന്ന് സിഐറ്റിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ അഭിപ്രായപ്പെട്ടു. സിപിഐ(എം) സംസ്ഥാന കമ്മിറ്റിയംഗം പിരപ്പൻകോട് മുരളി, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ, എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ, ആൾ ഇന്ത്യാ പവർമെൻസ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സഖാവ് ഡി.സുന്ദരേശൻ, കെഎസ്ഇബി –പിസിസി ലൈൻവർക്കേഴ്സ് യൂണിയൻ സംസ്ഥാന വൈസ്പ്രസിഡന്റ് സഖാവ് പി.എം.ദിനേശൻ എന്നിവരും അനുസ്മരണ പ്രഭാഷണം നടത്തി. അനുസ്മരണസമിതി ജോ.കൺവീനർ സഖാവ് ഡി.ഹരികൃഷ്ണൻ സ്വാഗതവും എച്ച്.നന്ദലാൽ നന്ദിയും പറഞ്ഞു. ■






തിരുവനന്തപുരം വൈഎംസിഎ ഹാളിൽ ജൂൺ 3 ന് നടന്ന കോസലരാമദാസ് അനുസ്മരണ സമ്മേളനത്തിൽ ഡോ.ഡി.ബാബുപോൾ പ്രസംഗിക്കുന്നു.

*(2 –ാം പേജിൽ നിന്ന്)*

നിർത്താൻപോലും എൽഡിഎഫിന് കഴിഞ്ഞില്ല. സീറ്റുകളുടെ എണ്ണം 68ൽ നിന്ന് 91 ലേക്ക് ഉയർന്നുവെങ്കിലും 2011–ൽ ലഭിച്ച 44.94 ശതമാനം വോട്ട് ഇത്തവണ 43.31 ശതമാനമായി കുറയുകയാണ് ചെയ്തത്. സിപിഐ(എം)ന്റെ വോട്ടുവിഹിതവും 28.18 ശതമാനത്തിൽനിന്ന് 26.5 ശതമാനമായി കുറഞ്ഞു. എൽഡിഎഫിന് അനുകൂലമായ വലിയ ഒരു വോട്ടിംഗിന്റെ ചിത്രമല്ല തെരഞ്ഞെടുപ്പ് ഫലം നൽകുന്നതെന്ന് ചുരുക്കം. അങ്ങിനെയെങ്കിൽ 91 സീറ്റിലെ എൽഡിഎഫ് വിജയം എങ്ങിനെ ഉണ്ടായി എന്ന് വിലയിരുത്തേണ്ടതുണ്ട്.

എൽഡിഎഫ് വിജയിച്ചിട്ടുള്ള മണ്ഡലങ്ങളിൽ 17 എണ്ണത്തിൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ലഭിച്ച എണ്ണത്തേക്കാൾ വോട്ട് കുറയുകയോ പഴയ വോട്ട് നിലനിർത്തുകയോ ആണ് ചെയ്തിട്ടുള്ളത്. ഓരോ മണ്ഡലത്തിലും ശരാശരി 20,000 വോട്ട് പുതുതായി ചേർക്കപ്പെട്ടിട്ടുപോലും കഴിഞ്ഞ വർഷത്തേക്കാൾ വോട്ട് കുറവാണെന്നത് ശക്തമായ ഇടതുമുന്നണിപ്രേമത്തിൽ നിന്ന് ഉടലെടുത്തതല്ല ഈ തെരഞ്ഞെടുപ്പ് ഫലമെന്ന് വ്യക്തമാക്കുന്നു. ഉദാഹരണമായി വിജയിച്ച മണ്ഡലങ്ങളായ കുട്ടനാട്ടിൽ 9896 ഉം മലമ്പുഴയിൽ വി.എസ്.അച്യുതാനന്ദന് 4,453 ഉം ഉടുമ്പഞ്ചോലയിൽ 6110 ഉം ചേലക്കരയിൽ 5912 ഉം തിരുവല്ലയിൽ 3629 ഉം ഏറ്റുമാനൂരിൽ 3576 ഉം വോട്ട് കഴിഞ്ഞ തവണത്തേക്കാൾ കുറവാണ്. പരാജയപ്പെട്ട മണ്ഡലങ്ങളിൽ ചിലയിടങ്ങളിൽ വലിയ തോതിൽ എൽഡിഎഫിന് വോട്ട് കുറഞ്ഞിട്ടുണ്ട്. ഉദാഹരണമായി പൂഞ്ഞാറിൽ 21,835 ഉം, കടുത്തുരുത്തിയിൽ 14,193 ഉം കോട്ടയത്ത് 12,852ഉം തിരുവനന്തപുരത്ത് 9,201ഉം ഹരിപ്പാട്ട് 4479ഉം കോന്നിയിൽ 3499ഉം കഴിഞ്ഞ വർഷത്തെ വോട്ടിൽ കുറവ് വന്നിട്ടുണ്ട്. പരമ്പരാഗത മണ്ഡലങ്ങളിൽ ചിലയിടങ്ങളിലും ചില പ്രത്യേക കാരണങ്ങളാൽ മറ്റിടങ്ങളിലും എൽഡിഎഫിന് ഉണ്ടായ വോട്ട് വർദ്ധനയാണ് കഴിഞ്ഞ തവണത്തേക്കാൾ 8.37 ലക്ഷം വോട്ട് നേടാൻ ഇടയാക്കിയത്. എന്നാൽ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 10.5 ലക്ഷം വോട്ട് മാത്രം നേടിയ എൻഡിഎ അവരുടെ വോട്ടിന്റെ എണ്ണം 30 ലക്ഷമായി ഉയർത്തുകയുണ്ടായി. ആരാണ് കേരള തെരഞ്ഞെടുപ്പിൽ നേട്ടമുണ്ടാക്കിയത്? എന്ത് ഇടതുതരംഗമാണ് സംസ്ഥാനത്ത് ഉണ്ടായിട്ടുള്ളത് ?.

### എൻഡിഎയുടെ മൽസരം സംസ്ഥാന തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കുന്നതിൽ ഒരു പങ്ക് വഹിച്ചു.

കേരളത്തിലെ തെരഞ്ഞെടുപ്പ് ഫലം സൃഷ്ടിച്ചതിൽ അവഗണിക്കാനാവാത്ത പങ്ക് വഹിച്ചത് ബിജെപി നയിച്ച ബിഡിജെഎസ് ഉൾപ്പെടുന്ന എൻഡിഎ സഖ്യത്തിന്റെ മൽസരമാണ്. സർവ്വസന്നാഹങ്ങളുമൊരുക്കിയാണ് ഇത്തവണ ബിജെപി തെരഞ്ഞെടുപ്പിൽ രംഗത്തുവന്നത്. തെരഞ്ഞെടുപ്പുപ്രചാരണത്തിൽ പണം ചെലവഴിക്കുന്നതിൽ യുഡിഎഫ് – എൽഡിഎഫ് മുന്നണികളെ കുറെ മണ്ഡലങ്ങളിൽ ഇത്തവണ ബിജെപി കടത്തിവെട്ടി. പണം കുത്തിയൊഴുക്കിയാണ് എൻഡിഎ മൽസരിച്ചത്. കേന്ദ്രഭരണത്തിന്റെ അനുകൂല ഘടകങ്ങൾ മുഴുവൻ ഉപയോഗപ്പെടുത്തി. ഇൻഡ്യൻ പ്രധാനമന്ത്രി 5 ദിവസം കേരളത്തിൽ റാലികളിൽ പ്രസംഗിച്ചു. പത്തിലേറെ അഖിലേന്ത്യാ നേതാക്കൾ കേരളത്തിൽ ഒരാഴ്ചയിലധികം ക്യാമ്പ് ചെയ്തു. വെള്ളാപ്പള്ളി നടേശന്റെ ബിഡിജെഎസ് വഴി ഔദ്യോഗിക എസ്എൻഡിപി ഒന്നടങ്കം, കെപിഎംഎസിന്റെ ഒരു ഗണ്യവിഭാഗം, ബ്രാഹ്മണരുടെ സംഘടന, സി.കെ.ജാനു വഴി ആദിവാസി പ്രാതിനിധ്യം,വിശ്വകർമ്മ സംഘടനകൾ ഇപ്രകാരം സർവ്വ ജാതി സംഘടനകളെയും സാമുദായിക ശക്തികളെയും ഏച്ചുകെട്ടി എൻഡിഎയുടെ ഒരു കേരള പതിപ്പ് ഉണ്ടാക്കി. ഉച്ഛിഷ്ടങ്ങളും ഉപഹാരങ്ങളും നൽകിയാൽ സംപ്രീതരാകുന്നവരെ അങ്ങനെയും കൂടെ കൂട്ടി. സുരേഷ് ഗോപിക്ക് രാജ്യസഭാംഗത്വം മുതൽ വെള്ളാപ്പള്ളിക്ക് ഹെലികോപ്റ്റർ വരെ നൽകി. കായികരംഗത്തുനിന്ന് ശ്രീശാന്ത്, സിനിമാരംഗത്തുനിന്ന് ഭീമൻ രഘു, സംവിധായകൻ രാജസേനൻ എന്നിവർക്കൊക്കെ അസംബ്ളി സീറ്റ്. ഇതിനെല്ലാം പുറമെ മാധ്യമങ്ങൾക്ക് നിർലോഭമായി പത്രപ്പരസ്യങ്ങൾ. അങ്ങനെ സർവ്വമാർഗ്ഗേണയും നടത്തപ്പെട്ട പ്രചണ്ഡമായ പ്രചാരണം കേരളത്തിൽ ബിജെപി വലിയ വിജയം സൃഷ്ടിക്കുമെന്ന പ്രതീതി സൃഷ്ടിച്ചു. അത്തരമൊരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങൾ പരസ്പരം മൽസരിച്ചു. ഇത്രയും ബൃഹത്തായ സന്നാഹങ്ങളോടെ മൽസരിച്ച ബിജെപിക്ക് അവർ സൃഷ്ടിച്ച പ്രതീതിക്ക് ആനുപാതികമായ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. ഇക്കഴിഞ്ഞ തദ്ദേശ സ്വയംഭരണ തെരഞ്ഞടുപ്പിൽ സൃഷ്ടിച്ച ഫലം ആവർത്തിക്കാൻ പോലും അവർക്ക് കഴിഞ്ഞില്ല. രാജ്യത്തിന്റെ പ്രധാനമന്ത്രി 5 ദിവസം ക്യാമ്പ് ചെയ്ത് നടത്തിയ പ്രവർത്തനത്തിന്റെ ഫലം ഒരു സീറ്റ് സൃഷ്ടിക്കുന്നതിൽ ഒതുങ്ങി. അത്ര ചെറുതല്ലാത്ത വിജയം സൃഷ്ടിക്കാൻ അനുകൂലമായ ഘടകങ്ങൾ ഒട്ടനവധി കൂട്ടിച്ചേർത്തിട്ടും വോട്ട് രാഷ്ട്രീയത്തിന്റെ ചേരുവകൾ പലതുണ്ടായിട്ടും ബിജെപിക്ക് വലിയ നേട്ടം നേടാനായില്ല. നേമം അസംബ്ലി മണ്ഡലത്തിലെ വിജയം കഴിഞ്ഞ മൂന്ന് പാർലമെന്റ് തെരഞ്ഞെടുപ്പിലായി ഒ.രാജഗോപാൽ നേടിയിട്ടുള്ളതാണ്. പ്രസ്തുത മണ്ഡലത്തിലെ നേട്ടം, അസംബ്ലി തെരഞ്ഞെടുപ്പിൽ ആദ്യമായി ആവർത്തിച്ചു. ഈയൊരു സീറ്റിലെ മാത്രം വിജയം സൃഷ്ടിക്കാനുള്ള പുകിലുകളല്ലല്ലോ ബിജെപി ഉണ്ടാക്കിയത്. എന്നാൽ സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് ഫലത്തെ സ്വാധീനിക്കാൻ എൻഡിഎയ്ക്ക് കഴിഞ്ഞുവെന്നത് ഒരു തർക്കമറ്റ വസ്തുതയാണ്.

കേരളത്തിൽ 61 മണ്ഡലങ്ങളിൽ എൻഡിഎ 20,000 ലധികം വോട്ട് നേടുകയുണ്ടായി എന്നതാണ് അവരുടെ എടുത്തുപറയാവുന്ന നേട്ടം. 7 മണ്ഡലങ്ങളിൽ ബിജെപി രണ്ടാം സ്ഥാനത്ത് വന്നു. അതായത് സംസ്ഥാനത്ത് ആകെ പോൾ ചെയ്ത വോട്ടിന്റെ 15.02 ശതമാനം വോട്ട് ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎ നേടി. ജനാധിപത്യമുന്നേറ്റങ്ങൾക്കും പുരോഗമന പ്രസ്ഥാനങ്ങൾക്കും സാരമായ ആഘാതം ഏൽപ്പിക്കുന്നതു തന്നെയാണ് ബിജെപിയുടെ ഈ നേട്ടം. എൻഡിഎ നേടിയ ഈ മുന്നേറ്റം യുഡിഎഫിന്റെ തെരഞ്ഞെടുപ്പ് സാധ്യതകളെ വലിയ തോതിൽ പ്രതികൂലമായി ബാധിച്ചുവെന്നതാണ് യാഥാർത്ഥ്യം.

യുഡിഎഫ് ഭരണത്തോടുള്ള അസംതൃപ്തിയും കാടിളക്കിയുള്ള എൻഡിഎ പ്രചാരണവും വലതുപക്ഷ മാധ്യമങ്ങളുടെ മോദിസ്തുതിയും ബിഡിജെഎസിന്റെ സാമുദായിക അടിത്തറയും പരമ്പരാഗതമായി യുഡിഎഫ് ചേരിക്ക് വോട്ടുചെയ്തുവരുന്ന ഗണ്യമായ ഒരു വിഭാഗത്തെ ബിജെപി സഖ്യത്തിന് വോട്ടുചെയ്യാൻ പ്രേരിപ്പിക്കുകയാണുണ്ടായത്. ഇടതുചേരിയിൽ നിന്നും വോട്ട് ബിജെപി പാളയത്തിലേയ്ക്ക് പോയിട്ടുണ്ടെങ്കിലും അത് യുഡിഎഫിനുണ്ടായ നഷ്ടത്തോളം വരില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സിറ്റിംഗ് സീറ്റുകളിൽ 14 എണ്ണത്തിൽ യുഡിഎഫിനുണ്ടായ പരാജയം പ്രകടമായും എൻഡിഎ സഖ്യം ആകർഷിച്ചെടുത്ത വലതുവോട്ടുകൾ വഴിയാണുണ്ടായിട്ടുള്ളത്. കാട്ടാക്കടയും ചെങ്ങന്നൂരും ആറന്മുളയും ഇരിങ്ങാലക്കുടയും തൃശൂരും അതിന്റെ വ്യക്തമായ

*(ശേഷം 4–ാം പേജിൽ)*

**ഒരു മുന്നണിയോടും അത്യാവേശകരമായ അനുകൂലവികാരത്തിന്റെയോ അമിതപ്രതീക്ഷയുടെയോ മനോഭാവം ബാഹ്യമായി പ്രകടിപ്പിക്കാതെ ഒരു നിർവ്വികാരതയോടെ ജനങ്ങൾ വോട്ടുചെയ്തു. യുഡിഎഫിന്റെ നയങ്ങളെ തിരുത്തുന്ന ഒരു ശക്തിയെന്നനിലയിൽ എൽഡിഎഫിനെ കാണാൻ ജനങ്ങൾക്ക് കഴിയുമായിരുന്നില്ല. യുഡിഎഫിന്റെ ഭരണത്തോടുള്ള അതൃപ്തിയും രോഷവും ജനങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ആ രോഷത്തിൽനിന്നും ഉടലെടുക്കുന്ന വോട്ടിന് എൽഡിഎഫ് അർഹരാണെന്ന ബോദ്ധ്യം ജനങ്ങൾക്കുണ്ടായിരുന്നുമില്ല. (മൂന്നാമതൊരു ശക്തിയെ തേടാൻ ജനങ്ങളെ നിർബന്ധിതരാക്കുന്ന ഈ സാഹചര്യമാണ് ബിജെപിയുടെ വോട്ടുവർദ്ധനയ്ക്കുള്ള ഘടകങ്ങളിലൊന്നായി മാറിയത്) ജനങ്ങൾ ഒരു ഗതികേടിന്റെയും നിസ്സാഹയതയുടെയും പിടിയിലായിരുന്നു. ഒരു തീരുമാനമില്ലായ്മയുടെ നിസ്സംഗത അന്ത്യംവരെയും ജനങ്ങളുടെ നിലപാടിൽ പ്രകടമായിരുന്നു. മറുവശത്ത് സർവ്വസന്നാഹങ്ങളോടെ ബിജെപി നയിച്ച എൻഡിഎനടത്തിയ പ്രചാരണം അവർ ഒരു പ്രബലരാഷ്ട്രീയ ശക്തിയായി ഉയർന്നുവരുമോയെന്ന ഭീതി വ്യാപകമായി ജനാധിപത്യ–പുരോഗമന വിശ്വാസികൾക്കിടയിലും ന്യൂനപക്ഷസമുദായങ്ങൾക്കിടയിലും സൃഷ്ടിക്കപ്പെട്ടു. അങ്ങനെ ഒരളവ് വരെയുള്ള ഭരണവിരുദ്ധവികാരവും വർഗ്ഗീയശക്തികൾ രംഗം കൈയടക്കുമോയെന്ന ഭീതിയും വിജയം എൽഡിഎഫിന് ദാനമായി നൽകുകയാണുണ്ടായത്. തങ്ങളുടെ വോട്ടിന് എൽഡിഎഫിന് അർഹത ഉണ്ടെന്ന് ജനങ്ങൾ വിലയിരുത്തിയതുകൊണ്ടല്ല മറിച്ച് നിവൃത്തികേടുകൊണ്ട് വോട്ടുനൽകാൻ ജനങ്ങൾ നിർബന്ധിതരാവുകയാണുണ്ടായത്. വമ്പിച്ചതോതിലുള്ള എൽഡിഎഫ് അനുകൂലവോട്ടിംഗ് എന്നതിലുപരി യുഡിഎഫിനും ബിജെപിക്കുമെതിരായ വിധിയെഴുത്തെന്നതായിരുന്നു ജനങ്ങളുടെ മനോഭാവം.**

# എൽഡിഎഫിന്റെ വിജയത്തെ വിലയിരുത്തേണ്ടതെങ്ങനെ?

*(3 -ാം പേജിൽ നിന്ന്)*

ഉദാഹരണങ്ങളാണ്. കഴിഞ്ഞ തവണ എൽഡിഎഫുമായി ചെറിയ മാർജിനിൽ യുഡിഎഫ് പരായപ്പെട്ട മറ്റൊരു 13 മണ്ഡലങ്ങളിലെ പരാജയവും എൻഡിഎയുടെ ശക്തമായ സാന്നിദ്ധ്യം വഴി ഉണ്ടായവയാണ്. യുഡിഎഫ് ജയിച്ച 47 മണ്ഡലങ്ങളിൽ 36 ഇടത്തും എൻഡിഎയുടെ വോട്ട് 15000 ത്തിൽ താഴെ മാത്രമാണ്. അതായത് എവിടെയൊക്കെ എൻഡിഎ സഖ്യത്തിന് വോട്ടുവർദ്ധിച്ചുവോ അവിടെയൊക്കെ യുഡിഎഫ് പരാജയപ്പെടുകയാണുണ്ടായിട്ടുള്ളത്.

**യുഡിഎഫിന്റെ ജനദ്രോഹകരമായ വലതുപക്ഷ നയങ്ങൾക്കെതിരെയുള്ള വിശ്വസനീയമായ നേതൃത്വമായി ഉയർന്നുവരുന്നതിൽ കേരളത്തിലെ ഇടതു ജനാധിപത്യമുന്നണി പരാജയപ്പെടുന്നു.**

യുഡിഎഫ് വോട്ട് മറിച്ചുനൽകി, യുഡിഎഫ് - ബിജെപി രഹസ്യ ധാരണ എന്നൊക്കെയുള്ള ലളിത സമവാക്യം കൊണ്ട് വിശദീകരിക്കാവുന്ന ഒന്നല്ല ബിജെപി നേടിയിട്ടുള്ള മുന്നേറ്റം. യുഡിഎഫ് ഭരണത്തോട് പ്രത്യേകിച്ചും, യുഡിഎഫ് രാഷ്ട്രീയത്തോട് പൊതുവിലും അസംതൃപ്തിയുള്ള ഗണ്യമായ ഒരു വിഭാഗത്തിന്റെ വോട്ട് ബിജെപിക്ക് ആകർഷിക്കാൻ കഴിയുന്നുവെന്ന ആപത്കരമായ വശം കാണാതെയുള്ള വിശദീകരണമാണിത്. കേരളത്തിൽ യുഡിഎഫ് - എൽഡിഎഫ് ഒത്തുതീർപ്പ് രാഷ്ട്രീയമാണ് നിലനിൽക്കുന്നതെന്നും സംസ്ഥാനത്തിന്റെ പുരോഗതിക്ക് അതാണ് തടസ്സമെന്നുമുള്ള സമൂഹത്തിന്റെ പൊതുചിന്താഗതിയെ ബിജെപി പ്രയോജനപ്പെടുത്തുന്നു എന്നതാണ് അതിലെ ആപത്ത്. യുഡിഎഫിന്റെ ജനദ്രോഹകരമായ വലതുപക്ഷ നയങ്ങൾക്കെതിരെയുള്ള വിശ്വസനീയമായ നേതൃത്വമായി ഉയർന്നുവരുന്നതിൽ കേരളത്തിലെ ഇടതു ജനാധിപത്യമുന്നണി പരാജയപ്പെടുന്നുവെന്നാണ് അത് വ്യക്തമാക്കുന്നത്. ജീർണ്ണവും അഴിമതിയിൽ മുങ്ങിയതുമായ കോൺഗ്രസ്സ് രാഷ്ട്രീയത്തിനെതിരെയുള്ള വികാരത്തെ പ്രതിനിധാനം ചെയ്യാൻ താൽക്കാലികമായെങ്കിലും ബിജെപിക്ക് കഴിഞ്ഞു എന്നതാണ് വടക്കേ ഇൻഡ്യയിൽ ശക്തമായ മുന്നേറ്റം സൃഷ്ടിക്കാൻ അവർക്ക് അവസരം നൽകിയത്. അവിടങ്ങളിൽ ശരിയായ ജനകീയ സമരബദൽ വളർത്താൻ ഇടതുപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞില്ല എന്നത് അതീവഗൗരവമുള്ള വീഴ്ചയാണ്. ഇടതുപ്രസ്ഥാനങ്ങൾക്ക് അവിടെ മതിയായ അടിത്തറയില്ല എന്ന മുടന്തൻ ന്യായം പറയാമെങ്കിൽ കേരളത്തിന്റെ സാഹചര്യം അതല്ലല്ലോ. ഇടതുപക്ഷ - പുരോഗമന ആശയങ്ങൾക്ക് ശക്തമായ വേരോട്ടമുള്ള ഈ മണ്ണിൽ കോൺഗ്രസ്സിന്റെ ജീർണ്ണ രാഷ്ട്രീയത്തിനെതിരെയുള്ള വികാരത്തെ പരിമിതമായ തോതിലെങ്കിലും പ്രതിനിധാനം ചെയ്യാൻ ബിജെപിക്ക് എന്തുകൊണ്ട് കഴിയുന്നുവെന്ന് ഗൗരവപൂർവ്വമുള്ള പരിശോധനയ്ക്ക് സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങൾ തയ്യാറാകണം. വസ്തുനിഷ്ഠമായ ഒരു പരിശോധനയിലൂടെ യഥാർത്ഥ കാരണങ്ങൾ കണ്ടെത്തി അവ ഇല്ലായ്മ ചെയ്യാൻ കേരളത്തിലെ ഇടതുപ്രസ്ഥാനങ്ങൾ തയ്യാറാവുന്നില്ലെങ്കിൽ ബിജെപിയുടെ ഫാസിസ്റ്റ് രാഷ്ട്രീയം സംസ്ഥാനത്ത് കൂടുതൽ വേരുറപ്പിക്കാൻ ഇടയാക്കുമെന്ന് ഞങ്ങൾ ഓർമ്മപ്പെടുത്തുന്നു.

ഏതു രാഷ്ട്രീയസാഹചര്യത്തിലും ഇളകാത്ത, വലിയ വോട്ടിന്റെ ഫിക്സഡ് ഡപ്പോസിറ്റ് ഏതെങ്കിലും ഒരു മുന്നണിക്ക് ഉണ്ടെന്ന വിലയിരുത്തൽ എസ്‌യുസിഐ(സി)ക്കില്ല. രാഷ്ട്രീയ കക്ഷികളുടെ സജീവ പ്രവർത്തകരും അണികളുമായ ഒരു ചെറിയ വിഭാഗം വോട്ടർമാർ, പരമ്പരാഗതമായി ഒരു നിശ്ചിത ചേരിയ്ക്ക് മാത്രമായി വോട്ടു ചെയ്തുവരുന്ന വലിയൊരു വിഭാഗം സാധാരണജനങ്ങൾ, ഓരോ തെരഞ്ഞെടുപ്പിലും ചേരി മാറി വോട്ടു ചെയ്യുന്ന ഒരു ചെറിയ വിഭാഗം എന്നിങ്ങനെയാണ് കേരളത്തിലെ വോട്ടർമാരുടെ ഘടന. ഇതിൽ ആദ്യത്തെ വിഭാഗം സാധാരണ സാഹചര്യത്തിൽ ചേരി മാറി വോട്ടു ചെയ്യാറില്ല. രാഷ്ട്രീയ സാഹചര്യത്തിൽ വരുന്ന മാറ്റം, എണ്ണത്തിൽ ഏറ്റവും കൂടിയ രണ്ടാമത്തെ വിഭാഗത്തിന്റെ നിലപാടിനെ സ്വാധീനിക്കാറുണ്ടെന്നതിനാലാണ് ഫിക്സഡ് ഡപ്പോസിറ്റ് ഇല്ല എന്ന് സൂചിപ്പിച്ചത്. മൂന്നാമത്തെ ചെറിയ വിഭാഗമാണ് കേരളത്തിൽ തെരഞ്ഞെടുപ്പ് ഫലം നിർണ്ണയിക്കാറുള്ളത്. അതുകൊണ്ടാണ് ജയിക്കുന്ന മുന്നണിയും പരാജയപ്പെടുന്ന മുന്നണിയും തമ്മിലുള്ള വോട്ട് വ്യത്യാസം എപ്പോഴും കേരളത്തിൽ 2 മുതൽ 4 ശതമാനം വരെയായിരിക്കുന്നത്. എന്നാൽ ഇത്തവണ ഈ പരമ്പരാഗത വോട്ടിംഗ് പാറ്റേണിൽ അത്ര ചെറുതല്ലാത്ത ഒരു മാറ്റം കൊണ്ടുവരത്തക്കവിധം കടന്നുകയറ്റം നടത്താൻ ബിജെപി കഴിഞ്ഞു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ സവിശേഷതയും ആപത്സൂചനയും. സിപിഐ(എം)ന്റെ സജീവ പ്രവർത്തകരും അണികളുമായിട്ടുള്ള ഒരു ചെറിയ വിഭാഗം ആളുകൾ ക്രമേണ ബിജെപിയുടെ പ്രവർത്തകരായി മാറുന്നുവെന്നത് സമീപകാല കേരളം സംസ്ഥാനമെമ്പാടും ദർശിക്കുന്ന ആശങ്കാജനകമായ സാഹചര്യമാണ്. നേരത്തെതന്നെ അത് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. തെരഞ്ഞെടുപ്പ് വേളയിൽ അത് കുറച്ചുകൂടി ശക്തമാവുകയും ചെയ്തു. അതോടൊപ്പം പരമ്പരാഗത എൽഡിഎഫ് വോട്ടർമാരിലും ഈ ചേരി മാറ്റം ഇത്തവണ ഉണ്ടായിയിട്ടുണ്ടെന്നത് പ്രകടമാണ്. പുതിയ വോട്ടർമാരുടെ എണ്ണത്തിലെ വലിയ വർദ്ധനയ്ക്ക് ആനുപാതികമായ നേട്ടം എൽഡിഎഫിന് സൃഷ്ടിക്കാൻ കഴിയാതെ പോയത് ഇതുകൊണ്ടാണ്. ചുരുക്കത്തിൽ ബിജെപി മുന്നേറ്റം എൽഡിഎഫിനും ക്ഷീണമുണ്ടാക്കി എന്നുതന്നെ അർത്ഥം. ബിജെപി ഭീതി ന്യൂനപക്ഷങ്ങളിൽ സൃഷ്ടിച്ച ധ്രുവീകരണം എൽഡിഎഫിന് അനുകൂലമായി എന്നതുകൊണ്ട് ഈ ക്ഷീണം നികത്താൻ അവർക്ക് കഴിഞ്ഞു. അതേസമയം പരമ്പരാഗതമായി യുഡിഎഫിന് വോട്ടു ചെയ്തുവന്നിരുന്ന ഗണ്യമായ ഒരു വിഭാഗം ഇത്തവണ എൻഡിഎ ചേരിക്ക് അനുകൂലമായി അണിനിരക്കുകയും ചെയ്തു. ചുരുക്കത്തിൽ എൻഡിഎയുടെ മൽസരം ഇരുമുന്നണികൾക്കും ക്ഷീണമുണ്ടാക്കിയപ്പോൾ എൽഡിഎഫ് അത് ന്യൂപക്ഷ ധ്രുവീകരണത്തിലൂടെ മറികടക്കുകയും യുഡിഎഫ് അതിന് ഇരയാവുകയും ചെയ്തു. കേരളത്തിലെ തെരഞ്ഞെടുപ്പ് ഫലം രൂപപ്പെട്ടുവന്നത് ഇപ്രകാരമാണ്. അല്ലാതെ ഇടതുമുന്നണിക്ക് അനുകൂലമായ തരംഗമോ ജനവികാരത്തിന്റെ കുത്തൊഴുക്കോ ഒന്നുമുണ്ടായിട്ടില്ല. യുഡിഎഫിന്റെ പരമ്പരാഗത വോട്ടിൽ ഒരു വിഭാഗം മാറിയതിലൂടെ എൽഡിഎഫിനു തൊട്ടുപുറകിൽ നിൽക്കുന്ന യുഡിഎഫുമായുള്ള വ്യത്യാസം ഉയർന്നതുകൊണ്ടുമാത്രമാണ് ചില മണ്ഡലങ്ങളിൽ വലിയ ഭൂരിപക്ഷം രേഖപ്പെടുത്തിയത്. കഴിഞ്ഞ തവണത്തേക്കാൾ ഉയർന്ന ഭൂരിപക്ഷത്തിന് ജയിച്ച ചില മണ്ഡലങ്ങളിൽപ്പോലും എൽഡിഎഫിന് വോട്ട് കുറഞ്ഞിട്ടുണ്ടെന്നതും ഇടതുതരംഗമില്ല എന്നതിന്റെ തെളിവാണ്.

**സിപിഐ(എം)ന്റെ സജീവ പ്രവർത്തകരും അണികളുമായിട്ടുള്ള ഒരു ചെറിയ വിഭാഗം ആളുകൾ ക്രമേണ ബിജെപിയുടെ പ്രവർത്തകരായി മാറുന്നുവെന്നത് സമീപകാല കേരളം സംസ്ഥാനമെമ്പാടും ദർശിക്കുന്ന ആശങ്കാജനകമായ സാഹചര്യമാണ്. നേരത്തെതന്നെ അത് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. തെരഞ്ഞെടുപ്പ് വേളയിൽ അത് കുറച്ചു കൂടി ശക്തമാവുകയും ചെയ്തു. അതോടൊപ്പം പരമ്പരാഗത എൽഡിഎഫ് വോട്ടർമാരിലും ഈ ചേരി മാറ്റം ഇത്തവണ ഉണ്ടായിയിട്ടുണ്ടെന്നത് പ്രകടമാണ്. പുതിയ വോട്ടർമാരുടെ എണ്ണത്തിലെ വലിയ വർദ്ധനയ്ക്ക് ആനുപാതികമായ നേട്ടം എൽഡിഎഫിന് സൃഷ്ടിക്കാൻ കഴിയാതെ പോയത് ഇതുകൊണ്ടാണ്. ചുരുക്കത്തിൽ ബിജെപി മുന്നേറ്റം എൽഡിഎഫിനും ക്ഷീണമുണ്ടാക്കി എന്നുതന്നെ അർത്ഥം. ബിജെപി ഭീതി ന്യൂനപക്ഷങ്ങളിൽ സൃഷ്ടിച്ച ധ്രുവീകരണം എൽഡിഎഫിന് അനുകൂലമായി എന്നതുകൊണ്ട് ഈ ക്ഷീണം നികത്താൻ അവർക്ക് കഴിഞ്ഞു. അതേ സമയം പരമ്പരാഗതമായി യുഡിഎഫിന് വോട്ടു ചെയ്തുവന്നിരുന്ന ഗണ്യമായ ഒരു വിഭാഗം ഇത്തവണ എൻഡിഎ ചേരിക്ക് അനുകൂലമായി അണിനിരക്കുകയും ചെയ്തു. ചുരുക്കത്തിൽ എൻഡിഎയുടെ മൽസരം ഇരുമുന്നണികൾക്കും ക്ഷീണമുണ്ടാക്കിയപ്പോൾ എൽഡിഎഫ് അത് ന്യൂപക്ഷ ധ്രുവീകരണത്തിലൂടെ മറികടക്കുകയും യുഡിഎഫ് അതിന് ഇരയാവുകയും ചെയ്തു. കേരളത്തിലെ തെരഞ്ഞെടുപ്പ് ഫലം രൂപപ്പെട്ടുവന്നത് ഇപ്രകാരമാണ്. അല്ലാതെ ഇടതുമുന്നണിക്ക് അനുകൂലമായ തരംഗമോ ജനവികാരത്തിന്റെ കുത്തൊഴുക്കോ ഒന്നുമുണ്ടായിട്ടില്ല. യുഡിഎഫിന്റെ പരമ്പരാഗത വോട്ടിൽ ഒരു വിഭാഗം മാറിയതിലൂടെ എൽഡിഎഫിനു തൊട്ടുപുറകിൽ നിൽക്കുന്ന യുഡിഎഫുമായുള്ള വ്യത്യാസം ഉയർന്നതുകൊണ്ടുമാത്രമാണ് ചില മണ്ഡലങ്ങളിൽ വലിയ ഭൂരിപക്ഷം രേഖപ്പെടുത്തിയത്. കഴിഞ്ഞ തവണത്തേക്കാൾ ഉയർന്ന ഭൂരിപക്ഷത്തിന് ജയിച്ച ചില മണ്ഡലങ്ങളിൽപ്പോലും എൽഡിഎഫിന് വോട്ട് കുറഞ്ഞിട്ടുണ്ടെന്നതും ഇടതുതരംഗമില്ല എന്നതിന്റെ തെളിവാണ്.**

**കേരളത്തിൽ ബിജെപി മുന്നേറാൻ സാഹചര്യമൊരുങ്ങിയതെന്തുകൊണ്ട്?**

പുരോഗമനാശയങ്ങൾക്കും മതേതര -മാനവിക മൂല്യങ്ങൾക്കും അവഗണിക്കാനാവാത്ത സ്വാധീനമുണ്ടായിരുന്ന കേരളത്തിൽ ബിജെപിയുടെ നേതൃത്വത്തിലുള്ള പിന്തിരിപ്പൻ ശക്തികൾക്ക് ഇന്നു കാണുന്ന അളവിലുള്ള പിൻബലം രൂപപ്പെട്ടതെങ്ങനെയാണ്? കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെയായി, എവ്വിധവും സ്വാധീനമുറപ്പിക്കുന്നതിനായി സംഘപരിവാർ ശക്തികൾ അവലംബിച്ച നിന്ദ്യമായ മാർഗ്ഗങ്ങളെല്ലാം പാർലമെന്ററി രാഷ്ട്രീയ ഗണിതത്തിൽ പരാജയപ്പെടുകയാണുണ്ടായതെങ്കിലും ഒരു വിഭാഗം ജനങ്ങളിൽ വർഗ്ഗീയമായ മനോഭാവം സൃഷ്ടിക്കുന്നതിലും അതിന്റെ അടിസ്ഥാനത്തിൽ ചേരിതിരിവ് വളർത്തുന്നതിലും അവർ വിജയിച്ചതെന്തുകൊണ്ടാണ്? ഇതിന്റെ ഉത്തരം ചെന്നെത്തുക ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പരാധീനതകളിലും വീഴ്ചകളിലുമായിരിക്കും.

രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽനിന്ന് വ്യതിരിക്തമായ ജനാധിപത്യ സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും മാതൃകാപരമായ സ്ഥാനം കൈവരിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. നാലു മാസം മുമ്പ് ആർഎസ്എസിന്റെ ദേശീയ മുഖപത്രമായ ഓർഗനൈസറിൽ കേരള സംസ്ഥാനത്തിനുനേരെ ശാപവാക്കുകൾ ചൊരിഞ്ഞുകൊണ്ട് ഒരു ലേഖനം പ്രത്യക്ഷപ്പെടുകയുണ്ടായി. ഈ സംസ്ഥാനം പരിമതികളോടെയെങ്കിലും പുലർത്തുന്ന മതേതര സാഹോദര്യവും ജനൈക്യവും സംഘപരിവാറിന്റെ അജണ്ട നടപ്പാക്കുന്നതിൽ വലിയ വിഘ്നം സൃഷ്ടിക്കുന്നുവെന്നതിനാലാണ് ഈ കൊച്ചുസംസ്ഥാനത്തോട് അവർ ഈറയും പകയും പ്രദർശിപ്പിക്കുന്നത്. സ്വതന്ത്ര ഭാരതത്തിൽ കഴിഞ്ഞ ഏഴുപതിറ്റാണ്ടായി ഒരിക്കലും ഉണങ്ങാത്ത വ്രണങ്ങൾ സൃഷ്ടിച്ച, നൂറുകണക്കിന് സാധാരണ ജനങ്ങളെ ചുട്ടുകൊല്ലുന്ന മതസംഘർഷങ്ങളുടെയും ജാതികലാപങ്ങളുടെയും മണ്ണായ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമാണ് ഈ കേരളം. ഇപ്രകാരമൊരു നാടിനെ രൂപപ്പെടുത്തിയത് കേരളത്തിന്റെ നവോത്ഥാനപ്രസ്ഥാനമാണ്. ദേശീയ നവോത്ഥാന പ്രസ്ഥാനം സമൂഹത്തിന്റെ മുകളിൽനിന്ന് രൂപപ്പെട്ട് താഴേയ്ക്ക് അരിച്ചിറങ്ങിയപ്പോൾ കേരളത്തിൽ അത് താഴേത്തട്ടിൽനിന്നും ഉദിച്ചുയർന്ന് സമൂഹത്തെ ആകെ സ്വാധീനിക്കുന്ന മഹാപ്രസ്ഥാനമായി മാറി. മഹാന്മാരായ ശ്രീനാരായണഗുരുവും അയ്യൻകാളിയും പിന്നെ ഒട്ടനവധി പ്രതിഭകളും രൂപപ്പെടുത്തിയ പ്രബുദ്ധതയുടെ സ്വാധീനത്തിന്റെ പ്രഭയിൽ കേരളീയസമൂഹം പുതിയ ഒന്നായി മാറി. ആദ്യകാലങ്ങളിൽത്തന്നെ രൂപപ്പെട്ട പൊതുവിദ്യാഭ്യാസ സംവിധാനമാകട്ടെ ഈ മുന്നേറ്റത്തെ വലിയ തോതിൽ ത്വരിതപ്പെടുത്തി. അങ്ങനെ ജാതി-മതഭ്രാന്തിനെതിരെയുള്ള ശക്തമായ പ്രതിരോധമായി നവോത്ഥാന പ്രസ്ഥാനത്തിന്റെ സ്വാധീനം പ്രവർത്തിച്ചു.

**കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ അംഗബലമുണ്ടെന്ന് അവകാശപ്പെടുമ്പോഴും 91 സീറ്റിലെ വിജയത്തെ സംബന്ധിച്ച് ഊറ്റംകൊള്ളുമ്പോഴും ജനങ്ങൾക്കിടയിൽ ഇടതുപക്ഷ-പുരോഗമന മനോഘടനയുടെയും മതേതര മനോഭാവത്തിന്റെയും സ്വാധീനത്തിന്റെ സ്ഥിതിയെന്താണ്? ഒരു രാഷ്ട്രീയ ശക്തിയായി ഇന്നും ഇടതുപക്ഷം നിലനിൽക്കുമ്പോൾ പൊതുചിന്താമണ്ഡലത്തിൽ ഇടതുമൂല്യങ്ങൾക്കും ജീവിതവീക്ഷണത്തിനും വലിയ തോതിൽ സ്വാധീനം നഷ്ടപ്പെട്ടു കഴിഞ്ഞുവെന്നത് സന്ദേഹരഹിതമായ ഒരു വസ്തുതയാണ്. ജനങ്ങൾ പഴയ കാലചിന്താഗതികളിലേക്ക് മടങ്ങുകയാണ്. ഗണിക്കത്തക്ക ഒരു വിഭാഗം ജനങ്ങൾ വർഗ്ഗീയമായ ചിന്താഗതികളുടെ വാഹകരായി മാറിയിരിക്കുന്നു. സംഘപരിവാർ ശക്തികൾക്കുള്ളിലെന്ന പോലെ പുറത്തും അവരുടെ ആപൽക്കരമായ മനോഘടന പേറുന്ന ആളുകളുടെ എണ്ണം ക്രമേണ വർദ്ധിക്കുന്നുവെന്നത് ആശങ്കാജനകമാണ്. പൊതുരംഗത്ത് വർഗ്ഗീയതയ്ക്കും മതാന്ധതയ്ക്കുമെതിരെയുള്ള ജനാധിപത്യമനോഭാവത്തിന്റെ പ്രതിരോധം ക്രമേണ ദുർബ്ബലമാകുന്നു. ദൈനംദിന ജീവിതത്തിൽ മതബോധം ശക്തമായി തിരിച്ചുവരുന്നു. പരസ്യമല്ലാത്ത വേദികളിൽ മതവിദ്വേഷവും മതചായ്‌വും പ്രകടിപ്പിക്കുന്ന പരാമർശങ്ങൾ നടത്തുന്ന ഇടത് അണികളുടെ എണ്ണം കൂടി വരുന്നു. ന്യൂനപക്ഷങ്ങൾ അനർഹമായത് നേടിയിട്ടുണ്ട് എന്ന സിപിഐ സംസ്ഥാന സെക്രട്ടറിയുടെ പ്രസ്താവന ആ പാർട്ടിക്കുള്ളിൽ ബലം നേടുന്ന ചിന്താഗതിയുടെ പ്രതിഫലനം കൂടിയാണ്.**

എന്നാൽ ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ ചരിത്രപരമായ തുടർച്ച ഉണ്ടാകാതെ പോയി എന്നത് സംസ്ഥാനത്തിന്റെ ജനാധിപത്യസമൂഹസൃഷ്ടിയിൽ സംഭവിച്ച അടിസ്ഥാനപരമായ ഒരു വൈകല്യമായിരുന്നു. ജനാധിപത്യമൂല്യങ്ങളെ സ്ഥാപിക്കാനും പരിപാലിക്കാനും ശക്തിപ്പെടുത്താനും അവധാനതയോടെ വളർത്തിയെടുക്കേണ്ടിയിരുന്ന ഉന്നതമായ ജനാധിപത്യ പ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ഇടതുപക്ഷം എന്ന് വിളിക്കപ്പെട്ടിരുന്നവർ പരാജയപ്പെട്ടതാണ് അതിന്റെ പ്രധാന കാരണം. ആധുനിക ജനാധിപത്യ സമൂഹമായി വളർന്നുമുന്നേറുന്നതിൽ ഈ പരാധീനത ഒരു വിഘ്നമായി പിന്നീട് ഭവിച്ചു. വീറുറ്റ ഒരു ട്രേഡ് യൂണിയൻ പ്രവർത്തനത്തിനപ്പുറത്തേക്ക് ഇടതുപക്ഷ പ്രവർത്തനത്തെ നയിക്കാൻ അവർക്ക് കഴിഞ്ഞില്ല.

*(ശേഷം 5 -ാം പേജിൽ)*

# എൽഡിഎഫിന്റെ വിജയത്തെ വിലയിരുത്തേണ്ടതെങ്ങനെ?

(4 -ാം പേജിൽ നിന്ന്)

അവകാശബോധത്തിലധിഷ്ഠിതമായ ഇടതുപക്ഷമനോഭാവവും ആത്മാഭിമാനവും വളർത്താൻ ഇത് സഹായിച്ചെങ്കിലും ഉന്നതമായ ജനാധിപത്യസംസ്കാരം സൃഷ്ടിക്കാൻ അവർക്ക് കഴിയാതെ പോയി.

**ഇടതുപക്ഷം ശക്തിനേടുമ്പോൾ അതിന്റെ ചലനം സമൂഹത്തിൽ ദൃശ്യമാകാത്തത് കൃത്യമായും രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു. ഒന്ന് ഇടതെന്ന് മേനി നടിക്കുന്നവർ കയ്യാളുന്നത് ഇടതുരാഷ്ട്രീയമല്ല. രണ്ട് വർഗ്ഗീയതയെ നേരിടാനെന്ന പേരിൽ നടത്തുന്ന എല്ലാ നടപടികളും സമൂഹത്തിലെ അറുപഴഞ്ചൻ ധാരണകളെയും വിശ്വാസങ്ങളെയും ഉറപ്പിക്കുന്നു. അതിന്റെ സ്വാഭാവിക ഫലമാണ് സംഘപരിവാർ ശക്തികളുടെ മുന്നേറ്റം. ഇടതുപക്ഷത്തിന്റെ വിജയം തൊലിപ്പുറമേയുള്ള പ്രതിഭാസം മാത്രമാണ്. മറുവശത്ത് ശക്തി നേടുന്നത് സംഘപരിവാറിന്റെ വളർച്ചയ്ക്ക് അനുകൂലമായ മനോഘടനയാണ്. ഏറ്റവും പരമപ്രധാനമായ ഈ വസ്തുത മനസ്സിലാക്കി, ഇടതെന്ന പേരുവഹിക്കുന്നവർ ആ പേരിനോട് നീതി പുലർത്തിക്കൊണ്ട്, സാമൂഹ്യപ്രശ്നങ്ങളെ മതാതീതമായി വിലയിരുത്താനും ശാസ്ത്രീയമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചുറ്റുപാടുകളെ വീക്ഷിക്കാനും ജനങ്ങളെ പരിശീലിപ്പിക്കണം. അതിനായുള്ള അതിവിപുലമായ ജനാധിപത്യവിദ്യാഭ്യാസത്തിന്റെ പ്രവർത്തനപദ്ധതി ആവിഷ്കരിക്കണം. ഈ രാഷ്ട്രീയ വിദ്യാഭ്യാസത്തിന്റെ പരിശീലനവേദി, ഉന്നതമായ ജനകീയ സമരങ്ങളാണെന്ന് തിരിച്ചറിഞ്ഞ് അവ സംഘടിപ്പിക്കാൻ മുഴുവൻ കർമ്മശക്തിയും വിനിയോഗിക്കണം. അല്ലാതെ തെരുവിൽ ആർഎസ്എസുകാരനെ വെട്ടിവീഴ്ത്തി ഫാസിസ്റ്റ് രാഷ്ട്രീയത്തെ പ്രതിരോധിക്കാനാവില്ല എന്ന് ഇനിയെങ്കിലും തിരിച്ചറിയണം. കഴിഞ്ഞ നാൽപ്പത് വർഷമായി തുടരുന്ന ജനാധിപത്യവിരുദ്ധമായ ഈ ശൈലിയുടെ ഫലമായി ബിജെപി തളരുകയായിരുന്നില്ല എന്ന് ഈ വൈകിയ വേളയിലെങ്കിലും സിപിഐ(എം) നേതൃത്വം തിരിച്ചറിയണം.**

സംസ്ഥാന രൂപീകരണത്തിനുശേഷം ദൈനംദിന രാഷ്ട്രീയവ്യവഹാര മണ്ഡലത്തിൽ ജനാധിപത്യമൂല്യങ്ങൾ പ്രയോഗതലത്തിൽ പകർത്താനും കമ്യൂണിസ്റ്റ് എന്ന ലേബലണിഞ്ഞവർക്ക് കഴിഞ്ഞില്ല. ജനാധിപത്യത്തിന്റെ കേന്ദ്രബിന്ദുവെന്ന നിലയിൽ എതിരഭിപ്രായങ്ങളോട് ആദരവാർന്ന സഹിഷ്ണുത കാട്ടാൻ അവർ പൂർണ്ണമായും പരാജയപ്പെട്ടു. എതിർക്കുന്നവരെ കായികമായിപ്പോലും വകവരുത്തുന്ന ജനാധിപത്യവിരുദ്ധമായ സംസ്കാരം അവർ സംഘടിതമായി നടപ്പാക്കി. കഴിഞ്ഞ നാലുപതിറ്റാണ്ടായി സംഘപരിവാറിന്റെ രാഷ്ട്രീയത്തെ ആശയപരമായി നേരിടുന്നതിനുപകരം അവലംബിച്ചത് കായികമായ ഏറ്റുമുട്ടലിന്റെ മാർഗ്ഗമായിരുന്നു. ആരോഗ്യകരമായ സംവാദം ഉണ്ടായിവരരുതെന്ന് ആഗ്രഹിക്കുന്ന സംഘപരിവാർ ശക്തികൾക്ക് അത് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു. എത്ര പ്രകോപനമുണ്ടായാൽപ്പോലും ജനാധിപത്യത്തിന്റെ കാതലായ ആശയസംവാദത്തിന്റെ പാത കൈവെടിയാതെ നിലകൊള്ളുന്നതിലൂടെ മാത്രമേ ഫാസിസ്റ്റുകളെ തുറന്നുകാട്ടാൻ കഴിയൂ. ഈ വിലപ്പെട്ട പാഠം സിപിഐ -സിപിഐ(എം) പ്രസ്ഥാനങ്ങൾ വിസ്മരിച്ചതാണ് കേരളത്തിൽ സംഘപരിവാർ ശക്തികൾക്ക് കടന്നുവരാൻ വഴിയൊരുക്കി. സിപിഐ (എം)ന്റെ ജനാധിപത്യധ്വംസനവും ക്രൂരതകളും എണ്ണിപ്പറഞ്ഞുകൊണ്ട് സ്വന്തം ജനാധിപത്യവിരുദ്ധത മറച്ചുവയ്ക്കാൻ ബിജെപിക്ക് ഇത് അവസരമൊരുക്കി.

പ്രബുദ്ധമായ ജനകീയസമരത്തിന്റെ രാഷ്ട്രീയം, ഇടതെന്ന പേരു വഹിക്കുന്നവർ കൈവെടിഞ്ഞതിലൂടെ രാഷ്ട്രീയരംഗത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ശൂന്യതയുടെ ഇടത്തേക്കാണ് ബിജെപി കടന്നുവരാൻ പരിശ്രമിക്കുന്നത്. ശരിയായ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട്, സത്യസന്ധമായ നേതൃത്വത്തിൻ കീഴിൽ, ജനതാൽപ്പര്യത്തെ കലവറയില്ലാതെ പ്രതിനിധാനം ചെയ്യുന്ന ജനകീയസമരങ്ങൾ വളർത്തിയെടുക്കാനാണ് ഇടതുപ്രസ്ഥാനങ്ങൾ ശ്രമിക്കേണ്ടത്. പ്രസ്തുത സമരരംഗത്ത് വൈകാരികമായി സൃഷ്ടിക്കപ്പെടുന്ന സാഹോദര്യവും ഐക്യവും ഒരു വിധത്തിലും വർഗ്ഗീയ ശക്തികൾക്ക് തകർക്കാനാവില്ല. ഒപ്പം സമരരംഗത്തുനിന്ന് ലഭിക്കുന്ന ഉയർന്ന രാഷ്ട്രീയവിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധതയും യുക്തിബോധവും വിശകലനശേഷിയും ആർജ്ജിക്കാനും ജനങ്ങൾക്ക് കഴിയും. ചുരുക്കത്തിൽ വർഗ്ഗീയതയെയും അതിന്റെ പ്രചാരകരെയും നേരിടാനുള്ള ഏറ്റവും ശക്തമായ ആയുധം ജനാധിപത്യസമരങ്ങളാണ്. അവയുടെ അഭാവമാണ് ബിജെപിയെപ്പോലുള്ള ശക്തികൾക്ക് വളക്കൂറുള്ള മണ്ണായി ഈ സംസ്ഥാനത്തെ മാറ്റിയത്.

സംഘപരിവാർ ശക്തികളെ നേരിടാനുള്ള മാർഗ്ഗങ്ങളെന്ന നിലയിൽ സിപിഐ(എം) ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ, അന്ധവിശ്വാസവും യുക്തിരാഹിത്യവും ശാസ്ത്രവിരുദ്ധതയുമാണ് ഉറപ്പിക്കുന്നത്. ഇതാകട്ടെ ബിജെപിയുടെ അറുവഷളൻ ആശയഗതികൾക്ക് കരുത്തുപകരുകയും ചെയ്യുന്നു. വർഗ്ഗീയതയെ നേരിടാനെന്ന പേരിൽ ശ്രീകൃഷ്ണ ജയന്തി ആഘോഷവും ഗണേശോൽസവവും ഊട്ടുപുരയുദ്ഘാടനവും ഹിന്ദു പാർലമെന്റിലെ പ്രഭാഷണവും സംഘടിപ്പിക്കുന്നത് സംഘപരിവാറിന്റെ മനോഘടനയെ സമൂഹത്തിൽ ദൃഢമാക്കുന്ന നടപടിയാണ്.

കേരളത്തിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ അംഗബലമുണ്ടെന്ന് അവകാശപ്പെടുമ്പോഴും 91 സീറ്റിലെ വിജയത്തെ സംബന്ധിച്ച് ഊറ്റംകൊള്ളുമ്പോഴും ജനങ്ങൾക്കിടയിൽ ഇടതുപക്ഷ-പുരോഗമന മനോഘടനയുടെയും മതേതര മനോഭാവത്തിന്റെയും സ്വാധീനത്തിന്റെ സ്ഥിതിയെന്താണ്? ഒരു രാഷ്ട്രീയ ശക്തിയായി ഇന്നും ഇടതുപക്ഷം നിലനിൽക്കുമ്പോൾ പൊതുചിന്താമണ്ഡലത്തിൽ ഇടതുമൂല്യങ്ങൾക്കും ജീവിതവീക്ഷണത്തിനും വലിയ തോതിൽ സ്വാധീനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നത് സന്ദേഹരഹിതമായ ഒരു വസ്തുതയാണ്. ജനങ്ങൾ പഴയ കാലചിന്താഗതികളിലേക്ക് മടങ്ങുകയാണ്. ഗണിക്കത്തക്ക ഒരു വിഭാഗം ജനങ്ങൾ വർഗ്ഗീയമായ ചിന്താഗതികളുടെ വാഹകരായി മാറിയിരിക്കുന്നു. സംഘപരിവാർ ശക്തികൾക്കുള്ളിലെന്ന പോലെ പുറത്തും അവരുടെ ആപൽക്കരമായ മനോഘടന പേറുന്ന ആളുകളുടെ എണ്ണം ക്രമേണ വർദ്ധിക്കുന്നുവെന്നത് ആശങ്കാജനകമാണ്. പൊതുരംഗത്ത് വർഗ്ഗീയതയ്ക്കും മതാന്ധതയ്ക്കുമെതിരെയുള്ള ജനാധിപത്യമനോഭാവത്തിന്റെ പ്രതിരോധം ക്രമേണ ദുർബ്ബലമാകുന്നു. ദൈനംദിന ജീവിതത്തിൽ മതബോധം ശക്തമായി തിരിച്ചുവരുന്നു. പരസ്യമല്ലാത്ത വേദികളിൽ മതവിദ്വേഷവും മതചായ്‌വും പ്രകടിപ്പിക്കുന്ന പരാമർശങ്ങൾ നടത്തുന്ന ഇടത് അണികളുടെ എണ്ണം കൂടി വരുന്നു. ന്യൂനപക്ഷങ്ങൾ അനർഹമായത് നേടിയിട്ടുണ്ട് എന്ന സിപിഐ സംസ്ഥാന സെക്രട്ടറിയുടെ പ്രസ്താവന ആ പാർട്ടിക്കുള്ളിൽ ബലം നേടുന്ന ചിന്താഗതിയുടെ പ്രതിഫലനം കൂടിയാണ്. ഇടതുപക്ഷം ശക്തിനേടുമ്പോൾ അതിന്റെ ചലനം സമൂഹത്തിൽ ദൃശ്യമാകാത്തത് കൃത്യമായും രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നു. ഒന്ന് ഇടതെന്ന് മേനി നടിക്കുന്നവർ കയ്യാളുന്നത് ഇടതുരാഷ്ട്രീയമല്ല. രണ്ട് വർഗ്ഗീയതയെ നേരിടാനെന്ന പേരിൽ നടത്തുന്ന എല്ലാ നടപടികളും സമൂഹത്തിലെ അറുപഴഞ്ചൻ ധാരണകളെയും വിശ്വാസങ്ങളെയും ഉറപ്പിക്കുന്നു. അതിന്റെ സ്വാഭാവിക ഫലമാണ് സംഘപരിവാർ ശക്തികളുടെ മുന്നേറ്റം. ഇടതുപക്ഷത്തിന്റെ വിജയം തൊലിപ്പുറമേയുള്ള പ്രതിഭാസം മാത്രമാണ്. മറുവശത്ത് ശക്തി നേടുന്നത് സംഘപരിവാറിന്റെ വളർച്ചയ്ക്ക് അനുകൂലമായ മനോഘടനയാണ്. ഏറ്റവും പരമപ്രധാനമായ ഈ വസ്തുത മനസ്സിലാക്കി, ഇടതെന്ന പേരുവഹിക്കുന്നവർ ആ പേരിനോട് നീതി പുലർത്തിക്കൊണ്ട്, സാമൂഹ്യപ്രശ്നങ്ങളെ മതാതീതമായി വിലയിരുത്താനും ശാസ്ത്രീയമായ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ചുറ്റുപാടുകളെ വീക്ഷിക്കാനും ജനങ്ങളെ പരിശീലിപ്പിക്കണം. അതിനായുള്ള അതിവിപുലമായ ജനാധിപത്യവിദ്യാഭ്യാസത്തിന്റെ പ്രവർത്തനപദ്ധതി ആവിഷ്കരിക്കണം. ഈ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ പരിശീലനവേദി, ഉന്നതമായ ജനകീയ സമരങ്ങളാണെന്ന് തിരിച്ചറിഞ്ഞ് അവ സംഘടിപ്പിക്കാൻ മുഴുവൻ കർമ്മശക്തിയും വിനിയോഗിക്കണം. അല്ലാതെ തെരുവിൽ ആർഎസ്എസുകാരനെ വെട്ടിവീഴ്ത്തി ഫാസിസ്റ്റ് രാഷ്ട്രീയത്തെ പ്രതിരോധിക്കാനാവില്ല എന്ന് ഇനിയെങ്കിലും തിരിച്ചറിയണം. കഴിഞ്ഞ നാൽപ്പത് വർഷമായി തുടരുന്ന ജനാധിപത്യവിരുദ്ധമായ ഈ ശൈലിയുടെ ഫലമായി ബിജെപി തളരുകയായിരുന്നില്ല എന്ന് ഈ വൈകിയ വേളയിലെങ്കിലും സിപിഐ(എം) നേതൃത്വം തിരിച്ചറിയണം.

മോദി സർക്കാരിന്റെ ആരോഹണത്തോടെ മതവെറിയും വർഗ്ഗീയതയും സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ആക്കം വർദ്ധിച്ചു. കേരളത്തിൽ ബിജെപിയുടെ സംഘടനാസംവിധാനത്തെ ഒന്നടങ്കം ആർഎസ്എസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലേയ്ക്ക് കൊണ്ടുവന്നു. ശക്തമായിരുന്ന ഗ്രൂപ്പ് പ്രവർത്തനത്തെ ആർഎസ്എസ് മുഷ്ടികൊണ്ട് നിശ്ശബ്ദമാക്കി. കേരളത്തിലെ എക്കാലത്തെയും വർഗ്ഗീയപ്രചാരണത്തിന്റെ ബ്രാന്റ് അംബാസഡറായിരുന്ന കുമ്മനത്തെ സംസ്ഥാന പ്രസിഡണ്ടാക്കിക്കൊണ്ട് സംഘടനയിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന മാറ്റങ്ങളുടെ ദിശ വ്യക്തമാക്കി. എസ്എൻഡിപിയുടെ ഔദ്യോഗിക നേതൃത്വത്തെ തങ്ങളുടെ പക്ഷത്തേക്ക് കൊണ്ടുവരുന്നതിൽ അവർ വിജയിച്ചു. എണ്ണത്തിന്റെ പിൻബലത്തേക്കാളുപരി സംസ്ഥാനത്തിന്റെ മഹത്തായ നവോത്ഥാന പാരമ്പര്യം സൃഷ്ടിച്ചിരുന്ന ആശയപരമായ പ്രതിരോധത്തെ ദുർബ്ബലപ്പെടുത്താനും ക്രമേണ വലിയൊരളവുവരെ തകർക്കാനും ഇത് ഇടയാക്കി. ബിജെപിയുടെ വർഗ്ഗീയ അജണ്ട നടപ്പാക്കുന്നതിൽ സാമൂഹ്യരംഗത്ത് അവർ നേരിട്ട ഏറ്റവും ശക്തമായ പ്രതിബന്ധം നവോത്ഥാനമൂല്യങ്ങളുടെ ഭേദിക്കാനാവാത്ത സ്വാധീനമായിരുന്നു. കേരളചരിത്രത്തെ വികലമായി അവതരിപ്പിച്ചും നവോത്ഥാന പ്രസ്ഥാനത്തിന്റെ ചരിത്രപരമായ പങ്കിനെ തമസ്കരിച്ചും ഈ സ്വാധീനത്തെ ഇല്ലായ്മ ചെയ്യുന്നതിൽ അവർ ഒരളവ് വരെ വിജയിച്ചു. അങ്ങനെ കഴിഞ്ഞ 40 വർഷമായി സംഘപരിവാർ നടത്തിവരുന്ന നീക്കങ്ങൾ, സ്വന്തം ജയം സൃഷ്ടിക്കാനായില്ലെങ്കിലും സംസ്ഥാനത്തിന്റെ തെരഞ്ഞെടുപ്പ് ഫലത്തെ നിർണ്ണയിക്കുന്ന സ്വാധീനത്തിലേയ്ക്ക് വളർത്താൻ കഴിഞ്ഞുവെന്നത് ഇടതുപക്ഷ -പുരോഗമന പ്രവർത്തകർ ഗൗരവത്തോടെ കാണണം.

### വർഗ്ഗീയതയെയും ജീർണ്ണമായ വലതുപക്ഷ രാഷ്ട്രീയത്തെയും പ്രതിരോധിക്കാനായി പ്രബുദ്ധമായ ജനാധിപത്യ അന്തരീക്ഷം സൃഷ്ടിക്കുക

ജനങ്ങളുടെ ഐക്യത്തിനും ജനാധിപത്യവാഴ്ചക്കും നേരെ സംഘപരിവാർ ഉയർത്തുന്ന ഭീഷണി നേരിടാൻ മഹത്തായ ഇടതുരാഷ്ട്രീയത്തിന്റെ കരുത്തുകൊണ്ടു മാത്രമേ കഴിയൂ. കോൺഗ്രസ്സ് പ്രതിനിധാനം ചെയ്യുന്ന ജീർണ്ണമായ രാഷ്ട്രീയം ഇന്ന് ജനങ്ങൾക്ക് മുമ്പിൽ തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. തെറ്റിദ്ധാരണയും വ്യാമോഹവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ബിജെപിയുടെ രാഷ്ട്രീയത്തെ സംബന്ധിച്ചാണ്. ശരിയായ ഇടതുരാഷ്ട്രീയ വിശകലനത്തിനുമുമ്പിൽ സംഘപരിവാർ ആശയങ്ങൾക്ക് പേരിനുപോലും പിടിച്ചുനിൽക്കാൻ സാധ്യമല്ല എന്നതാണ് വസ്തുതയെങ്കിലും അത് ആര് അവതരിപ്പിക്കുന്നു എന്നതാണ് പരമപ്രധാനം. സത്യസന്ധവും വിശ്വസനീയവുമായ നേതൃത്വത്തിൽ നിന്നല്ല വിശദീകരിക്കപ്പെടുന്നതെങ്കിൽ അത് ഉപരിപ്ലവമായ വാചകമടിയായി മാറും. ജനങ്ങൾ അത് പുഛിച്ച് തള്ളുകയും ചെയ്യും.

**സംഘപരിവാർ ശക്തികളെ തുറന്നുകാട്ടാൻ വളരെ അനുകൂലമായ സാഹചര്യമാണ് യഥാർത്ഥത്തിൽ ഇന്ന് നിലനിൽക്കുന്നത്. അധഃപതനവും ജീർണ്ണതയും മാത്രം സംഭാവന ചെയ്യുന്ന മുതലാളിത്തത്തിന്റെ സംരക്ഷകരായി പ്രവർത്തിക്കുന്ന ബിജെപിക്ക് എങ്ങനെ ജനങ്ങൾക്ക് മുമ്പിൽ ജനപക്ഷരാഷ്ട്രീയത്തിന്റെ വക്താക്കളാകാൻ കഴിയും. ദിനംചെല്ലുംതോറും അവരുടെ മുഖം വികൃതമായിക്കൊണ്ടിരിക്കും മുതലാളിത്ത മാധ്യമങ്ങൾ എത്ര വെള്ളപൂശാൻ ശ്രമിച്ചാലും അനിവാര്യമായ പതനത്തിൽനിന്നും ബിജെപിയെ രക്ഷിക്കാനാവില്ല. ചരിത്രപരമായ കടമ നിർവ്വഹിക്കുവാൻ ഇടതുപ്രസ്ഥാനങ്ങൾ മുന്നോട്ടുവന്നാൽ അത് സാധ്യമാണ്. കേന്ദ്രത്തിൽ അധികാരത്തിലിരുന്നുകൊണ്ട് മോദിസർക്കാർ കുത്തകകൾക്ക് വേണ്ടി മാത്രമായി നടത്തുന്ന ജനദ്രോഹഭരണത്തെ തുറന്നുകാട്ടിക്കൊണ്ട് ബിജെപിയുടെ തനിനിറം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയും. വിലക്കയറ്റം അതിരൂക്ഷമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലൂടെയും സേവന നികുതി വർധനവിലൂടെയും ചാർജ്ജ് വർദ്ധനവുകളിലൂടെയും ബിജെപി സർക്കാർ നടത്തുന്ന കുത്തിക്കവർച്ചക്ക് ദിനംപ്രതി ആക്കം കൂടുകയാണ്. വരൾച്ചയും കൃഷിത്തകർച്ചയും ഉൽപ്പന്നങ്ങളുടെ വിലയിടിവും കർഷകരെ കൊന്നൊടുക്കുന്നു. മറുവശത്ത് ആസ്തിവർദ്ധനയിൽ കുത്തകകൾ മതിമറന്ന് ആനന്ദിക്കുന്നു. യഥാർത്ഥത്തിൽ ബിജെപി ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നതെന്ന് ജനങ്ങളെ പഠിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ ഒരു സാധാരണക്കാരനും ഈ പ്രസ്ഥാനത്തിനു പിറകിൽ അണിനിരക്കില്ല. പക്ഷേ ഈ രാഷ്ട്രീയ പ്രചാരണം വിശ്വസനീയമായ നേതൃത്വമല്ല നടത്തുന്നതെങ്കിൽ ജനങ്ങൾ അതിനെ തള്ളിക്കളയുകയും ചെയ്യും.**

സംഘപരിവാർ ശക്തികളെ തുറന്നുകാട്ടാൻ വളരെ അനുകൂലമായ സാഹചര്യമാണ് യഥാർത്ഥത്തിൽ ഇന്ന് നിലനിൽക്കുന്നത്. അധ:പതനവും ജീർണ്ണതയും മാത്രം സംഭാവന ചെയ്യുന്ന മുതലാളിത്തത്തിന്റെ സംരക്ഷകരായി പ്രവർത്തിക്കുന്ന ബിജെപിക്ക് എങ്ങിനെ ജനങ്ങൾക്ക് മുമ്പിൽ ജനപക്ഷരാഷ്ട്രീയത്തിന്റെ വക്താക്കളാകാൻ കഴിയും. ദിനം ചെല്ലുംതാറും അവരുടെ മുഖം വികൃതമായിക്കൊണ്ടിരിക്കും. മുതലാളിത്ത മാധ്യമങ്ങൾ എത്ര വെള്ളപൂശാൻ ശ്രമിച്ചാലും അനിവാര്യമായ പതനത്തിൽനിന്നും ബിജെപിയെ രക്ഷിക്കാനാവില്ല. ചരിത്രപരമായ കടമ നിർവ്വഹിക്കുവാൻ ഇടതുപ്രസ്ഥാനങ്ങൾ മുന്നോട്ടുവന്നാൽ അത് സാധ്യമാണ്. കേന്ദ്രത്തിൽ അധികാരത്തിലിരുന്നുകൊണ്ട് മോദി സർക്കാർ കുത്തകകൾക്ക് വേണ്ടി മാത്രമായി

(ശേഷം 15-ാം പേജിൽ)

# കപട സാമ്പത്തിക വളർച്ചയെച്ചൊല്ലിയുള്ള കോലാഹലങ്ങൾ

189 രാജ്യങ്ങൾ അംഗങ്ങളായുള്ള സംഘടനയാണ് അന്തർദേശീയ നാണ്യനിധി(ഐഎംഎഫ്). "ലോകമെമ്പാടും ദാരിദ്ര്യം കുറച്ചുകൊണ്ടുവരികയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് വലിയ ഉത്തേജനം നൽകുകയും" ചെയ്യുന്നത് അതിന്റെ പ്രഖ്യാപിത ദൗത്യങ്ങളായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, വ്യാജപ്രഖ്യാപനങ്ങൾ ചൊരിഞ്ഞ് പ്രതിസന്ധിഗ്രസ്തവും പിന്തിരിപ്പനും മരണാസന്നവുമായ മുതലാളിത്തത്തിന് സ്തുതിപാടുകയെന്നതാണ് യഥാർത്ഥത്തിൽ അതിന്റെ പണി. നിറംമങ്ങിയ ആഗോള സാമ്പത്തികരംഗത്ത് ഇന്ത്യയുടെ തിളക്കം ഇനിയും മങ്ങിയിട്ടില്ലെന്നാണ് അടുത്തിടെ ഐഎംഎഫ് പുറത്തുവിട്ട ലോകസാമ്പത്തിക അവലോകനറിപ്പോർട്ട് പറയുന്നത്. ഏറ്റവും വേഗത്തിൽ വളരുന്ന പ്രമുഖരാജ്യമാണ് ഇന്ത്യ എന്നും 2016–17 ലെ കണക്കുപ്രകാരം ഇന്ത്യയുടെ വളർച്ചാനിരക്ക് (ജിഡിപി വളർച്ച) 7.5 ശതമാനമാണെന്നും ഐഎംഎഫ് അവകാശപ്പെടുന്നു. "കുറഞ്ഞ ഊർജ്ജ വിലയും ഉയർന്ന യഥാർത്ഥവരുമാനവും മൂലം സ്വകാര്യ ഉപഭോഗം വർദ്ധിച്ചതിനാൽ ഈ വളർച്ച തുടരുമെന്നും" ഐഎംഎഫ് പ്രത്യാശിക്കുന്നു. ഐഎംഎഫ് റിപ്പോർട്ട് പുറത്തുവന്നതോടെ, ഇന്ത്യാ ഗവൺമെന്റും ഭരണമുതലാളിവർഗ്ഗത്തിന്റെ കിങ്കരന്മാരായ കോളമെഴുത്തുകാരും സാമ്പത്തികവിശാരദന്മാരുമൊക്കെ ഇത്ര 'പ്രകടമായ' വളർച്ച നേടിയതിന്റെ പേരിൽ സ്വയംപുകഴ്ത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ആരുടേതാണീ വളർച്ച? ജനങ്ങളുടെ വളർച്ചയാണോ അതോ അദ്ധ്വാനിച്ചുജീവിക്കുന്നവന്റെ അവസാനതുള്ളിച്ചോരയും ഊറ്റിയെടുത്ത് കൊള്ളലാഭമുണ്ടാക്കുന്ന വ്യവസായികളുടെയും കുത്തകകളുടെയും വളർച്ചയാണോ?

ജനങ്ങളുടെ ജീവിതനിലവാരത്തിലുണ്ടാകുന്ന ഉയർച്ച, വ്യവസായത്തിലും കൃഷിയിലും ത്വരിതഗതിയിൽ ഉണ്ടാകുന്ന ആകമാന വികാസം, ജനങ്ങളുടെ ക്രയശേഷിയിലുണ്ടാകുന്ന വർദ്ധന, ഇടിയുന്ന തൊഴിലില്ലായ്മ, രാജ്യത്തെ ഭൂരിപക്ഷംപേർക്കും അവശ്യസാധനങ്ങളും സേവനങ്ങളുമൊക്കെ ലഭ്യമാകുന്ന സ്ഥിതി തുടങ്ങിയ കാര്യങ്ങളുടെയൊക്കെ അടിസ്ഥാനത്തിലേ സാമ്പത്തിക വളർച്ച അളക്കാനാകൂ എന്നത് സുബോധമുള്ള ഏതൊരാളും അംഗീകരിക്കുന്നതാണ്. ഇപ്പറഞ്ഞ കാര്യങ്ങളുടെ സ്ഥിതിയെന്താണ്? ഭക്ഷ്യ അരക്ഷിതാവസ്ഥയെ സംബന്ധിച്ച ആഗോള പഠനം പറയുന്നത്, "ഉയർന്ന സാമ്പത്തിക വളർച്ചയെന്നാൽ ഉയർന്ന ഭക്ഷ്യഉപഭോഗം എന്നർത്ഥമാക്കാനാവില്ല. മെച്ചപ്പെട്ട ഭക്ഷണത്തിന്റെ കാര്യം പറയാനുമില്ല, പൊതുവിലുണ്ടാകുന്ന സാമ്പത്തിക വളർച്ചയിൽനിന്ന് ദരിദ്രന് കാര്യമായ നേട്ടമൊന്നുമുണ്ടാകുന്നില്ല എന്നുവേണം കരുതാൻ", എന്നത്രെ. വസ്തുതകൾ ഇത് ശരിവയ്ക്കുന്നു. ഒരു ആഗോളപഠനം പറയുന്നത് ലോകത്തെ മുഴുവൻ പേർക്കും വിശപ്പടക്കാനുള്ള ഭക്ഷണം ഉണ്ട് എന്നാണ്. തുല്യമായി ഭാഗിച്ചാൽ എല്ലാവർക്കും ആവശ്യമുള്ളത്ര ലഭിക്കുമെന്നുമാത്രമല്ല മിച്ചവും വരും. ആവശ്യമുള്ളതിനേക്കാൾ 10 ശതമാനം കൂടുതൽ ഭക്ഷ്യവസ്തുക്കൾ ലോകത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ട്. 1.2 മുതൽ 2 ബില്യൻ ടൺവരെ, അതായത് 30 മുതൽ 50 ശതമാനംവരെ ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗശൂന്യമായിപ്പോകുകയാണ്. ഇതിന്റെ നല്ല ഉദാഹരണമാണ് ഇന്ത്യ. 23 കോടിയാളുകൾ പട്ടിണികിടക്കുന്ന രാജ്യമാണ് ഇന്ത്യ. ലോകത്തുതന്നെ ഏറ്റവും കൂടുതലാണിത്. ഇതിൽത്തന്നെ 16.5 കോടി കുട്ടികളാണ് പോഷകാഹാരക്കുറവും അസുഖങ്ങളും മൂലം ശാരീരികവും ബുദ്ധിപരവുമായ ദൗർബല്യങ്ങൾ നേരിടുന്നത്. ഒരു കുട്ടിക്ക് ആരോഗ്യകരമായ വളർച്ചയ്ക്കാവശ്യമായ പോഷകങ്ങൾ നൽകാൻ ദിവസം വെറും 16 രൂപമതി. അതുപോലും നൽകാൻ ദരിദ്രരായ മാതാപിതാക്കൾക്കാകുന്നില്ല. ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സിന്റെ കണക്കുപ്രകാരം 5 ലക്ഷത്തിലേറെ കുട്ടികളാണ് അഞ്ചുവയസ്സെത്തുന്നതിനുമുമ്പ് മരിക്കുന്നത്. ഓരോ മിനിട്ടിലും ഒരു കുട്ടിവീതം മരിക്കുന്നു. കഴിഞ്ഞ 20 വർഷത്തിനിടയിൽ 3 ലക്ഷം കർഷകരാണ് ദാരിദ്ര്യം മൂലം ആത്മഹത്യചെയ്തത്. അതായത് നമ്മുടെ രാജ്യത്ത് ഓരോ 30 മിനിട്ടിലും ഒരു കർഷകൻവീതം ആത്മഹത്യചെയ്യുന്നു. "വളരുന്ന" ഇന്ത്യയിൽ മൂന്നിലൊന്നാളുകളും കടുത്ത വരൾച്ചയുടെ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. കഴിഞ്ഞ വർഷം പേമാരിയും വെള്ളപ്പൊക്കവും മൂലം രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ജനങ്ങൾക്ക് അനുഭവിക്കേണ്ടിവന്ന യാതനകൾ നമ്മൾ കണ്ടതാണ്. ബഹിരാകാശത്തേയ്ക്ക് ഉപഗ്രഹങ്ങളയയ്ക്കുന്നതിലും മിസൈലുകളുടെ സംഹാരശേഷിയെക്കുറിച്ച് ഊറ്റംകൊള്ളുന്നതിലും വ്യാപൃതരായിരിക്കുന്ന "വളരുന്ന" ഇന്ത്യയുടെ ഭരണാധികാരികൾക്കും അവരുടെ കുഴലൂത്തുകാർക്കും, മാറിമാറി വെള്ളപ്പൊക്കത്തിനും വരൾച്ചയ്ക്കും ഇരയായിക്കൊണ്ടിരിക്കുന്ന സാധാരണക്കാരുടെ യാതനകളെക്കുറിച്ച് ഒട്ടും ആശങ്കയില്ല. എല്ലാവരും "ഭാരത് മാതാ കീ ജയ്" വിളിക്കുന്നു എന്നുറപ്പാക്കുക, അല്ലെങ്കിൽ അയോദ്ധ്യയിൽ രാമക്ഷേത്രം പണിയുക, അതുമല്ലെങ്കിൽ മാഡം തുസാദ്സ് മ്യൂസിയത്തിൽ പ്രധാനമന്ത്രിയുടെ മെഴുകുപ്രതിമ സ്ഥാപിക്കുക തുടങ്ങിയവയൊക്കെയാണ് അവരെ സംബന്ധിച്ചിടത്തോളം അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ.

ജനങ്ങളുടെ 'ഉയർന്ന വരുമാനം' എന്നതാണ് മറ്റൊരു പൊള്ളത്തരം. ജനങ്ങളുടെ വരുമാനവും അവരുടെ ക്രയശേഷിയും കുത്തനെ ഇടിയുംവിധമാണ് ദാരിദ്ര്യം പടരുന്നത്. ഇത് സാമ്പത്തിക മാന്ദ്യത്തിനും കമ്പോളപ്രതിസന്ധിക്കും ഇടയാക്കുന്നു. ഗ്രാമീണഭവനങ്ങളിൽ, 5000 രൂപപോലും മാസവരുമാനമില്ലാത്തവയാണ് മുക്കാൽപങ്കുമെന്ന് അടുത്തയിടെ പ്രസിദ്ധീകരിച്ച സാമൂഹ്യ-സാമ്പത്തിക സർവ്വേ വെളിപ്പെടുത്തുന്നു. 92 ശതമാനം കുടുംബങ്ങളിലും പ്രധാനവരുമാനക്കാരന് 10,000 രൂപയിൽ താഴെയേ കിട്ടുന്നുള്ളൂ. 75 ശതമാനത്തിലും ഇത് 5000 രൂപയിൽ താഴെയാണ്. ഇത് ആയിരം രൂപമുതൽ വെറും 100 രൂപവരെയാകാം. ഇവർ യഥാർത്ഥത്തിൽ പരമദരിദ്രരാണ്. 6.68 ശതമാനം കുടുംബങ്ങൾ ഭിക്ഷാടനം നടത്തി ഉപജീവനം കഴിക്കുമ്പോൾ 4.08 ലക്ഷം കുടുംബങ്ങൾ ചപ്പുചവറുകൾ പെറുക്കി ജീവിക്കുന്നു. ഒരാളുടെ പ്രതിദിനവരുമാനം 20 രൂപ എന്ന മാനദണ്ഡം വച്ച കണക്കാക്കിയാൽ ഇന്ത്യയിൽ 77 ശതമാനംപേരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്ന് അസംഘടിത മേഖലയെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ചെയർമാനായിരുന്ന അന്തരിച്ച അർജുൻ സെൻഗുപ്ത ഒരു ദശകംമുമ്പ് കണക്കാക്കുകയുണ്ടായി. അയഥാർത്ഥമായ മാനദണ്ഡങ്ങളും മറ്റും അവതരിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം കൃത്രിമമായി കുറച്ചുകാണിക്കാൻ ഇന്ത്യാ ഗവൺമെന്റും അതിന്റെ പക്ഷം പിടിക്കുന്ന വിദഗ്ധന്മാരും കഠിനമായി പരിശ്രമിച്ചു. എന്നിട്ടും അവർക്ക് കുമിഞ്ഞുകൂടുന്ന ദാരിദ്ര്യം മൂടിവയ്ക്കാനായില്ല. എല്ലാ അടവുകളും പയറ്റിയിട്ടും 2013-ൽ ദേശീയ ഭക്ഷ്യസുരക്ഷാ ഓർഡിനൻസ് അവതരിപ്പിക്കുന്ന സമയത്ത് പ്ലാനിംഗ് കമ്മീഷൻ കണക്കാക്കിയത് ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന 67 ശതമാനം പേർക്ക് സൗജന്യനിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ ഈ പദ്ധതിക്ക് കഴിയും എന്നാണ്. ഇന്ത്യയുടെ പ്രസിഡന്റ് തന്നെ ഈ കണക്ക് ശരിവച്ചിട്ടുണ്ട്. വരുമാനം കുറയുന്നതനുസരിച്ച് ദാരിദ്ര്യംപെരുകുന്നു.,"സ്വകാര്യ ഉപഭോഗം വളർച്ചയ്ക്ക് കാരണമാകുന്നു" എന്ന അവകാശവാദം അതുകൊണ്ടുതന്നെ, പച്ചനുണയാണ്. അല്ലെങ്കിൽ ചുരുങ്ങിയപക്ഷം വെറും പൊള്ളയാണ്. ഇതിനു പുറമെ തൊഴിലില്ലായ്മയും പെരുകുകയാണ്. സത്യം മറച്ചുവയ്ക്കാൻ വേണ്ടി ഇന്ത്യ ഇതുവരെ തൊഴിലില്ലാത്തവരുടെ ഔദ്യോഗിക കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. അനൗദ്യോഗിക കണക്കുകളും മാദ്ധ്യമ റിപ്പോർട്ടുകളും പ്രകാരം 18 നും 25 നും മദ്ധ്യേ പ്രായമുള്ളവരിൽ തൊഴിൽ വൈദഗ്ദ്ധ്യം നേടിയവരടക്കം നല്ലൊരു പങ്ക് തൊഴിൽ രഹിതരാണ്. ബിരുദധാരികളിൽത്തന്നെ 32 ശതമാനംപേർക്ക് തൊഴിലില്ല. ഉത്തർപ്രദേശിൽ 369 പ്യൂൺ തസ്തികയിലേയ്ക്ക് 23 ലക്ഷം അപേക്ഷകളാണ് കിട്ടിയത് എന്ന വാർത്തയിൽനിന്നുതന്നെ അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയുടെ സ്ഥിതി മനസ്സിലാക്കാവുന്നതേയുള്ളൂ. അപേക്ഷകരിൽ 255 പേർ ഡോക്ടറേറ്റ് ഉള്ളവരും 24,969 പേർ പോസ്റ്റ് ഗ്രാജുവേറ്റുകളും 1.5 ലക്ഷം പേർ ഗ്രാജുവേറ്റുകളും ആയിരുന്നു. ഗ്രാമീണ മേഖലയിൽ വർദ്ധിച്ചുവരുന്ന ദാരിദ്ര്യം തൊഴിലില്ലായ്മയുടെ രൂക്ഷത വെളിവാക്കുന്നുണ്ട്. ഗ്രാമീണ മേഖലയിൽ പ്രച്ഛന്നമായ തൊഴിലില്ലായ്മ എന്നൊരു പ്രതിഭാസവുമുണ്ട്. ആവശ്യമുള്ളതിനേക്കാൾ വളരെക്കൂടുതൽ പേർ മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ ഓരോ തൊഴിൽ മേഖലയിലും അടിഞ്ഞുകിടക്കുന്ന സമ്പ്രദായമാണിത്. തൊഴിലെടുക്കുന്നവരുടെ എണ്ണം ഗണ്യമായി വെട്ടിക്കുറച്ചാലും ഉൽപ്പന്നത്തിന്റെ അളവിൽ കുറവൊന്നും വരികയില്ലതാനും. ഗ്രാമീണമേഖലയിൽ ഈ പ്രച്ഛന്നമായ തൊഴിലില്ലായ്മയുടെ നിരക്ക് 25 മുതൽ 30 ശതമാനം വരെയാണ്. കമ്പോള പ്രതിസന്ധിമൂലം അടച്ചുപൂട്ടപ്പെടുന്ന വ്യവസായ സംരംഭങ്ങളിൽ നിന്ന് പുറത്തുവരുന്നവർ തൊഴിൽ രഹിതരുടെ എണ്ണം പിന്നെയും പെരുക്കുന്നു.

ജനങ്ങളുടെ ജീവിതനിലവാരത്തിലുണ്ടാകുന്ന ഉയർച്ച, വ്യവസായത്തിലും കൃഷിയിലും ത്വരിതഗതിയിൽ ഉണ്ടാകുന്ന ആകമാന വികാസം, ജനങ്ങളുടെ ക്രയശേഷിയിലുണ്ടാകുന്ന വർദ്ധന, ഇടിയുന്ന തൊഴിലില്ലായ്മ, രാജ്യത്തെ ഭൂരിപക്ഷം പേർക്കും അവശ്യസാധനങ്ങളും സേവനങ്ങളുമൊക്കെ ലഭ്യമാകുന്ന സ്ഥിതി തുടങ്ങിയ കാര്യങ്ങളുടെയൊക്കെ അടിസ്ഥാനത്തിലേ സാമ്പത്തിക വളർച്ച അളക്കാനാകൂ എന്നത് സുബോധമുള്ള ഏതൊരാളും അംഗീകരിക്കുന്നതാണ്.

"കുറഞ്ഞ ഊർജ്ജ വിലയുടെയും ഉയർന്ന യഥാർത്ഥ വരുമാനത്തിന്റെയും നേട്ടമനുഭവിക്കുന്നവർ" എന്ന ഐഎംഎഫ് ന്റെ നിരീക്ഷണത്തേക്കുറിച്ചാണ് ഇനി പറയാനുള്ളത്. ഇതും നഗ്നമായി വസ്തുതകൾ വളച്ചൊടിക്കലാണ്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ്ഓയിൽ വില കുത്തനെ ഇടിഞ്ഞപ്പോൾ ഇന്ത്യൻ വിലയും 11 വർഷത്തിനിയിലെ ഏറ്റവും കുറഞ്ഞ, ബാരലിന് 37.34 ഡോളർ എന്ന നിലയിലേയ്ക്ക് കൂപ്പുകുത്തി. ഇതുമൂലം എണ്ണമന്ത്രാലയം കണക്കുകൂട്ടിയിരുന്ന 1.5 ലക്ഷം കോടിരൂപയുടെ സ്ഥാനത്ത് 2.14 ലക്ഷം കോടിരൂപ എണ്ണ ഇറക്കുമതിയുടെ കാര്യത്തിൽ മിച്ചം പിടിക്കാനായി. പെട്രോളിയം സബ്സിഡിയിലുണ്ടായ കുറവുമൂലം സമ്പാദിക്കാൻ കഴിഞ്ഞ തുകയ്ക്ക് പുറമേയാണിത്. 2014–15 ൽ പെട്രോളിയം മേഖലയിലെ എക്സൈസ് തീരുവ ഇനത്തിൽ ഗവൺമെന്റ് 99,184 കോടി രൂപ പിരിച്ചെടുത്തു. 2014–15 ൽ ബജറ്റിൽ വകകൊള്ളിച്ചിരുന്ന പെട്രോളിയം സബ്സിഡി, പ്രധാനമായും പാചകവാതകത്തിനും മണ്ണെണ്ണയ്ക്കുമായി നീക്കിവച്ചിരുന്നത്, 60,270 കോടിയായിരുന്നെങ്കിൽ നടപ്പുവർഷം അത് വെറും 30,000 കോടി മാത്രമായിരുന്നു. ഗവൺമെന്റിനെക്കൂടാതെ വൻകിട എണ്ണ കുത്തകകളും ഇതിൽ നിന്ന് വമ്പിച്ച നേട്ടം കൊയ്തു. ഉദാഹരണത്തിന് 2015–16 ന്റെ അവസാന മൂന്നുമാസം മുകേഷ് അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ ലാഭം 16 ശതമാനം വർദ്ധിച്ച് 7,398 കോടിയായി. കഴിഞ്ഞ 8 വർഷത്തെ ഏറ്റവും ഉയർന്ന നേട്ടം കൈവരിക്കാനായത് റിഫൈനിംഗ്, പെട്രോ കെമിക്കൽ രംഗങ്ങളിലെ വരുമാന വർദ്ധനവിൽ നിന്നാണ്. എന്നാൽ, വിലനിയന്ത്രണം എടുത്തുകളയുന്ന സമയത്ത് ജനങ്ങൾക്ക് നൽകിയിരുന്ന വാഗ്ദാനമൊന്നും സർക്കാർ പാലിച്ചില്ല. പെട്രോളിയം വിലയിടിവിന്റെ ഒരു ആനുകൂല്യവും ജനങ്ങൾക്ക് ലഭിച്ചില്ല. അന്യായമായി അടിച്ചേൽപ്പിച്ചുകൊണ്ടിരുന്ന അധിക നികുതിയിലൂടെ അത് ഗവൺമെന്റ് തന്നെ കവർന്നെടുത്തു. വൻകിട ബസിനസ്സുകാർക്കും കോർപ്പറേറ്റുകൾക്കും ലക്ഷക്കണക്കിനുകോടി രൂപയുടെ ആനുകൂല്യങ്ങൾ ചൊരിഞ്ഞതിലൂടെയുണ്ടായ ബജറ്റ് കമ്മി നികത്താനാണ് ഈ പണം സർക്കാർ ഉപയോഗിച്ചത്. ഇതൊന്നും ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം നൽകിയതിന്റെ പേരിലുണ്ടായ ബാദ്ധ്യതയായിരുന്നില്ല. അന്തർദ്ദേശീയ കമ്പോളത്തിൽ ക്രൂഡ്ഓയിൽ വില 367 ശതമാനം ഇടിഞ്ഞപ്പോൾ ആഭ്യന്തര വിപണിയിൽ ചില്ലറവിൽപ്പന വില വെറും 16 ശതമാനം മാത്രമാണ് കുറഞ്ഞത്. പെട്രോളിനും ഡീസലിലും ചുമത്തുന്ന നികുതി യഥാക്രമം 57 ശതമാനവും 55 ശതമാനവുമാണ്. അന്താരാഷ്ട്ര വിലയുടെ നേരെ ഇരട്ടിയാണിത്. "എണ്ണ വിലയിലുണ്ടായ ഇടിവ് ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ വില വർദ്ധന തടയാൻ ഇന്ത്യയെ സഹായിച്ചു" എന്ന ഐഎംഎഫ് അവകാശവാദം വെറും നുണയാണ്. നേർ വിപരീതമായ കാര്യമാണ് നടന്നത്. അന്താരാഷ്ട്ര എണ്ണവില കുറയുന്നതിനനുസരിച്ച് ഭക്ഷ്യ ഉൽപ്പന്ന വിലകൾ കുതിച്ചുയരുകയാണ്. അവസാനമായി ജിഡിപി കണക്കാക്കുന്നതിനെക്കുറിച്ചുകൂടി ഒരു കാര്യം പറയട്ടെ. ഉൽപ്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് വിതരണം ചെയ്യപ്പെടുന്നതിന്റെ സൂചകമല്ല ജിഡിപി എന്നതുകൊണ്ടുതന്നെ ജിഡിപി വളർച്ചയുടെ പേരിൽ ആഹ്ലാദിക്കുന്നത് അർത്ഥശൂന്യമാണെന്ന് നേരത്തെതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അടുത്തയിടെ ഇത് കണക്കു കൂട്ടുന്ന രീതിയിൽ മാറ്റം വരുത്തിയതിലൂടെ 4.7% വളർച്ച ഒറ്റയടിക്ക് 6.9% ആയി മാറി. ഇന്ത്യൻ സമ്പദ്ഘടന ചൈനയെ മറികടന്നു എന്നൊക്കെ മേനി നടിക്കുന്നത് ഇത്തരം കുതന്ത്രങ്ങളൊക്കെ പയറ്റിയിട്ടാണ്.

ഏതൊരു മുതലാളിത്ത രാജ്യത്തെയും പോലെ ഇന്ത്യയിലും ഒരുപിടി സമ്പന്നരും ദരിദ്രരുടെ വൻപടയും തമ്മിലുള്ള അന്തരം ഭയാനകമാംവിധം വർദ്ധിച്ചുവരികയാണ്. മാദ്ധ്യമ വാർത്തകൾ അനുസരിച്ച്, ഏറ്റവും സമ്പന്നരായ 10 ശതമാനം, ഏറ്റവും ദരിദ്രരുടെ സ്വത്തിന്റെ 370 ഇരട്ടി കയ്യടക്കിയിരിക്കുന്നു. ജനസംഖ്യയുടെ 1 ശതമാനം വരുന്ന അതിസമ്പന്നരുടെ ആസ്തി അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. *നൈറ്റ് ഫ്രാങ്ക് ഇന്ത്യ* എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ കൂടിയായ സാമ്പത്തിക വിദഗ്ദ്ധൻ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത് 2003–13 കാലത്ത് ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 23 ൽ നിന്ന് 60 ആയി 164 ശതമാനം വർദ്ധിച്ചു എന്നാണ്. സാമ്പത്തിക വളർച്ചയെന്ന് എത്രയൊക്കെ വിളിച്ചുകൂവിയാലും ഇന്ത്യയിൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള അന്തരം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. 'ലോക സമ്പദ്ഘടനയിലെ ഇന്ത്യയുടെ തിളക്കത്തെകുറിച്ചുള്ള ഐഎംഎഫ് പരാമർശത്തിന്റെ പേരിൽ ഗവൺമെന്റും അതിന്റെ പിണിയാളുകളും ഊറ്റം കൊള്ളുമ്പോൾ അത് അംഗീകരിക്കാൻ കഴിയാത്തതുകൊണ്ടാവാം റിസർവ്വ് ബാങ്ക് ഗവർണ്ണർ ആയ രഘുറാം രാജൻ, ഇത് പൊട്ടക്കണ്ണന്മാരുടെ നാട്ടിൽ "ഒറ്റക്കണ്ണൻ" രാജാവാകുന്നതുപോലെയാണെന്ന് പറഞ്ഞത്. അതിവേഗം വളരുന്ന സമ്പദ്ഘടന എന്നൊക്കെ പൊങ്ങച്ചം പറയുന്നവർക്ക് മുന്നറിയിപ്പു നൽകിക്കൊണ്ട് ഓരോ ഭാരതീയനും മാന്യമായ ജീവിതം ഉറപ്പുവരുത്താൻ നാം ഇനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട് എന്നും അദ്ദേഹം സൂചിപ്പിച്ചു. വ്യാവസായോൽപ്പാദനത്തിലെ മാന്ദ്യം ശരിവച്ച അദ്ദേഹം സ്ഥാപിത ശേഷിയുടെ 30%ത്തിൽ താഴെ മാത്രമേ നമ്മൾ ഉപയോഗപ്പെടുത്തുന്നുള്ളൂ എന്ന കാര്യവും ഓർമ്മിപ്പിച്ചു. മൃതപ്രായമായ മുതലാളിത്തത്തിൽ ഒരു മിനുക്കുപണിയും ഫലിക്കില്ല എന്നാണദ്ദേഹം പറഞ്ഞതിന്റെ പൊരുൾ. നാൾ ചെല്ലുന്തോറും ബഹുഭൂരിപക്ഷത്തിനും അത് ദുരിതങ്ങൾ മാത്രം സമ്മാനിക്കുമ്പോൾ അവരുടെ ചെലവിൽ സമ്പന്നർ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കും. ■

# സൈദ്ധാന്തിക പാഠങ്ങൾ

# തൊഴിലാളിവർഗ്ഗ വിപ്ലവവും വർഗ്ഗവഞ്ചകനായ കൗട്സ്കിയും



*എംഗൽസിന്റെ നിര്യാണത്തെതുടർന്ന് കമ്മ്യൂണിസ്റ്റ് സാർവ്വദേശീയ സംഘടനയായ രണ്ടാം ഇന്റർനാഷണലിന്റെ നേതൃസ്ഥാനം അലങ്കരിച്ചിരുന്ന കൗട്സ്കി മാർക്സിസത്തിന് പുതിയ ചില ഭാഷ്യങ്ങൾ നൽകാൻ ശ്രമിച്ചു. സാർവ്വത്രിക വോട്ടവകാശം പ്രയോജനപ്പെടുത്തിക്കൊണ്ട് പാർലമെന്റിൽ ഭൂരിപക്ഷം കരസ്ഥമാക്കാനും “ശുദ്ധജനാധിപത്യം” സ്ഥാപിച്ചുകൊണ്ട് ചൂഷണരഹിതസമൂഹം സൃഷ്ടിക്കാനും തൊഴിലാളിവർഗ്ഗത്തിന് സാധിക്കുമെന്നും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം ജനാധിപത്യത്തിന്റെ ധ്വംസനമാണെന്നും അതുകൊണ്ടുതന്നെ അത് അനാവശ്യമാണെന്നും മറ്റുമുള്ള വാദഗതികൾ നിരത്തികൊണ്ട് അദ്ദേഹം മാർക്സിസത്തെ അതിന്റെ വിപ്ലവാത്മക അന്തഃസത്ത കെടുത്തി വെറും ഉദാരജനാധിപത്യ പ്രത്യയശാസ്ത്രങ്ങളിലൊന്നെന്ന മട്ടിൽ അവതരിപ്പിച്ചു. “വർഗ്ഗവഞ്ചകൻ” എന്നു വിശേഷിപ്പിച്ചുകൊണ്ട് ലെനിൻ* **‘തൊഴിലാളിവർഗ്ഗ വിപ്ലവവും വർഗ്ഗവഞ്ചകനായ കൗട്സ്കിയും’** *എന്ന കൃതിയിൽ കൗട്സ്കിയുടെ വഞ്ചനാത്മക സ്വഭാവം തുറന്നുകാണിക്കുകയുണ്ടായി. ആ കൃതിയിൽനിന്ന് ഏതാനും ഭാഗങ്ങൾ:*

**...കൗ**ട്സ്കി മനംമടുപ്പിക്കുംവിധം കൂഴച്ചുമറിക്കുന്ന വിഷയമിതാണ്: വിവിധ വർഗ്ഗങ്ങൾ നിലനിൽക്കുവോളം കാലം “ശുദ്ധജനാധിപത്യം” എന്ന് പറയുന്നതേ അർത്ഥശൂന്യമാണ്. എതെങ്കിലുമൊരു വർഗ്ഗത്തിന്റെ ജനാധിപത്യമെന്നേ പറയാൻ കഴിയൂ എന്ന കാര്യം വ്യക്തമാണ്. സാമാന്യബോധത്തെയും ചരിത്രത്തെയും നാം അപഹസിക്കുകയല്ലെങ്കിൽ, “ശുദ്ധജനാധിപത്യം” എന്നത് പൊള്ളയായ ഒരു പദപ്രയോഗം ആണെന്ന് മാത്രമല്ല വർഗ്ഗസമരത്തെയും ഭരണകൂടസ്വഭാവത്തെയുംകുറിച്ചുള്ള അജ്ഞതയെക്കൂടി സൂചിപ്പിക്കുന്ന പ്രയോഗമാണ്. എന്നല്ല അത് പതിന്മടങ്ങ് പൊള്ളയായിരിക്കുന്നത് കമ്മ്യുണിസ്റ്റ് സമുദായത്തിൽ ജനാധിപത്യം കൊഴിഞ്ഞുപോകുമെന്നതുകൊണ്ടും ഒരു ശീലവും ചര്യയുമായി മാറിത്തീരുമെന്നതുകൊണ്ടും അത് ഒരിക്കലും “ശുദ്ധ”ജനാധിപത്യം ആവുകയില്ല എന്നതുകൊണ്ടാണ്.

തൊഴിലാളിവർഗ്ഗത്തെ കബളിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഒരു ഉദാരവാദിയുടെ കാപട്യം നിറഞ്ഞ പദപ്രയോഗം മാത്രമാണ് “ശുദ്ധജനാധിപത്യ”മെന്നത്. ജന്മിത്വത്തിന്റെ സ്ഥാനം പിടിച്ചെടുത്ത ബൂർഷ്വാ ജനാധിപത്യത്തെക്കുറിച്ചും ബൂർഷ്വാ ജനാധിപത്യത്തിന്റെ സ്ഥാനം പിടിച്ചടക്കിയ തൊഴിലാളിവർഗ്ഗ ജനാധിപത്യത്തെക്കുറിച്ചുമാണ് ചരിത്രത്തിനറിയാവുന്നത്.

...ബൂർഷ്വാ പാർലമെന്റിനെ എടുക്കുക. ജനാധിപത്യം എത്രത്തോളം വളരുന്നുവോ അത്രത്തോളം ബൂർഷ്വാ പാർലമെന്റ് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്കും ബാങ്കുകൾക്കും വിധേയപ്പെടുകയാണെന്ന് വിദഗ്ദ്ധനായ കൗട്സ്കി അറിയുന്നില്ല! ബൂർഷ്വാ പാർലമെന്റിനെ നാം പ്രയോജനപ്പെടുത്തരുത് എന്നല്ല ഇതിനർത്ഥം. (1912–14 കാലയളവിൽ നാലാം ഡ്യൂമയിലെ തൊഴിലാളി സഭയെ മൊത്തത്തിൽ പിടിച്ചടക്കിയ ബോൾഷെവിക്കുകളാണ് ലോകത്ത് മറ്റേതൊരു പാർട്ടിയേക്കാളും അതിനെ നന്നായി ഉപയോഗപ്പെടുത്തിയത്). പക്ഷെ, കൗട്സ്കിയെപ്പോലെ ഒരു ഉദാരവാദിക്കുമാത്രമേ ബൂർഷ്വാ പാർലമെന്ററിസത്തിന്റെ ചരിത്രപരമായ പരിമിതിയെയും നിയന്ത്രിത സ്വഭാവത്തെയും വിട്ടുകളയാൻ കഴിയൂ. ഏറ്റവും വികസിതമായ ജനാധിപത്യ ബൂർഷ്വാ ഭരണ വ്യവസ്ഥയിൽപ്പോലും ഒരുവശത്ത് മുതലാളിമാരുടെ ജനാധിപത്യം ഉദ്ഘോഷിക്കുന്ന ഔദ്യോഗികമായ തുല്യതയും മറുവശത്ത് അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ കൂലിയടിമകളാക്കി മാറ്റുന്ന നൂറായിരം യഥാർത്ഥ പരിമിതികളും കാപട്യങ്ങളും നമുക്ക് കാണാനാകും. അവ തമ്മിലുള്ള അതിരൂക്ഷമായ വൈരുദ്ധ്യത്തെ ഓരോ ചുവടുവയ്പ്പിലും മർദ്ദിത ജനവിഭാഗങ്ങൾക്ക് നേരിടേണ്ടിവരുന്നു. മുതലാളിത്തത്തിന്റെ ജീർണ്ണതയിലേക്കും വഞ്ചനയിലേക്കും ജനങ്ങളുടെ കണ്ണ് തുറപ്പിക്കുന്നത് കൃത്യമായും ഈ വൈരുദ്ധ്യമാണ്. ജനങ്ങളെ വിപ്ലവത്തിന് തയ്യാറെടുപ്പിക്കുന്നതിനുവേണ്ടി, സോഷ്യലിസത്തിന്റെ പ്രചാരകരും പ്രക്ഷോഭകാരികളും നിരന്തരം തുറന്നുകാട്ടുന്നതും ഈ വൈരുദ്ധ്യത്തെയാണ്! ഇപ്പോൾ, വിപ്ലവത്തിന്റെ യുഗം ആരംഭിച്ചിരിക്കുകയാണ്, കൗട്സ്കിയാകട്ടെ അതിന് പുറംതിരിഞ്ഞു നിൽക്കുകയും (!) ജീർണ്ണിച്ച ബൂർഷ്വാ ജനാധിപത്യത്തിന്റെ മേന്മകളെപ്പറ്റി വീമ്പുപറയാനും തുടങ്ങിയിരിക്കുന്നു.

**ബൂർഷ്വാ ജനാധിപത്യം സങ്കുചിതവും കപടവും കൃത്രിമവും വ്യാജവുമാണ്.**

തൊഴിലാളിവർഗ്ഗ ജനാധിപത്യം ചൂഷകന്മാരെ, ബൂർഷ്വാസിയെ അടിച്ചമർത്തുന്നു. അതുകൊണ്ടുതന്നെ അത് കപടമല്ല. ബൂർഷ്വാസിക്ക് അത് സ്വാതന്ത്ര്യവും ജനാധിപത്യവും വാഗ്ദാനം ചെയ്യുന്നില്ല. അത് അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് നിർവ്യാജമായ ജനാധിപത്യം പ്രദാനം ചെയ്യുന്നു. സോവിയറ്റ് റഷ്യ മാത്രമാണ് തൊഴിലാളിവർഗ്ഗത്തിനും അദ്ധ്വാനിക്കുന്ന ബഹുഭൂരിപക്ഷത്തിനും അഭൂതപൂർവ്വമായ സ്വാതന്ത്ര്യവും ജനാധിപത്യവും നൽകിയത്. ഏത് ജനാധിപത്യറിപ്പബ്ലിക്കിലും അസാധ്യവും അചിന്ത്യവുമാണിത്. ബൂർഷ്വാ പാർലമെന്ററി സമ്പ്രദായത്തെ സോവിയറ്റുകളുടെ ജനാധിപത്യസംവിധാനം കൊണ്ട് പകരംവച്ചു. ഏറ്റവുമധികം ജനാധിപത്യപരമായ ബൂർഷ്വാ പാർലമെന്റിനേക്കാൾ ഒരായിരം മടങ്ങ് ജനങ്ങളോടടുത്തതും ജനാധിപത്യപരവുമാണ് സോവിയറ്റുകൾ.

ബൂർഷ്വാ ജനാധിപത്യത്തിൽ മുതലാളിമാർ ആയിരമായിരം സൂത്രങ്ങൾ പ്രയോഗിച്ചു ജനങ്ങളെ ഭരണനിർവ്വഹണ പ്രവർത്തനത്തിൽനിന്നും പത്രസ്വാതന്ത്ര്യത്തിൽനിന്നും സംഘം ചേരാനുള്ള സ്വാതന്ത്ര്യത്തിൽനിന്നുമൊക്കെ അകറ്റുന്നു. ഈ സൂത്രങ്ങൾ എത്രകണ്ട് കലാപരവും ഫലപ്രദവുമാകുന്നുവോ അത്രകണ്ട് കൂടുതൽ “ശുദ്ധമായ ജനാധിപത്യം” (!) വളരുന്നു. ജനങ്ങളെ, വിശേഷിച്ച് ചൂഷിതരായ ജനങ്ങളെ, ഭരണനിർവ്വഹണത്തിൽ പങ്കെടുപ്പിച്ച, ലോകത്തിലെ ഒന്നാമത്തെ ഗവണ്മെന്റ് (പാരീസ് കമ്മ്യൂൺ ഇതേ കാര്യം ചെയ്തുതുടങ്ങിയിരുന്നുവെന്നതുകൊണ്ട്, കണിശമായി പറഞ്ഞാൽ, രണ്ടാമത്തെ ഗവണ്മെന്റ്,) സോവിയറ്റ് ഗവണ്മെന്റാണ്, ആയിരക്കണക്കിന് തടസ്സങ്ങൾകൊണ്ട് അദ്ധ്വാനിക്കുന്ന ജനങ്ങൾ, ബൂർഷ്വാ പാർലമെന്റുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കപ്പെടുന്നു. (ബൂർഷ്വാ ജനാധിപത്യത്തിൽ പാർലമെന്റുകൾ ഒരിക്കലും പ്രധാനപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നില്ല, സ്റ്റോക്ക് എക്സ്ചേഞ്ചുകളും ബാങ്കുകളുമാണ് അവ തീരുമാനിക്കുക) ബൂർഷ്വാ പാർലമെന്റുകൾ തങ്ങൾക്ക് ചേരാത്ത സ്ഥാപനങ്ങളാണെന്ന്, ബൂർഷ്വാസിക്ക് തൊഴിലാളികളെ അടിച്ചമർത്താനുള്ള ഉപകരണങ്ങളാണെന്ന്, ശത്രുവർഗ്ഗത്തിന്റെ, ചൂഷക ന്യൂനപക്ഷത്തിന്റെ സ്ഥാപനങ്ങളാണെന്ന് തൊഴിലാളികൾ കണ്ടും കൊണ്ടും അറിയുകയും തികച്ചും നന്നായി മനസ്സിലാക്കുകയും ചെയ്യുന്നു.

സോവിയറ്റുകൾ അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ ജനങ്ങളുടെ തന്നെ സംഘടനകളാണ്. തങ്ങളുടെ ഭരണകൂടത്തെ കഴിയുന്നവിധത്തിലെല്ലാം സംഘടിപ്പിക്കുകയും ഭരണനിർവ്വഹണം നടത്തുകയും ചെയ്യുന്നതിന് സോവിയറ്റുകൾ അവരെ സഹായിക്കുന്നു. അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ ജനങ്ങളുടെ മുന്നണിപ്പട എന്ന നിലയ്ക്ക് പട്ടണത്തിലെ തൊഴിലാളികൾക്ക് വൻകിട വ്യവസായസ്ഥാപനങ്ങളിൽ ഏറ്റവുമധികം ഐക്യബദ്ധരാക്കപ്പെട്ടവരെന്ന മേന്മയുണ്ട്. അവരെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുക്കുകയും തിരഞ്ഞെടുക്കപ്പെട്ടവരുടെമേൽ നിയന്ത്രണം പ്രയോഗിക്കുകയും ചെയ്യുക കൂടുതൽ എളുപ്പമാണ്. സോവിയറ്റ് സംഘടനാരൂപം തങ്ങളുടെ മുന്നണിപ്പടയായ തൊഴിലാളിവർഗ്ഗത്തിന് ചുറ്റും അണിനിരക്കാൻ അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ ജനങ്ങൾക്ക് സഹായകരമായി വർത്തിക്കുന്നു. പഴയ ബൂർഷ്വാ സംവിധാനം– ഉദ്യോഗസ്ഥ മേധാവിത്വവും സമ്പത്ത്, ബൂർഷ്വാ വിദ്യാഭ്യാസം, സാമൂഹ്യബന്ധങ്ങൾ തുടങ്ങിയവയുടേതായ പ്രത്യേകാവകാശങ്ങളും (ഈ യഥാർത്ഥ പ്രത്യേകാവകാശങ്ങൾ എത്രകണ്ട് വൈവിധ്യമാർജ്ജിക്കുന്നുവോ അത്രകണ്ട് ഉന്നതമായി ബൂർഷ്വാ ജനാധിപത്യം വളരുന്നു.) സോവിയറ്റ് സംഘടനാരൂപത്തിൽ ഇതൊക്കെ തിരോധാനം ചെയ്യുന്നു. പത്രസ്വാതന്ത്ര്യം കാപട്യമല്ലാതായിത്തീരുന്നു. സംഘം ചേരാനുള്ള അവകാശം ജനങ്ങളെ സംബന്ധിച്ചിടത്തോളം ദശലക്ഷം മടങ്ങ് ജനാധിപത്യപരമാക്കിത്തീർത്തു... അപ്രകാരം ചെയ്യാതിരുന്നാൽ ജനാധിപത്യം വെറും വഞ്ചനയാണ്. പ്രാദേശിക സോവിയറ്റുകളൊഴിച്ചുള്ള സോവിയറ്റുകളിലേയ്ക്ക് നേരിട്ടല്ലാത്ത തിരഞ്ഞെടുപ്പ് നടക്കുന്നു. ഇതുമൂലം സോവിയറ്റുകളുടെ കോൺഗ്രസ്സുകൾ കൂടുക എളുപ്പമായിത്തീരുന്നു, ഭരണസംവിധാനമാകെ ചെലവുകുറഞ്ഞതും കൂടുതൽ അയവുള്ളതുമായിത്തീരുന്നു.

തൊഴിലാളിവർഗ്ഗ ജനാധിപത്യം ഏതു ബൂർഷ്വാ ജനാധിപത്യത്തെക്കാളും ഒരു ദശലക്ഷം മടങ്ങധികം ജനാധിപത്യപരമാണ്, സോവിയറ്റധികാരം, ഏറ്റവുമധികം ജനാധിപത്യപരമായ ബൂർഷ്വാ റിപ്പബ്ലിക്കിനെക്കാൾ ഒരു ദശലക്ഷം മടങ്ങധികം ജനാധിപത്യപരമാണ്.

...നാം മാർക്സിസ്റ്റ് രീതിയിൽ വാദിക്കുകയാണെങ്കിൽ ഇങ്ങനെ പറയണം: ചൂഷകർ ഭരണകൂടത്തെ (ജനാധിപത്യത്തെ, അതായത് ഭരണകൂടരൂപങ്ങളിലൊന്നിനെയാണ് നാമിവിടെ പരാമർശിക്കുന്നത്.) തങ്ങളുടെ വർഗ്ഗം, അതായത് ചൂഷകർ, ചൂഷിതരുടെമേൽ നടത്തുന്ന വാഴ്ചക്കുള്ള ഒരു ഉപകരണമാക്കി അനിവാര്യമായും മാറ്റുന്നു. അതിനാൽ ചൂഷിതഭൂരിപക്ഷത്തെ അടക്കിവാഴുന്ന ചൂഷകർ ഉള്ളിടത്തോളംകാലം ഈ ജനാധിപത്യഭരണകൂടം ചൂഷകർക്കുവേണ്ടിയുള്ള ഒരു ജനാധിപത്യപമായേ ഇരിക്കൂ. ചൂഷിതരുടേതായ ഒരു ഭരണകൂടമാകട്ടെ അത്തരമൊരു ഭരണകൂടത്തിൽ നിന്ന് മൗലികമായും ഭിന്നമാവണം. അത് ചൂഷിതർക്കുവേണ്ടിയുള്ള ഒരു ജനാധിപത്യമാകണം, ചൂഷകന്മാരെ അടിച്ചമർത്തുന്നതിനുള്ള ഒരു ഉപകരണവുമാവണം. ഒരു വർഗ്ഗത്തെ അടിച്ചമർത്തുകയെന്നാൽ ആ വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അസമത്വം, അതിനെ ജനാധിപത്യ ത്തിൽ നിന്ന് ഒഴിച്ചുനിർത്തുക, എന്നാണർത്ഥം.

... ചൂഷകരും ചൂഷിതരും തുല്യരാവാൻ നിവൃത്തിയില്ല.

ഈ സത്യമാണ്, അത് കൗട്സ്കിക്ക് എത്ര അരോചകമായാലും, സോഷ്യലിസത്തിന്റെ അന്തഃസത്ത.

മറ്റൊരു സത്യമുണ്ട്, ഒരു വർഗ്ഗം മറ്റൊരു വർഗ്ഗത്തെ ചൂഷണം ചെയ്യുന്നതിനുള്ള എല്ലാ സാദ്ധ്യതകളും നിശ്ശേഷം നശിപ്പിക്കപ്പെടുന്നതുവരെ യഥാർത്ഥ സമത്വം ഉണ്ടാകുക സാദ്ധ്യമല്ല. ■

## വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയയുടെ ചെയർമാനായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട കിംജോങ് ഉന്നിനെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) അഭിനന്ദിച്ചു

**സഖാവ് കിം ജോങ് ഉൻ**
**ചെയർമാൻ, വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയ**
**പ്യോങ്യാങ്, ഡിപിആർകെ**

പ്രിയ സഖാവ് കിം ജോങ് ഉൻ,

വിജയകരമായി പൂർത്തീകരിച്ച വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയയുടെ 7–ാം നാഷണൽ കോൺഗ്രസ്സിന് ഞങ്ങളുടെ പാർട്ടി സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)യുടെ പേരിൽ ഞാൻ അഭിവാദ്യങ്ങൾ അർപ്പിക്കുകയും പാർട്ടിയുടെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട താങ്കൾക്ക് ആശംസയർപ്പിക്കുകയും ചെയ്യുന്നു. അമേരിക്കയുടെ നേതൃത്വത്തിലുള്ള സാമ്രാജ്യത്വ ആക്രമണകാരികൾക്കെതിരായ പോരാട്ടം തുടരുന്നതിനും ഡെമോക്രാറ്റിക് പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് കൊറിയയിൽ സോഷ്യലിസ്റ്റ് ദൃഢീകരണം മുന്നോട്ടുകൊണ്ടുപോകുന്നതിനും വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയയെ കൂടുതൽ ശക്തമാക്കാൻ കോൺഗ്രസ്സ് കൈക്കൊണ്ട തീരുമാനങ്ങൾ തീർച്ചയായും ഉതകും. താങ്കളുടെ നേതൃത്വത്തിൽ ഡിപിആർകെ, സാമ്രാജ്യത്വ അധിനിവേശത്തിന് അന്ത്യം കുറിക്കുമെന്നും കൊറിയൻ ജനതയുടെ ചിരകാലാഭിലാഷമായ രാജ്യത്തിന്റെ പുനരേകീകരണം യാഥാർത്ഥ്യമാക്കുമെന്നും ഞങ്ങൾക്കുറപ്പുണ്ട്. ഈ പോരാട്ടത്തിൽ ഞങ്ങൾ വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

മാർക്സിസം ലെനിനിസം നീണാൾ വാഴട്ടെ,
തൊഴിലാളിവർഗ്ഗ സാർവ്വദേശീയത നീണാൾ വാഴട്ടെ,
വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയ നീണാൾ വാഴട്ടെ.

വിപ്ലവാഭിവാദനങ്ങളോടെ
ഒപ്പ്
**പ്രൊവാഷ്ഘോഷ്**
ജനറൽ സെക്രട്ടറി
എസ്‌യുസിഐ(സി)

(ഏഴാം കോൺഗ്രസ്സിന് എല്ലാ വിജയങ്ങളും ആശംസിച്ചുകൊണ്ട് മെയ് 2 ന് സഖാവ് പ്രൊവാഷ് ഘോഷ് വർക്കേഴ്സ് പാർട്ടി ഓഫ് കൊറിയയ്ക്ക് സന്ദേശമയച്ചിരുന്നു) ■

# ഇനിയൊരു ജിഷ ആവർത്തിക്കാൻ ഇടവരുത്തരുത്

(1 -ാം പേജിൽ നിന്ന്)

തെളിവുനശിപ്പിക്കാൻ കൂട്ടുനിന്നവരെ പ്രതിചേർക്കുകയോ അന്വേഷണം ആ വഴിക്ക് നീങ്ങുകയോ ചെയ്യുന്നില്ല? തെളിവ് നശിപ്പിച്ചവരെ ചോദ്യം ചെയ്താൽ ആർക്കുവേണ്ടിയാണ് അവരത് ചെയ്തതെന്ന് അറിയാനാവില്ലേ.

കേരളത്തിൽ ഒരു പെൺകുട്ടി നീചമായ നിലയിൽ ആക്രമിക്കപ്പെടുന്നതും കൊലചെയ്യപ്പെടുന്നതും ആദ്യമല്ല. സൂര്യനെല്ലിയിലെ പെൺകുട്ടി ജീവച്ഛവമായി ജീവിതം തള്ളിനീക്കുമ്പോൾ സൗമ്യയും ജിഷയും നമ്മോട് യാത്ര ചൊല്ലിക്കഴിഞ്ഞു. സൂര്യനെല്ലിയും പെരുമ്പാവൂരും തമ്മിൽ രണ്ടുപതിറ്റാണ്ടിന്റെ അകലമുണ്ട്. ഈ രണ്ടുപതിറ്റാണ്ടിനിടയിൽ നിരവധി പെൺകുട്ടികൾ നരാധമൻമാരുടെ കൈകളാൽ കൊലചെയ്യപ്പെട്ടു. കിളിരൂരും കവിയൂരും പൂവരണിയും തിരുവല്ലയും അങ്ങനെയങ്ങനെ എത്രയോ സംഭവങ്ങൾ. പക്ഷേ കേരളത്തെ പിടിച്ചുകുലുക്കിയ ഈ സംഭവങ്ങളിലൊന്നും യഥാർത്ഥ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടില്ല. എല്ലാ സംഭവങ്ങളിലും കക്ഷിഭേദമെന്യേ രാഷ്ട്രീയക്കാരുടെയും സിനിമക്കാരുടെയും വ്യവസായ പ്രമുഖരുടെയും ഒക്കെ പേരുകൾ നാം കേൾക്കാറുണ്ട്. എന്നാൽ പ്രാഥമിക റൗണ്ടിൽതന്നെ ഇക്കൂട്ടർ കളത്തിന് പുറത്താകും. ഇടനിലക്കാരും വഴിയേ പോയവരുമായി ഏതാനും ആളുകൾ ശിക്ഷിക്കപ്പെടുന്നില്ല എന്നല്ല. അതുകൊണ്ട് കാര്യമെന്ത്? യഥാർത്ഥ കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനോ മാതൃകാപരമായി ശിക്ഷിക്കാനോ ഉള്ള നിശ്ചയദാർഢ്യമോ പ്രാപ്തിയോ കേരളത്തിൽ ഇതിനകം മാറിമാറിവന്ന സർക്കാരുകൾക്കോ നിയമസംവിധാനത്തിനോ ഉണ്ടായിട്ടില്ല. അതല്ലെങ്കിൽ ഈ സംവിധാനങ്ങളെല്ലാം പ്രതികളുടെ പക്ഷം ചേർന്നു എന്ന് പറയേണ്ടിവരും.

കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നില്ല എന്നത് കുറ്റകൃത്യങ്ങൾക്ക് പ്രോത്സാഹനമായിക്കൊണ്ടിരിക്കുന്നു. നിയമത്തെയും നീതിന്യായവ്യവസ്ഥയെയും ആർക്കും ഭയമില്ല. പെൺകുട്ടികളോട് ആർക്കും എന്തുമാകാം. വീടും വിദ്യാലയങ്ങളും തെരുവുകളും നമ്മുടെ പെൺകുട്ടികൾക്ക് അന്യമാക്കപ്പെട്ടു. ഇവയൊക്കെയും സുരക്ഷിതമായ ഇടങ്ങളല്ലാതെയായി. ഈ അവസ്ഥയ്ക്ക് ഭരണാധികാരികളാണ് ഉത്തരവാദികൾ.

ജിഷയുടെ ശരീരത്തിൽ ചെയ്തുകൂട്ടിയ മുറിപ്പെടുത്തലുകൾ പ്രഥമദൃഷ്ട്യാ ഒരു മാനസികരോഗിയുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു. കൊത്തിക്കിളച്ചതുപോലെ ആ ശരീരം വികൃതമാക്കപ്പെട്ടിട്ടുണ്ട്. കൊലപാതകത്തിനുപിന്നിൽ മറ്റെന്തെങ്കിലും കാരണം ഉണ്ടെങ്കിൽ ത്തന്നെ അതിൽനിന്നും ശ്രദ്ധ വ്യതിചലിപ്പിക്കാൻ വേണ്ടി നടത്തിയ നാടകം ആയിക്കൂട എന്നുമില്ല. അതല്ല, ഒരു മാനസികരോഗിയുടെ മനോവൈകല്യമായി കണക്കാക്കിയാൽതന്നെ ഇപ്രകാരം മനോരോഗികൾ എന്തുകൊണ്ട് നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുന്നു എന്ന ചോദ്യം ഉയരുകയാണ്. ജിഷസംഭവം ഉണ്ടാകുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പാണ് എറണാകുളത്ത് കേവലം പത്തുവയസ്സുള്ള ഒരു ബാലൻ അതിരാവിലെ തെരുവിൽ കൊലചെയ്യപ്പെട്ടത്. പ്രതി മാനസികരോഗി. മദ്യത്തിനും ലഹരി വസ്തുക്കൾക്കും അടിമ. നിരവധി സംഭവങ്ങൾ ഇവ്വിധം റിപ്പോർട്ട് ചെയ്യപ്പെടുന്നു. മദ്യത്തിനും ലഹരിവസ്തുക്കൾക്കും അടിമകളായി മനോരാഗികളാകുന്നവരുടെ എണ്ണം സമൂഹത്തിൽ അനുദിനം വർദ്ധിക്കുകയാണ്. അവരുടെ എണ്ണം പെരുകുന്നതിന്റെ ഉത്തരവാദിത്തത്തിൽനിന്നും സർക്കാരുകൾക്ക് ഒഴിഞ്ഞുമാറാനുമാകില്ല. ഇത്രയൊക്കെയായിട്ടും മദ്യം നിയന്ത്രിക്കുന്നതിനെക്കുറിച്ചോ ലഹരിവസ്തുക്കളുടെ വ്യാപനം തടയുന്നതിനെക്കുറിച്ചോ സർക്കാരുകൾ ഗൗരവമായി ആലോചിക്കുന്നില്ല. ചെറുപ്രായക്കാർപോലും ലഹരിവസ്തുക്കൾക്ക് അടിമകളും കച്ചവടത്തിന് ഇടനിലക്കാരുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന വാർത്തകൾ ആരെയും അസ്വസ്ഥരാക്കുന്നില്ല. അതിനുമുപരിയാണ് അശ്ലീലതയുടെ വ്യാപനം. വൈകൃതങ്ങൾ കുത്തിയൊഴുക്കുകയാണ്. പ്രായഭേദമെന്യേ മസ്തിഷ്ക്കങ്ങളെ പേപിടിപ്പിക്കുന്ന ദൃശ്യങ്ങൾ ഇന്റനെറ്റിലും മൊബൈലിലും സുലഭം. ഇത് വിൽപ്പനയ്ക്ക് വച്ചിരിക്കുന്ന സൈറ്റുകൾ തന്നെ പതിനായിരക്കണക്കിന്. ഈ സൈറ്റുകൾ നിരോധിച്ചാൽ അത് ജനങ്ങളുടെ അവകാശങ്ങളിൻമേലുള്ള കടന്നുകയറ്റമായിരിക്കും എന്ന് അഭിപ്രായപ്പെടുന്ന കോടതി. ധാർമ്മികമായി ഒരു ജനസമൂഹം തകരാൻ ഇതിനുമപ്പുറം എന്താണ് വേണ്ടത്?



സ്ത്രീസുരക്ഷ സമിതി ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോട്ടയം നഗരത്തിൽ നടന്ന പ്രതിഷേധയോഗത്തിൽ പ്രശസ്ത സാഹിത്യകാരി കെ.ആർ.മീര പ്രസംഗിക്കുന്നു.

ജിഷയുടെ ദാരുണമരണത്തിന് അതുകൊണ്ടുതന്നെ ഒന്നാം പ്രതി മാറിമാറി കേരളം ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാരുകളാണ്. പണവും സ്വാധീനവും നോക്കി കുറ്റവാളികൾക്ക് രക്ഷപ്പെടാൻ അവസരം ഒരുക്കുകയും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വ്യാപനത്തിന് കളമൊരുക്കി കുറ്റവാളികളെ സൃഷ്ടിച്ചുകൂട്ടുകയും ചെയ്യുന്ന സർക്കാരുകളാണ് യഥാർത്ഥ പ്രതികൾ.

ജിഷയുടെ സംഭവത്തിൽ മറ്റ് ചില കാര്യങ്ങളും ശ്രദ്ധേയമായിട്ടുണ്ട്. വാർത്ത പുറത്തുവന്നുകഴിഞ്ഞപ്പോൾ സർക്കാരും രാഷ്ട്രീയക്കാരും മുതലെടുപ്പ് പ്രഖ്യാപനങ്ങളുമായി രംഗത്തുവന്നു. സംസ്ഥാന സർക്കാർവക അഞ്ചുലക്ഷം, കെപിസിസി വക പതിനഞ്ചുലക്ഷം, സഹോദരിക്ക് സർക്കാർ ജോലി, പുതിയ സർക്കാർ വക വീട്, മാതാവിന് പ്രതിമാസം അയ്യായിരം രൂപ പെൻഷൻ. വേണ്ടെന്നല്ല, അത് ചെയ്യാനുള്ള ബാദ്ധ്യത സർക്കാരിനുണ്ടുതാനും. പക്ഷേ ഇതൊന്നും ജിഷയുടെ ജീവന് പകരമാകില്ല. ഇപ്പോൾ കാണിക്കുന്ന ഉത്സാഹത്തിന്റെ നേരിയൊരംശം നേരത്തെ കാണിക്കുവാൻ തയ്യാറായിരുന്നുവെങ്കിൽ ജീവിതത്തെ ഏറെ സ്നേഹിച്ച ആ സാധുപെൺകുട്ടിക്ക് പ്രതീക്ഷകൾ ബാക്കിയാക്കി അകാലത്തിൽ വിടപറയേണ്ടിവരുമായിരുന്നില്ല. അടച്ചുറപ്പുള്ള ഒരു വീട് അതായിരുന്നു ജിഷയുടെ എക്കാലത്തെയും സ്വപ്നം. വൻകിടക്കാർക്ക് ഏക്കർകണക്കിന് ഭൂമി ഇഷ്ടദാനമായി കൊടുത്തുകൊണ്ടേയിരിക്കുന്ന നമ്മുടെ നാട്ടിൽ കേറിക്കിടക്കാൻ അടച്ചുറപ്പുള്ള ഒരു വീട് ഇന്നും പതിനായിരങ്ങൾക്ക് സ്വപ്നം മാത്രമാണ്. മിനിമം ഒരു ദാരുണ മരണമെങ്കിലുംകൊണ്ടേ നമ്മുടെ ഭരണാധികാരികളുടെ കണ്ണ് അൽപമെങ്കിലും തുറക്കട്ടെ. സഹായവാഗ്ദാനങ്ങൾ ഒരുപക്ഷേ പാലിക്കപ്പെട്ടേക്കാം. എന്നാൽ ഈ ഉത്സാഹമോ ഉറപ്പോ പലപ്പോഴും കുറ്റവാളികളെ കണ്ടെത്തുന്നതിലും അവരുടെ ശിക്ഷ ഉറപ്പാക്കുന്നതിലും ഭരണക്കാർ കാണിക്കാറുമില്ല.

ശ്രദ്ധേയമായ മറ്റൊരു കാര്യം, ജിഷ തലയണയ്ക്കടിയിൽ വെട്ടുകത്തിയുമായാണ് സ്ഥിരമായി ഉറങ്ങിയിരുന്നത് എന്ന വാർത്തയാണ്. വസ്ത്രത്തിൽ പെൻക്യാമറയും കരുതിയിരുന്നു എന്നും വായിക്കുമ്പോൾ ഒരു പെൺകുട്ടിയുടെ സുരക്ഷിതത്വം എന്ന കരുതലിനുമപ്പുറത്തേയ്ക്ക് മറ്റെന്തെങ്കിലും കാര്യത്തിലേക്ക് അത് വിരൽ ചൂണ്ടുന്നുണ്ടോ? തന്നെയും അമ്മയെയും അപായപ്പെടുത്താൻ ശ്രമിക്കുന്നു എന്നതടക്കം പതിനാലുകേസുകൾ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ നൽകിയിട്ടുണ്ടത്രേ. ജിഷ ആരെയാണ്/ എന്തിനെയാണ് ഭയപ്പെട്ടിരുന്നത്? എന്തുകൊണ്ട് ഈ കേസുകളിലൊന്നും ഗൗരവമുള്ള അന്വേഷണം നടന്നില്ല. ഇതും അന്വേഷണത്തിന്റെ പരിധിയിൽ വരേണ്ടതാണ്. ജിഷ അവസാനം കഴിച്ചിരിക്കുന്ന ഭക്ഷണം വീട്ടിൽ പാചകം ചെയ്തതല്ല, പുറത്തുനിന്ന് വന്നിരിക്കുന്നതാണ്. അതോടൊപ്പം മയക്കുമരുന്നും അകത്തുചെന്നിരിക്കുന്നതായി പോസ്റ്റ്മോർട്ടം റിപ്പോർട്ട് പറയുന്നു. ഭക്ഷണമാകട്ടെ അമ്മയോ സഹോദരിയോ വാങ്ങിക്കൊണ്ടു വന്നിരിക്കുന്നതുമല്ല. ഭക്ഷണം വാങ്ങിക്കൊണ്ടുവരാനും കഴിക്കാനുംമാത്രം പരിചയക്കാരനാണ് പ്രതി എന്നു വ്യക്തം. കാര്യങ്ങൾ ചുരുളഴിയുന്നിടത്തോളം ആസൂത്രിതമായൊരു കൊലപാതകമാണത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.





സ്ത്രീസുരക്ഷാ സമിതിയും എഐഎംഎസ്എസും സംയുക്തമായി സെക്രട്ടേറിയറ്റിനു മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജി.എസ്.പത്മകുമാർ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുന്നു

ഓരോ സംഭവങ്ങളുണ്ടാകുമ്പോഴും തൽക്കാലത്തേയ്ക്ക് തടിതപ്പാനുള്ള പ്രഖ്യാപനങ്ങൾ നടത്തുക മാത്രമാണ് സർക്കാരുകൾ ചെയ്യുന്നത്. അതിനുമപ്പുറം പ്രശ്നത്തിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കി ശാശ്വതമായ പരിഹാരം കാണുവാനുള്ള നടപടികളില്ല. നിർഭയ സംഭവത്തെത്തുടർന്നുണ്ടായ ശക്തമായ ജനരോഷത്തിന്റെ ഭാഗമായാണ് ജസ്റ്റിസ് വർമ്മ കമ്മീഷൻ നിയോഗിക്കപ്പെട്ടത്. ഏറ്റവും സമഗ്രമായ ഒരു റിപ്പോർട്ട് ശക്തമായ നിർദ്ദേശങ്ങളോടെ കമ്മീഷൻ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്തു. കമ്മീഷനെ നിയോഗിച്ച കേന്ദ്രസർക്കാരോ തുടർന്നു വന്നിരിക്കുന്ന കേന്ദ്രസർക്കാരോ അത് അശ്ശേഷം ഗൗരവത്തിലെടുക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. സംസ്ഥാന സർക്കാരും അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. നിർഭയ പദ്ധതിയുടെയും സ്ഥിതി അതുതന്നെ. ഫണ്ട് അടക്കം ലാപ്സായി പോകുന്നതാണ് കാണുന്നത്. എത്ര അലംഭാവത്തോടെയാണ് സർക്കാരുകൾ വിഷയം കൈകാര്യം ചെയ്യുന്നത് എന്നതും വ്യക്തം. സ്ത്രീസുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പിലാക്കേണ്ടതുണ്ട് എന്നാണ് ഈ സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.





എഐഎംഎസ്എസ്, എഐഡിഎസ്ഒ, എഐഡിവൈഒ എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ മെയ് 7 ന് ആലപ്പുഴ നഗരത്തിൽ നടത്തിയ പ്രതിഷേധപ്രകടനം

ജിഷമാർ, സൗമ്യമാർ, ശാരിമാർ ഇനിയും ആവർത്തിക്കപ്പെടും. സമൂഹത്തിന്റെ മനോഘടനയിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള സ്ത്രീവിരുദ്ധത നിലനിൽക്കുന്നിടത്തോളം. ഒരു പെൺകുഞ്ഞ് മൃഗതൃഷ്ണ ശമിപ്പിക്കാനുള്ള ഒരു ശരീരമല്ല, മറിച്ച് ആത്മാഭിമാനവും സ്വാതന്ത്ര്യവും ചേതനയുമുള്ള ഒരു വ്യക്തിയാണവൾ. പുരുഷനെപ്പോലെ തന്നെ. തെരുവിലൂടെ കടന്നുപോകുന്ന ഏതൊരുവനും കടി

(ശേഷം 9 -ാം പേജിൽ)





കൊല്ലം ഹെഡ്പോസ്റ്റ് ഓഫീസിനുമുൻപിൽ എഐഎംഎസ്എസും എഐഡിഎസ്ഒയും ചേർന്ന് സംഘടിപ്പിച്ച പ്രതിഷേധ സംഗമം ജനകീയപ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് എ.ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു



സ്ത്രീസുരക്ഷ സമിതി ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട നഗരത്തിൽ നടന്ന പ്രതിഷേധപ്രകടനാനന്തരം നടന്ന യോഗത്തിൽ ജില്ലാസെക്രട്ടറി എസ്.രാധാമണി പ്രസംഗിക്കുന്നു

## പ്രചോദന സംഘടിപ്പിച്ച 23-ാമത് കുട്ടികളുടെ ക്യാമ്പ്

'പ്രചോദന' കുട്ടികളുടെ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 23-ാമത് സംസ്ഥാനതല കുട്ടികളുടെ ക്യാമ്പ് ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മുട്ടം നേതാജി സാമൂഹ്യ സാംസ്കാരിക പഠനകേന്ദ്രത്തിൽവച്ച് മെയ് 21, 22 തീയതികളിൽ നടന്നു. 'നാടിൻ ശ്രേഷ്ഠ സന്താനങ്ങളാകനാം' എന്ന ആദർശവാക്യത്തെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന കുട്ടികളുടെ പ്രസ്ഥാനമാണ് പ്രചോദന. ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റി സംസ്ഥാന പ്രസിഡന്റ് ജി.എസ്.പത്മകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

ശാസ്ത്രബോധവും ശാസ്ത്രീയ മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കുക, മഹാന്മാരുടെ ജീവിതത്തിലെ മഹത്തായ മൂല്യങ്ങളോടുള്ള ആഭിമുഖ്യം കുട്ടികളിൽ വളർത്തിയെടുക്കുക, സർഗ്ഗാത്മക ശേഷികൾ പരിപോഷിപ്പിക്കാൻ വേണ്ടുന്ന അവസരം കുട്ടികൾക്ക് ലഭ്യമാക്കുക എന്നിവയാണ് ക്യാമ്പിന്റെ ലക്ഷ്യം. കുട്ടികളിൽ ഉയർന്ന അഭിരുചികളും ജീവിത വീക്ഷണവും സാമൂഹ്യ അവബോധവും വളർത്തിയെടുക്കുവാനുതകുന്ന ഒരു സാംസ്കാരിക പ്രസ്ഥാനമായാണ് ക്യാമ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 23-ാമത് ക്യാമ്പിൽ നേതാജി സുഭാഷ് ചന്ദ്രബോസ്, മേഘനാഥ് സാഹ, ശരത് ചന്ദ്ര ചാറ്റർജി എന്നീ മഹദ്വ്യക്തിത്വങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി. നാടകം, ചിത്രരചന, സംഗീതം എന്നീ വിഷയങ്ങളിൽ പരിശീലനകളരികൾ നടന്നു.

22 ന് നടന്ന സമാപന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന സെക്രട്ടറി സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. സീനിയർ ക്യാമ്പ് അംഗം മീര ജെ. അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ.വി.വേണുഗോപാൽ സമാപന സന്ദേശം നൽകി. ഹെലൻ തമ്പി, നിരുപമ പത്മകുമാർ എന്നിവർ യഥാക്രമം ജൂണിയർ എ,ബി വിഭാഗങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. സീനിയർ വിഭാഗത്തിന്റെ റിപ്പോർട്ട് ആദർശ് ഡി. അവതരിപ്പിച്ചു. നാടകം, സംഗീതം, ചിത്രരചന പരിശീലന കളരികളുടെ റിപ്പോർട്ടുകൾ യഥാക്രമം ശരത് ഷാൻ, വിവേക് അഗസ്തി, ലക്ഷ്മി എസ്. എന്നിവർ അവതരിപ്പിച്ചു. എസ്.അനന്തഗോപാൽ സ്വാഗതവും മിഥുൻ എം.കൃതജ്ഞതയും പറഞ്ഞു.



പ്രചോദന ക്യാമ്പ് സമാപനയോഗത്തിൽ ജെ.മീര അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. സഖാക്കൾ മേധ സുരേന്ദ്രനാഥ്, സി.കെ.ലൂക്കോസ്, വി.വേണുഗോപാൽ എന്നിവർ മുൻനിരയിൽ ■

# വിദ്യാഭ്യാസത്തെ രക്ഷിക്കാൻ പുതിയ സർക്കാർ ആദ്യം ചെയ്യേണ്ട കാര്യങ്ങൾ

**അ**ധികാരത്തിൽ നിന്ന് യുഡിഎഫ് സർക്കാരിനെമാറ്റി എൽഡിഎഫ് വന്ന രാഷ്ട്രീയ മാറ്റത്തിന്റെ പാശ്ചാത്തലത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി തുടർന്നുവരുന്ന നയങ്ങളിൽ എന്തെങ്കിലും മാറ്റം പ്രതീക്ഷിക്കാനാവുമോ? ഭരണമാറ്റം നയപരമായ നടപടികളിലെ മാറ്റമായി മാറുന്നില്ലായെന്ന മുൻകാലാനുഭവങ്ങൾ വെച്ചുനോക്കിയാൽ വിദ്യാഭ്യാസകാര്യങ്ങളിൽ ഭരണത്തുടർച്ച തന്നെയായിരിക്കും എന്ന ആശങ്കയ്ക്ക് അടിസ്ഥാനമുണ്ട്. യുഡിഎഫ് ദുർഭരണത്തിനെതിരെ ജനങ്ങൾ എഴുതിയ വിധി എന്തെന്ന് സൂക്ഷ്മമായി പഠിക്കാൻ പുതിയ സർക്കാരിന്റെ വക്താക്കൾ തയ്യാറായാൽ അതിൽ വിദ്യാഭ്യാസ രംഗത്തെ കുറ്റകരമായ നയങ്ങളും ഉൾപ്പെടുന്നുണ്ടെന്നത് മനസ്സിലാക്കാൻ കഴിയുന്നതാണ്.

പൊതുവിദ്യാഭ്യാസത്തെ സ്വകാര്യവൽക്കരിക്കാൻ കഴിഞ്ഞകാല സർക്കാരുകൾ നടത്തിവന്ന നീക്കങ്ങൾക്കെതിരായ ജനരോഷം ഓരോ തെരഞ്ഞെടുപ്പിലും പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ, കേരളത്തിലെ പൊതുവിദ്യാലയങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായിരിക്കണം പുതിയ എൽഡിഎഫ് സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് ആദ്യം ഊന്നൽ കൊടുക്കേണ്ടത്. പൊതുവിദ്യാഭ്യാസ സംരക്ഷണമെന്ന മുദ്രാവാക്യം എൽഡിഎഫും യുഡിഎഫും അവരവരുടെ പ്രകടനപത്രികകളിൽ സ്ഥിരമായി എഴുതിവെയ്ക്കാറുണ്ട്, പൊതുവേദികളിൽ പ്രസംഗിക്കുകയും ചെയ്യുന്നു. എന്നാൽ, ഓരോ വർഷം കഴിയുമ്പോഴും പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ആശങ്കാജനകമായ വിധത്തിൽ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

5437 സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങൾ അനാദായകരമെന്ന പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അദ്ധ്യയനവർഷമാണിത്. അടച്ചുപൂട്ടാൻ സർക്കാർ ലിസ്റ്റ് ചെയ്ത സ്കൂളുകളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ടായിരിക്കുന്നു. ചില എയ്ഡഡ് സ്കൂൾ മാനേർജർമാരാകട്ടെ, കൂടുതൽ ലാഭകരമായ മറ്റ് ബിസിനസ്സുകൾക്കുവേണ്ടി, തങ്ങൾ വർഷങ്ങളായി നടത്തിവന്ന വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ ചരട് വലിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയും ഇപ്പോൾ കാണേണ്ടിവരുന്നു. അതിലേറ്റവും പുതിയ ഉദാഹരണങ്ങളാണ് കോഴിക്കോട് മലാപ്പറമ്പ് സ്കൂളും തിരുവണ്ണൂരിലെയും കിരാലൂരിലെയും സ്കൂളുകളും.

ആ സ്കൂളുകളിലെ മാനേജർമാർ കേരള വിദ്യാഭ്യാസനിയമത്തിലെ (KEA) പഴുതുകൾ ഉപയോഗിച്ച് സ്കൂൾ അടച്ചുപൂട്ടാനുള്ള അപേക്ഷ സമർപ്പിക്കുകയും നിലവിലെ നിയമമനുസരിച്ച് കേരളാ ഹൈക്കോടതി അതിന് അനുവദിക്കുകയും ചെയ്തു. എന്നാൽ, പൊതുജനങ്ങളുടെ ശക്തമായ എതിർപ്പിനെത്തുടർന്നാണ് മലാപ്പറമ്പ് സ്കൂൾ അടച്ചുപൂട്ടാനുള്ള ഉത്തരവ് നടപ്പാക്കാൻ ഡിഇഒയ്ക്ക് കഴിയാതെ പോയത്. വിദ്യാഭ്യാസത്തോടും വിദ്യാലയങ്ങളോടുമുള്ള ബഹുജനങ്ങളുടെ സന്മനോഭാവത്തിന്റെ പ്രത്യക്ഷോദാഹരണമായി മലാപ്പറമ്പ് സ്കൂൾ സംരക്ഷണസമരം മാറുന്നതാണ് കാണുന്നത്. ഹൈക്കോടതി വിധി നടപ്പാക്കാനാവശ്യപ്പെട്ട് ആ കേസ്സ് ഇപ്പോൾ സുപ്രീംകോടതിയിലാണ്. എന്നാൽ, നിയമയുദ്ധത്തിൽ ജനങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ അടിയറവെയ്ക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. ഇക്കാര്യത്തിൽ എന്തു നിലപാടാണ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സ്വീകരിക്കാൻ പോകുന്നത്?

മലാപ്പറമ്പ് സ്കൂൾ സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിക്കണം. അതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ഗവൺമെന്റ് തയ്യാറാകണം. പൊതുവിദ്യാലയ സംരക്ഷണപ്രഘോഷണങ്ങൾക്ക് എന്തെങ്കിലും അർത്ഥമുണ്ടാകണമെങ്കിൽ അതുണ്ടായേ മതിയാവൂ. എന്നുമാത്രവുമല്ല, കേരളത്തിലെ ഒരു വിദ്യാലയവും ഏത് സാഹചര്യത്തിലായാലും അടച്ചുപൂട്ടില്ലായെന്ന നയവും ഗവൺമെന്റ് പ്രഖ്യാപിക്കണം.

കുട്ടികളുടെ എണ്ണം കുറയുന്നു, ഡിവിഷൻ ഫാൾ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അധികമാവുന്നു, പതിനായിരത്തോളം അദ്ധ്യാപകർ പുറത്തേയ്ക്ക് പോകേണ്ടിവരുന്നു, അനാദായകരമായ വിദ്യാലയങ്ങളുടെ എണ്ണം പെരുകുന്നു തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങളാണ് പൊതുവിദ്യാലയങ്ങൾ അഭിമുഖികരിക്കുന്നത്. രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ നിന്ന് വിടുതൽ ചെയ്യിക്കുന്നതുകൊണ്ടാണ് ഈ പ്രതിസന്ധി രൂപപ്പെടുന്നതെന്നാണ് ഇതുവരെയുള്ള കണ്ടെത്തൽ.

ആ സാധ്യത കണ്ടെറിഞ്ഞ് സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടക്കാർ മുക്കിന് മുക്കിന് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ ആരംഭിക്കുന്നു. അവയ്ക്ക് അനുമതി നൽകിയും അനുമതി നൽകാതെയും പ്രവർത്തിക്കാൻ സമ്മതിക്കുന്നുവെന്നതിനാൽ സമാന്തരമായി ഒരു വിദ്യാഭ്യാസ കമ്പോളം കേരളത്തിൽ തഴച്ചുവളർന്നുകഴിഞ്ഞു. വിദ്യാഭ്യാസത്തിന്റെ ഉദാത്തമൂല്യങ്ങൾ, അസമത്വത്തിന്റെ പ്രതീകങ്ങളായ അത്തരം വിദ്യാലയങ്ങളിൽ ചരമമടയുന്നു. വിദ്യാഭ്യാസ ലക്ഷ്യങ്ങളൊന്നും നേടിയെടുക്കാൻ ലാഭമോഹങ്ങളോടെ പ്രവർത്തിക്കുന്ന ആ സ്ഥാപനങ്ങൾക്കു കഴിയുന്നില്ലായെന്നതിനാൽ സർക്കാർ വിദ്യാലയങ്ങളെ ശക്തിപ്പെടുത്താൻ കഴിയണം. പൊതുവിദ്യാലയങ്ങൾക്ക് നൽകുന്ന ഫണ്ട് വൻതോതിൽ വർദ്ധിപ്പിക്കാനുള്ള തീരുമാനം സർക്കാർ അടിയന്തരമായി കൈക്കൊള്ളണം.

എന്തുകൊണ്ട് പൊതുവിദ്യാലയങ്ങളിലെ കുട്ടികൾ സ്വകാര്യവിദ്യാലയങ്ങളിലേയ്ക്ക് കൊഴിഞ്ഞുപോകുന്നു? അതിന് കാരണം 1996 മുതൽ കേരളത്തിൽ നിലവിലിരിക്കുന്ന പാഠ്യപദ്ധതിയും പഠനസമ്പ്രദായവുമാണെന്ന കാര്യം എൽഡിഎഫ് സർക്കാർ ഇനിയെങ്കിലും അംഗീകരിക്കാൻ തയ്യാറാകണം. ആ പാഠ്യക്രമത്തിന് നിലവാരമില്ല. ഉള്ളടക്കം തീരെ ശുഷ്കമാണ്. പഠനബോധനസമ്പ്രദായങ്ങൾ അശാസ്ത്രീയമാണ്. ഇന്നത്തെ സാഹചര്യങ്ങൾക്ക് ആവശ്യമായ നിലവാരത്തിലുള്ള പാഠങ്ങൾ ഭാഷയിലും ശാസ്ത്രത്തിലും ചരിത്രപുസ്തകങ്ങളിലും ഉൾപ്പെടുത്താനുള്ള തീരുമാനം എസ്‌സിഇആർടി കൈകൊള്ളണം. മറ്റെന്താണ് പൊതുവിദ്യാലയങ്ങളുടെ നിലവാരം ഉയർത്താനുള്ള പോംവഴി?

വർഷങ്ങളായി പിന്തുടരുന്ന ആൾ പ്രമോഷൻ സമ്പ്രദായം പുനഃപരിശോധിക്കാൻ ഇടതു സർക്കാർ മുൻവിധികളില്ലാതെ പരിശ്രമിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഓരോ ക്ലാസ്സിലും വിദ്യാർത്ഥി നിശ്ചിതനിലവാരം ആർജ്ജിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്ന വസ്തുനിഷ്ഠ അക്കാദമിക മാനദണ്ഡമാണ് പരീക്ഷ. അതിൽ ഒരു വിധത്തിലുമുള്ള വെള്ളംചേർക്കൽ അഭിലഷണീയമല്ല. ഉത്തരം ശരിയല്ലെങ്കിലും എന്തെങ്കിലും എഴുതിയാൽ മാർക്ക് കൊടുത്തേയ്ക്കാം എന്ന ഉദാരമായ പൂർവ്വകാല സമീപനങ്ങൾ ആവർത്തിക്കപ്പെടരുത്.

എസ്എസ്എൽസി പരീക്ഷയുടെ ഗുണനിലവാരം ഉയർത്തുക എന്ന പ്രശ്നവും ദീർഘനാളുകളായി കേരളം ചർച്ച ചെയ്യുന്നുണ്ട്. ഏപ്രിൽ 22ന് നടന്ന സംസ്ഥാന പരീക്ഷാ ബോർഡിന്റെ യോഗത്തിൽ പ്രത്യേകം മോഡറേഷൻ നൽകാതെ വിജയശതമാനം നിശ്ചയിക്കാൻ തീരുമാനിക്കുകയുണ്ടായി. എന്നിട്ടും ഈ വർഷം 96.59 ശതമാനം പേർ വിജയിച്ചു. സേ പരീക്ഷ കഴിഞ്ഞപ്പോൾ കഴിഞ്ഞ വർഷത്തെപ്പോലെ തന്നെ 99 ശതമാനം വിദ്യാർത്ഥികളും പാസ്സായതായി പ്രഖ്യാപിക്കപ്പെട്ടു.

കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിലെ സുപ്രധാന ഘട്ടമായ എസ്എസ്എൽസി പരീക്ഷയും മൂല്യനിർണ്ണയവും മികവുറ്റതാക്കാനുള്ള പരീക്ഷാബോർഡിന്റെ നിർണ്ണായക ശുപാർശകൾ പൊതുതെരഞ്ഞെടുപ്പിന്റെ അന്ത്യയാമങ്ങളിലാണ് സമർപ്പിക്കപ്പെട്ടത്. ഏതെങ്കിലും വിഷയത്തിൽ പൂജ്യം മാർക്ക് നേടുന്ന വിദ്യാർത്ഥി നിരന്തരമുല്യനിർണ്ണയത്തിലൂടെ ലഭിക്കുന്ന ഉയർന്നമാർക്കിന്റെയടിസ്ഥാനത്തിലോ ഗ്രേസ് മാർക്കിന്റെ അടിസ്ഥാനത്തിലോ വിജയിക്കുന്ന സ്ഥിതി മാറ്റണം എന്ന ശുപാർശയാണ് ഏറ്റവും പ്രധാനം. അതു നടപ്പാക്കാൻ ഓരോ വിഷയത്തിനും പ്രത്യേകം മിനിമം മാർക്ക് ഏർപ്പെടുത്തി അത് നേടുന്നവർക്ക് മാത്രം വിജയഗ്രേഡ് നൽകണമെന്നും പരീക്ഷാബോർഡ് നിർദ്ദേശിച്ചു.

(ശേഷം 15-ാം പേജിൽ)

(8 -ാം പേജിൽ നിന്ന്)

ച്ചുകീറാനുള്ള അനാഥപിണ്ഡമല്ല സ്ത്രീ. സ്വന്തം ശരീരത്തിന്റെ ഉടമ അവൾ മാത്രമാണ്. ഉന്നതമായ ഈ ധാരണ ആധുനിക മനുഷ്യന്റെ സഹജമായ അവബോധമായി വളർത്തിയെടുക്കാനുള്ള ബൃഹത്തായ കർമ്മപദ്ധതിയാണ് വേണ്ടത്. തൊലിപ്പുറമെയുള്ള ചികിൽസ കൊണ്ട് ഭേദമാക്കാനാവുന്ന ഒന്നല്ല ഈ മാരകരോഗം. ജിഷയുടെ ജീവനെടുത്ത കാപാലികരെ തുറുങ്കിലടച്ചാൽ മാത്രം അവസാനിക്കുന്നതല്ല ഈ കരൾ നീറ്റുന്ന ഈ പ്രശ്നം. ഉയർന്ന സംസ്കാരവും ജീവിതവീക്ഷണവും മൂല്യബോധവും സമൂഹത്തിൽ സ്ഥാപിക്കാനും പരിപാലിക്കാനും നിരന്തരം ശക്തിപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. പ്രേമമെന്ന ഉദാത്തഭാവത്തിന്റെ അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെടുന്ന സ്ത്രീ-പുരുഷബന്ധമാണ് മനുഷ്യന്റെ മുഖമുദ്ര. മറ്റെന്തും മൃഗീയമാണ്. മനുഷ്യന് നിരക്കാത്തതാണ്. ഇത് നമ്മുടെ കുഞ്ഞുങ്ങളെ, യുവതലമുറയെ പഠിപ്പിക്കാൻ ഗൗരവപൂർവ്വം ചിന്തിക്കുന്ന രാഷ്ട്രീയനേതൃത്വമുണ്ടോ ഇവിടെ. ഒരു പെൺകുട്ടി കൊലചെയ്യപ്പെട്ടാൽ അതിനെ വോട്ടാക്കാനുള്ള മാർഗ്ഗത്തെപ്പറ്റി തലപുകയുന്ന സാമൂഹ്യദ്രോഹികൾ മാത്രമായി വ്യവസ്ഥാപിത രാഷ്ട്രീയക്കാർ മാറിയിരിക്കുന്നു.

സാംസ്കാരികമായ അധഃപതനമാണ് സ്ത്രീകൾക്കുനേരെയുള്ള കുറ്റകൃത്യങ്ങളുടെ അടിസ്ഥാന കാരണം. ഈ അപചയം വളർത്തുന്ന ഭരണാധികാരികളാണ് ഈ സാഹചര്യത്തിന്റെ ഒരേയൊരു ഉത്തരവാദികൾ. അവരുടെ നയങ്ങൾക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് ജിഷ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ഒരേയൊരു മാർഗ്ഗം. സ്ത്രീസുരക്ഷ ഉറപ്പാക്കുവാൻ സർക്കാരും ഭരണകൂടവും നിരന്തരമായി പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയിൽ അതിശക്തമായ ഒരു സംഘടിത സ്ത്രീസുരക്ഷാ പ്രസ്ഥാനം സമൂഹത്തിൽ വളർത്തിയെടുക്കുക എന്നതാണ് ഒരേയൊരു പോംവഴി. അതിനായി മനുഷ്യസ്നേഹികൾ ഒത്തൊരുമിച്ച് മുന്നോട്ടുവരുമ്പോൾ മാത്രമേ ജിഷയ്ക്കും നമ്മുടെ നാട്ടിൽ ഏതൊരു പെൺകുട്ടിക്കും നീതി ഉറപ്പാക്കപ്പെടൂ. ■

# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ സ്റ്റാഗ്ഫ്ളേഷന്റെ പിടിയിലമരുന്നു

**ബൂർഷ്വാസാമ്പത്തിക ശാസ്ത്രമനുസരിച്ച് പണപ്പെരുപ്പമുണ്ടാകുമ്പോൾ സാമ്പത്തികമാന്ദ്യം രൂക്ഷമാകും. നേരെ മറിച്ചും സംഭവിക്കും. അതായത്, ജനങ്ങളുടെ കൈയിൽ ചരക്ക് വാങ്ങാൻ ധാരാളം പണമുള്ളപ്പോൾ വില വർദ്ധിക്കുന്നു; ഡിമാന്റ് കൂടുന്നതിനനുസരിച്ച് ഉൽപ്പാദനം കൂടുകയും ചെയ്യും. മാന്ദ്യം അഥവാ ഉൽപ്പന്നങ്ങളുടെ കെട്ടിക്കിടക്കൽ സംഭവിക്കുന്നത് ആവശ്യക്കാരുടെ കൈയിൽ കാശില്ലാതാകുന്നതുവഴി ഡിമാന്റ് കുറയുന്നതുകൊണ്ടാണ്. ഡിമാന്റ് കുറയുന്നത് കാശില്ലാത്തതിന്റെ സൂചനയാണ്. അക്കാരണത്താൽ തന്നെ സാധനങ്ങൾ വിലയിടിവ് നേരിടുന്നു അഥവാ ഡിഫ്ളേഷൻ സംഭവിക്കുന്നു.**

ആവശ്യക്കാരുടെ കൈയിൽ കാശില്ലാതെ വരുമ്പോഴുണ്ടാകുന്ന ഡിമാന്റിലെ കുറവാണ് സാമ്പത്തികമാന്ദ്യത്തിനും കമ്പോളത്തിലെ മുരടിപ്പിനും കാരണമാകുന്നത്. ഇങ്ങനെ ചരക്കുകളുടെ വിലയിടിയുന്നതിനെയാണ് ഡിഫ്ളേഷൻ എന്ന് പറയുന്നത്. എന്നാൽ മരണാസന്നമായ മുതലാളിത്തവ്യവസ്ഥയിൽ ഈ ക്ലാസിക്കൽ ധാരണയ്ക്ക് പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. മറിച്ച്, നമുക്ക് കാണാനാകുന്നത് മുരടിപ്പിനോടൊപ്പമുള്ള (ചരക്ക് കെട്ടിക്കിടക്കൽ) വർദ്ധിച്ചുവരുന്ന പണപ്പെരുപ്പമാണ്. ഇതിനെയാണിന്ന് മുതലാളിത്ത സാമ്പത്തിക വിദഗ്ധർ സ്റ്റാഗ്ഫ്ളേഷൻ എന്ന് വിളിക്കുന്നത് (മുരടിപ്പും പണപ്പെരുപ്പവും ഒന്നിച്ചുകൂടുന്ന പ്രതിഭാസം). മുതലാളിത്തം അഭിമുഖീകരിക്കുന്ന സവിശേഷമായ ഈ പ്രതിഭാസത്തെ ഒരു സൈദ്ധാന്തിക വിശകലനത്തിന് വിധേയമാക്കുന്നവർ മരണാസന്നമായ, ജീർണിച്ച മുതലാളിത്തം അകപ്പെട്ടിരിക്കുന്ന ഗുരുതരമായ പ്രതിസന്ധിയെയാണ് സ്റ്റാഗ്ഫ്ളേഷൻ സൂചിപ്പിക്കുന്നതെന്ന വസ്തുത മറച്ചുപിടിക്കുകയാണ്. വസ്തുതകളെ വളച്ചൊടിക്കുക വഴി ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ ദുരവസ്ഥ മറച്ചുവെക്കാനായി ലോകത്തുള്ള എല്ലാ മുതലാളിത്ത രാഷ്ട്രങ്ങളും സാമ്പത്തികരംഗത്തെ സുപ്രധാന സൂചകങ്ങളിൽ മാറ്റം വരുത്തുകയോ സംഖ്യകളിൽ കൃത്രിമം കാണിക്കുകയോ ചെയ്യുന്നത് പതിവാക്കിയിരിക്കുകയാണ്. എന്നാൽ ഇത്തരം ശ്രമങ്ങളെല്ലാം നടത്തിയിട്ടും, ഇന്ത്യാഗവൺമെന്റും മറ്റു കേന്ദ്രങ്ങളും പുറത്തുവിട്ടിട്ടുള്ള ഇന്ത്യൻസമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ചുള്ള പ്രതികരണങ്ങൾ കാണിക്കുന്നത് രാജ്യത്തെ ഫാക്ടറി ഉൽപ്പാദനവളർച്ച സെപ്തംബർ 2015ൽ വളരെ പിന്നോട്ടടിച്ചെന്നും അതേസമയം ചെറുകിടവ്യാപാരമേഖലയിലെ പണപ്പെരുപ്പം ഒക്ടോബർ 2015-ൽ കുത്തനെ ഉയർന്നുവെന്നുമാണ്. വ്യാവസായിക ഉൽപ്പാദനസൂചിക (Industrial Production Index) കഴിഞ്ഞ മൂന്നു വർഷത്തെ 6.2% ത്തിന്റെ സ്ഥാനത്ത് 3.6% മായി കുറഞ്ഞതായാണ് കാണിക്കുന്നത്. ഖനന-ചരക്കുൽപ്പാദന (manufacturing) രംഗത്തെ വളർച്ചയിലുള്ള കുറവാണ് വ്യാവസായിക ഉൽപ്പാദന സൂചികയെ പുറകോട്ടടിപ്പിച്ചത്. വ്യാവസായിക ഉൽപ്പാദന സൂചികയിൽ, മാന്യുഫാക്ചറിംഗ് രംഗത്ത് 7.5% വളർച്ച ഉണ്ടായിരുന്നത് സെപ്തംബർ 2015-ൽ 2.6% ആയി കുറഞ്ഞു. ഇത് ഓഗസ്റ്റ് 2015-ൽ 6.6% ആയിരുന്നു. തിരിച്ചുവരുമെന്ന പ്രതീക്ഷയെ തകർത്തുകൊണ്ട് വ്യാവസായിക ഉൽപ്പാദനം കഴിഞ്ഞ നാലു വർഷത്തെ ഏറ്റവും കുറഞ്ഞ 3.2% ത്തിലേക്ക് ചുരുങ്ങുകയായിരുന്നു. ഇതിന് കാരണമാകട്ടെ കഴിഞ്ഞ 28 മാസക്കാലത്തെ മാന്യുഫാക്ചറിംഗ്, മൂലധനസാമഗ്രികൾ (Capital goods) എന്നീ രംഗങ്ങളിലെ മോശമായ പ്രകടനമാണ്. 2008-ലെ ആഗോളസാമ്പത്തിക പ്രതിസന്ധിക്ക് ശേഷമുള്ള 7 വർഷത്തെയും, പർച്ചേസിംഗ് മാനേജേഴ്സ് ഇൻഡക്സി (PMI)ന്റെ കണക്ക് കാണിക്കുന്നത് വളരെ വേഗത്തിലുള്ള പിന്നോട്ടടിയാണ്. സർക്കാരിന്റെ വ്യാവസായിക ഉൽപ്പാദനസൂചികയും, 'നിക്കി ഇന്ത്യ'യുടെ PMI കാണിച്ച കഴിഞ്ഞ ഡിസംബറിലെ ഉൽപ്പാദനത്തിൽ വളരെ വലിയ ഇടിവുണ്ടായി എന്ന കണ്ടെത്തലും ഒത്തുപോകുന്നതാണ്. ഈ ഇടിവിന്റെ കാരണം എന്താണെന്ന് 'നിക്കി ഇന്ത്യ'യുടെ PMI സൂചിപ്പിച്ചത് നേരത്തെ കണ്ടെത്തിയപോലെ ആഭ്യന്തര ആവശ്യകതയിലുള്ള വലിയ പിന്നോട്ടടി കാരണം കമ്പനികളുടെ ഉൽപ്പാദനത്തിൽ കുറവ് സംഭവിച്ചു എന്നതാണ്.

'Mark it'എന്ന ബ്രിട്ടീഷ് സംഘടനയുടെ നിരീക്ഷണമനുസരിച്ച് ഇന്ത്യയിലെ 80%-ത്തോളം വരുന്ന സ്വകാര്യവ്യവസായങ്ങൾ അടുത്ത ഒരു വർഷത്തേക്ക് അവരുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള പുതിയ ഓർഡറുകളൊന്നും പ്രതീക്ഷിക്കുന്നില്ല എന്നാണ്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ സാമ്പത്തികപ്രക്രിയയിൽ ഒന്നും നടക്കുന്നില്ല എന്ന നിലയിലുള്ള രോഗാതുരമായ സാമ്പത്തികവ്യവസ്ഥയുടെ ലക്ഷണം കാണിക്കുന്നു എന്നാണ്. മറുവശത്ത് ചെറുകിട വ്യാപാര മേഖലയിലെ പണപ്പെരുപ്പം അഥവാ ഉപഭോക്തൃവില സൂചിക മുഖ്യമായും പച്ചക്കറികളുടെയും ധാന്യങ്ങളുടെയും രംഗത്ത് കഴിഞ്ഞ ഡിസംബറിൽ 5.6% വരെ ഉയരുകയുണ്ടായി. കഴിഞ്ഞ ആഗോളമാന്ദ്യം സൃഷ്ടിച്ച ആഘാതങ്ങൾ തങ്ങളെ ബാധിച്ചില്ലെന്നും ഇന്ത്യൻ സാമ്പത്തികരംഗം ചലനാത്മകമാണെന്നും മുന്നോട്ടു കുതിക്കുകയാണെന്നും ഇവിടത്തെ 'സാമ്പത്തികവിദഗ്ധരുടെ'യും സർക്കാരിന്റെയും അവകാശവാദങ്ങൾ എത്രമാത്രം പൊള്ളയാണെന്ന് ഇവ സൂചിപ്പിക്കുന്നു.

**ഡിമാന്റ് താഴുന്നതെന്തുകൊണ്ട്?**

ആഗോളമുതലാളിത്ത സാമ്രാജ്യത്വ വ്യവസ്ഥയുടെ അവിഭാജ്യഭാഗമായ ഇന്ത്യയുടെ ഇന്നത്തെ ദുരവസ്ഥയെക്കുറിച്ച് വിശദമായി മനസ്സിലാക്കാനാഗ്രഹിക്കുന്നവർക്കു വേണ്ടി ചില പ്രസക്തവശങ്ങൾ ചുരുക്കത്തിൽ ഇവിടെ ചർച്ച ചെയ്യാം. ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ നിറവേറ്റുക എന്നതല്ല മറിച്ച് ഉൽപ്പാദന ഉപാധികൾ മുഴുവൻ കൈവശം വെച്ചിരിക്കുന്ന മുതലാളി വർഗ്ഗത്തിന് പരമാവധി ലാഭമുണ്ടാക്കുകയാണ് മുതലാളിത്തവ്യവസ്ഥയിൽ ഉൽപ്പാദനത്തിന്റെ ലക്ഷ്യം. സാമ്പത്തികവും അല്ലാത്തതുമായ എല്ലാ മാർഗങ്ങളിലൂടെയും അധ്വാനിക്കുന്ന സാധാരണക്കാരായ ജനങ്ങളെ പിഴിഞ്ഞൂറ്റിയും തൊഴിലാളികൾക്ക് ന്യായമായ കൂലി നിഷേധിച്ചും മിച്ച അദ്ധ്വാനമൂല്യം കവർന്നെടുത്തുകൊണ്ടും ഈ ലാഭം കുന്നുകൂട്ടുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ മുഴുവൻ സമ്പത്തിന്റെയും സ്രഷ്ടാക്കളായ തൊഴിലാളിവർഗത്തെ മാത്രമല്ല പണിയെടുക്കുന്ന ജനതയെ ആകമാനം നിഷ്ഠൂരമായി ചൂഷണം ചെയ്തുകൊണ്ടാണ് മുതലാളിവർഗം ഈ സമ്പത്തുമുഴുവൻ ആർജിച്ചെടുക്കുന്നത്. ഒരുപിടി സമ്പന്നരും ലക്ഷക്കണക്കിൽ വരുന്ന ഒന്നുമില്ലാത്ത സാധാരണക്കാരും തമ്മിലുള്ള വിടവ് ഇതുവഴി അതിവേഗം വർദ്ധിക്കുകയും ചെയ്യുന്നു. അതായത് പരമാവധി ലാഭം എന്നതിനർത്ഥം പരമാവധി ചൂഷണം എന്നതാണ്. ചൂഷണം വർദ്ധിക്കുന്നതിനനുസരിച്ച് സമ്പന്നവർഗങ്ങളുടെ സമ്പത്ത് കൂടിക്കൊണ്ടിരിക്കുകയും അതിന്റെ ഫലമായി സാധാരണക്കാരായ ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

അടുത്ത വിഷയം ആവശ്യവും (Demand & Supply)വിതരണവും സംബന്ധിച്ചാണ്. ജനങ്ങൾ മാന്യമായി ജീവിക്കുന്നുവെന്ന് കരുതുകയാണെങ്കിൽ ആവശ്യകതയിൽ ഒരു കുറവും വരികയില്ലെന്നത് വളരെ വ്യക്തമാണ്. അതുപോലെ ഉൽപ്പാദനക്ഷമത കൂടിക്കൊണ്ടിരിക്കുന്നതു കൊണ്ട് വിതരണത്തിലും കുറവ് വരേണ്ടതില്ല. പക്ഷേ മുതലാളിത്തത്തിൽ കമ്പോളം എന്നു പറയുന്നത് ആവശ്യക്കാരുടെ ക്രയശേഷിയാണ്. കോർപ്പറേറ്റുകളും മുതലാളിമാരും പറയുന്ന വിലയ്ക്കാണ് ജനങ്ങൾ ചരക്കുകൾ വാങ്ങേണ്ടിവരിക.

ജനങ്ങൾ വീണ്ടും വീണ്ടും പാപ്പരായിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ ക്രയശേഷി (ചരക്കുകൾ വാങ്ങാനുള്ള കഴിവ്) നഷ്ടപ്പെടുകയും അത് കമ്പോളത്തെ ശോഷിപ്പിക്കുകയും ചെയ്യും. കമ്പോളം ചുരുങ്ങിയാൽ മുതലാളിമാർ ഉൽപ്പാദനം നിർത്തും. ഉൽപ്പാദനത്തിൽ നിയന്ത്രണം തുടർന്നാൽ പുതുതായി വ്യവസായം ഉണ്ടാവുകയില്ല; പുതിയ വ്യവസായങ്ങൾ ഉണ്ടാകാതിരിക്കുമ്പോൾ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാകില്ല. അതോടൊപ്പം ഉള്ള വ്യവസായങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്നതുകൊണ്ട് തൊഴിൽ നഷ്ടം വ്യാപകമാകുന്നു. ഇവ രണ്ടും കൂടി സമൂഹത്തിൽ തൊഴിലില്ലായ്മ പലമടങ്ങ് വർദ്ധിപ്പിക്കുന്നു. തൊഴിലില്ലാത്തത് കാരണം വരുമാനമുണ്ടാകുന്നില്ല. വരുമാനമില്ലാത്തത് കാരണം സാധനങ്ങൾ വാങ്ങാൻ പറ്റുന്നില്ല. ഇങ്ങനെ ജനങ്ങളുടെ ക്രയശേഷി കുത്തനെ താഴുന്നതോടെ കമ്പോളം കൂടുതൽ കൂടുതൽ ശുഷ്കമാകുന്നു. മരണാസന്ന മുതലാളിത്തം അകപ്പെട്ടിരിക്കുന്ന ദൂഷിതവലയം (Viscious Cycle) ഇതാണ്. ക്രയശേഷിയിലുള്ള വീഴ്ച ചരക്കുൽപ്പാദനം കുറക്കുന്നതിനും ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നതിനും കാരണമാകുന്നു. ബൂർഷ്വാസാമ്പത്തികവിദഗ്ധരും സാരോപദേശകരും പൊള്ളയായ പണ്ഡിത നാട്യത്തോടെ മറച്ചുവെക്കുന്നത് ഈ സത്യത്തെയാണ്.

**പരിഷ്ക്കാരങ്ങളുടെ പൊള്ളത്തരം**

പ്രശ്നങ്ങൾ പരിഹരിക്കാനാവുമെന്ന നിലക്കാണ് പരിഷ്ക്കാരത്തിന് വേണ്ടിയുള്ള മുറവിളി കൂടിക്കൊണ്ടിരിക്കുന്നത്. നിർദ്ദിഷ്ട പരിഷ്കാരങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കാതെ പറയുകയാണെങ്കിൽ, ഇവ ഭരണമുതലാളിവർഗത്തിന്റെ നിറഞ്ഞൊഴുകുന്ന മടിശീല വീർപ്പിക്കാനും സാധാരണജനജീവിതത്തെ വീണ്ടും തകർക്കുന്നതിനും ലക്ഷ്യം വെച്ചുള്ളതാണ്. ഉദാഹരണത്തിന്, നികുതിവ്യവസ്ഥ യുക്തിഭദ്രമാക്കാനെന്ന പേരിൽ ചരക്ക് സേവന നികുതി (GST) നടപ്പാക്കാൻ ഭരണാധികാരികൾ നിർബന്ധം പിടിക്കുന്നത് യഥാർത്ഥത്തിൽ വ്യവസായികളെയും കോർപ്പറേറ്റുകളെയും വിൽപ്പന നികുതിയുടെയും കസ്റ്റംസ് എക്സൈസ് തീരുവകളുടെയും ഭാരത്തിൽനിന്ന് മോചിപ്പിക്കുന്നതിനും അവസാന ഉപഭോക്താക്കളെന്ന നിലക്ക് പൊതുജനങ്ങളുടെ തലയിൽ വിലക്കയറ്റത്തിന്റെ രൂപത്തിൽ ഇവ കെട്ടിവെക്കുന്നതിനും വേണ്ടിയാണ് (നിലവിലുള്ള വാറ്റും സർവ്വീസ് ടാക്സും പോലെ). മറ്റൊരു വിധത്തിൽ പറഞ്ഞാൽ പാപ്പരായിക്കൊണ്ടിരിക്കുന്ന ജനങ്ങൾ വീണ്ടും ഭാരിച്ച പരോക്ഷ നികുതി താങ്ങേണ്ടിവരും.

> ജനങ്ങൾ പാപ്പരായിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ ക്രയശേഷി നഷ്ടപ്പെടുകയും അത് കമ്പോളത്തെ ശോഷിപ്പിക്കുകയും ചെയ്യും. കമ്പോളം ചുരുങ്ങിയാൽ ഉൽപ്പാദനം നിർത്തും. അപ്പോൾ പുതിയ വ്യവസായങ്ങളും തൊഴിലവസരങ്ങളും ഉണ്ടാകില്ല. ഉള്ള വ്യവസായങ്ങൾ അടച്ചുപൂട്ടുകയും ചെയ്യും. തൊഴിൽ നഷ്ടം വ്യാപകമാകും. ഇത് തൊഴിലില്ലായ്മ പലമടങ്ങ് വർദ്ധിപ്പിക്കുന്നു. തൊഴിലില്ലെങ്കിൽ വരുമാനമില്ല. ക്രയശേഷി കുത്തനെ താഴും. കമ്പോളം കൂടുതൽ കൂടുതൽ ശുഷ്കമാകും. മരണാസന്ന മുതലാളിത്തം അകപ്പെട്ടിരിക്കുന്ന ദൂഷിതവലയം (Viscious Cycle) ഇതാണ്.

പലിശനിരക്ക് കുറക്കുന്നതിനു വേണ്ടി ബൂർഷ്വാസാരോപദേശികൾ ഇടക്കിടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്, അത് കോർപ്പറേറ്റുകളുടെയും വ്യവസായികളുടെയും ക്രഡിറ്റ് നില മെച്ചപ്പെടുത്തുമെന്നും നിക്ഷേപത്തെയും ഉൽപ്പാദനത്തെയും ഉത്തേജിപ്പിക്കുമെന്നുമുള്ള ധാരണയിലാണ്. ഇത് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്തതാണ്. എന്തുകൊണ്ടെന്നാൽ അടുത്ത കാലത്ത് പലതവണ പലിശനിരക്ക് കുറച്ചിട്ടുണ്ടെങ്കിലും യാതൊരു ഫലവും അതുണ്ടാക്കിയിട്ടില്ല. ആഭ്യന്തരഉൽപ്പാദനത്തിന്റെ 8.3% വരുന്ന പദ്ധതികൾ നടപ്പാക്കാതെ കിടക്കുകയാണ് (suspended animation). ഇങ്ങനെ പ്രവർത്തനക്ഷമമാകാത്തത് കമ്പോളത്തിന്റെ അഭാവംമൂലമാണെന്ന് കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവെ സമ്മതിച്ചിട്ടുള്ളതാണ്. ഇന്ത്യൻ കോർപ്പറേറ്റുകൾ എടുത്തിട്ടുള്ള 450 ബില്യൻ ഡോളർ കടത്തിന്റെ 33% അതിന്റെ പലിശപോലും നൽകാൻ സാധിക്കാത്ത കമ്പനികളുടെ കൈയിലാണ്. പ്രവർത്തനക്ഷമമല്ലാത്ത സമ്പത്ത് എന്ന നിലക്കുള്ള ഇത്തരം കടങ്ങൾ കണക്കറ്റ നിലയിൽ കുന്നുകൂടുകയാണ്. ഇത്തരം കടങ്ങളുടെ കാര്യത്തിൽ സർക്കാരിനെക്കൊണ്ട് അനുകൂല നടപടി എടുപ്പിക്കാത്തതിൽ പല സംരംഭകരും (Promoters) വ്യവസായികളും ബാങ്കുകളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ് എന്ന് റിസർവ് ബാങ്ക് ഗവർണറെ പോലുള്ളവർ സ്ഥിരീകരിച്ചിട്ടുണ്ട്. കസ്റ്റംസ് എക്സൈസ് തീരുവയിനങ്ങളിൽ പലതരത്തിലുള്ള നികുതിയിളവുകളിലൂടെയും ആശ്വാസനടപടികളിലൂടെയും 5,89,285.2 കോടിയുടെ സബ്സിഡികൾ 2014-15ൽ കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും ഗവൺമെന്റ് നൽകിയിട്ടുണ്ട്. സാങ്കേതികമായി ഉപേക്ഷിക്കപ്പെട്ട വരുമാനമെന്ന നിലക്ക് കാണുന്ന ഈ സംഖ്യ 2014-15 ലെ ബഡ്ജറ്റിന്റെ ധനകമ്മിയായ 5,55,649 കോടിയേക്കാളും സർക്കാറിന്റെ മൊത്തം വായ്പയേക്കാളും കൂടുതലാണ്. എന്നാൽ ഇത് ഏതെങ്കിലും വഴിക്ക് സാമ്പത്തിക വളർച്ചയ്ക്കോ നിക്ഷേപവർദ്ധനവിനോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനോ ഇടയാക്കിയിട്ടുണ്ടോ?

നമ്മുടെ രാജ്യത്തെ കമ്പനികൾ കൂടുതൽ മൽസരാധിഷ്ഠിതമാകണം എന്നും ഒഴിവാക്കൽ ഭരണരീതികൾ (Regime of exemption), സമ്മർദ്ദ ഗ്രൂപ്പുകൾക്കും വരുമാനനഷ്ടത്തിനും കേസുകൾക്കും വഴിവെച്ചിട്ടുണ്ടെന്നും പറഞ്ഞുകൊണ്ട് ബി.ജെ.പി ധനകാര്യമന്ത്രി കഴിഞ്ഞ ബജറ്റിൽ 30% ഉണ്ടായിരുന്ന കോർപ്പറേറ്റ് നികുതി 25% ആക്കി കുറച്ചുകൊടുത്തിട്ടുണ്ട്. ഇത് നിക്ഷേപവും വളർച്ചയും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. അത് യാഥാർത്ഥ്യമായോ അതോ ശുദ്ധതട്ടിപ്പായിരുന്നെന്ന് തെളിയിക്കപ്പെട്ടോ? ബംഗാളിലെ പ്രമുഖപത്രമായ ആനന്ദബസാർ പത്രിക 2015 മെയ് 26 ന് "ആഭ്യന്തരകമ്പോളത്തിൽ ഡിമാന്റ് ഇല്ല" എന്ന് വ്യക്തമായി പ്രസിദ്ധപ്പെടുത്തിയിരുന്നു. രാജ്യത്തിന് പുറത്തുള്ള കമ്പോളത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്. അതുകൊണ്ട് ആഭ്യന്തരവും വിദേശീയവുമായ നിക്ഷേപകർ മൂലധനമിറക്കുന്നതിൽനിന്ന് വിട്ടുനിൽക്കുകയാണ്. നിർമ്മാണം, ഉൽപ്പാദനം, ട്രാൻസ്പോർട്ട്, റിയൽ എസ്റ്റേറ്റ്, സാമ്പത്തിക സേവനം തുടങ്ങിയ എല്ലാ വ്യവസായങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. പുതിയ വ്യവസായത്തിന് വേണ്ടി ബാങ്ക് വായ്പകൾ എടുക്കുന്നില്ല. എല്ലാ രംഗങ്ങളും നേരിട്ടുള്ള വിദേശനിക്ഷേപ (FDI)ത്തിന് തുറന്നുകൊടുത്താൽ നിക്ഷേപത്തിന്റെ ഹിമപാതം ഉണ്ടാകും എന്ന വാദം സംശയാതീതമായി പരിഹാസ്യമായി മാറിക്കൊണ്ടിരിക്കുന്നു.

യഥാർത്ഥത്തിൽ ഇതാണ് മുതലാളിത്ത സാമ്രാജ്യത്വ ലോകത്തിന്റെ ചിത്രം. ജർമ്മൻ പത്രമായ 'ഹാൻഡിൽസ് ബ്ലാറ്റ്' ൽ ഡിസം

(ശേഷം 11-ാം പേജിൽ)

# സാമ്പത്തിക പരിഷ്ക്കാരങ്ങൾ മുതലാളിവർഗ്ഗത്തിന്റെ മടിശീലനിറയ്ക്കാൻ മാത്രം ലക്ഷ്യമിടുന്നവ

*(10-ാം പേജിൽ നിന്ന്)*

ബർ മാസത്തിൽ ഐഎംഎഫ് മാനേജിംഗ് ഡയറക്ടർ ക്രിസ്ത്യൻ ലിഗാഡേ എഴുതിയ ലേഖനത്തിൽ സാമ്പത്തികവളർച്ച അടുത്തവർഷം നിരാശാജനകമായിരിക്കും എന്ന്പറഞ്ഞിട്ടുണ്ട്. യൂറോപ്പ് ഒന്നടങ്കം മാന്ദ്യത്തിന്റെ പിടിയിലമർന്നിരിക്കുകയാണ്. ചൈനയുടെ മുതലാളിത്ത സാമ്പത്തികസ്ഥിതി സ്തംഭനാവസ്ഥയിലാണ്. അമേരിക്കയുടെ സ്ഥിതിയും മെച്ചമല്ല. വരുന്ന ഒക്ടോബർ മാസം അവസാനത്തോടെ സാമ്പത്തികരംഗം പിന്നോട്ടടിക്കുമെന്നതിൽ അമേരിക്കൻ കമ്പനികളും കോൺഗ്രസും ഭയം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതേരീതിയിൽ ഡിമാന്റിലെ വമ്പൻ തകർച്ച മൂലം ഇന്ത്യൻ സാമ്പത്തിക രംഗവും മാന്ദ്യത്തിലാണെന്ന് ലഭ്യമായ എല്ലാ വസ്തുതകളും വ്യക്തമാക്കുന്നു. മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും മതിയായ പ്രതിഫലം ലഭ്യമാക്കിയും പരോക്ഷ നികുതികളുടെ ഭാരം കുറച്ചും കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടഞ്ഞുകൊണ്ട് വിലക്കയറ്റം തടഞ്ഞുനിർത്തിയും ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാനും കമ്പോളത്തിലെ ഡിമാന്റിനെ ഉദ്ദീപിപ്പിക്കാനും ശ്രമിക്കുന്നതിനു പകരം വിപരീത ദിശയിലാണ് സർക്കാർ സഞ്ചരിക്കുന്നത്. ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും പെട്ടുഴലുന്ന ജനതയെ സ്വയം പ്രതിരോധത്തിന് വിട്ടുകൊണ്ട് മുൻകോൺഗ്രസ് ഭരണാധികാരികളെപ്പോലെ, വ്യവസായികൾക്കും കോർപ്പറേറ്റുകൾക്കും സമ്പന്നർക്കും എല്ലാവിധ ഇളവുകളും ആനുകൂല്യങ്ങളും സബ്സിഡികളും വർദ്ധിപ്പിച്ചുകൊടുക്കുകയാണ് ബിജെപി സർക്കാർ ചെയ്യുന്നത്. അതുകൊണ്ട് സ്ഥിതി അതീവ ഗുരുതരമാവുകയാണ്.

**പണപ്പെരുപ്പം**

വർദ്ധിച്ചുവരുന്ന സാമ്പത്തിക മാന്ദ്യം, വ്യവസായങ്ങളുടെ തകർച്ച, ഉൽപ്പാദനക്ഷമമായ നിക്ഷേപത്തിന്റെ അഭാവം തുടങ്ങിയവ സൃഷ്ടിക്കുന്ന സാമ്പത്തിക വ്യവസ്ഥയുടെ മുരടിപ്പ് നാണയപ്പെരുപ്പം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ബിജെപിയുടെ ധനകാര്യമന്ത്രി തന്റെ കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ സർക്കാറിന്റെ മുഖ്യനേട്ടങ്ങളിലൊന്ന് പണപ്പെരുപ്പം തടഞ്ഞുനിർത്താനായതാണ് എന്ന് പറഞ്ഞിരുന്നു. അവസാനമായി രേഖപ്പെടുത്തിയ ഉപഭോക്തൃവില സൂചിക(Consumer price index)പ്രകാരം പണപ്പെരുപ്പനിരക്ക് 5.1%വും മൊത്തവിൽപ്പന വിലവർദ്ധന (wholesale price inflation) നെഗറ്റീവും ആണെന്ന് അദ്ദേഹം ഇതിന് തെളിവായി പറഞ്ഞിട്ടുണ്ട്.

പക്ഷെ ജീവൻ നിലനിർത്താനാവശ്യമായ സാധനങ്ങൾ വാങ്ങാൻ മാർക്കറ്റിൽ പോകുന്ന സാധാരണക്കാരന് ഈ അവകാശവാദം ശുദ്ധനുണയാണെന്നും രാജ്യത്തെ ജനങ്ങളെ വഞ്ചിക്കുന്നതിന് തുല്യമാണെന്നും ബോദ്ധ്യപ്പെടും. ശേഷമുള്ള 5 മാസത്തെ Consumer price index ലെ ഭാരിച്ച വർദ്ധനവും ചില്ലറക്കച്ചവട രംഗത്തെ വിലക്കയറ്റവും പരിശോധിച്ചാൽ എവ്വിധമാണ് അദ്ദേഹം ജനങ്ങളെയും പാർലമെന്റിനെയും ഒരുപോലെ തെറ്റിദ്ധരിപ്പിച്ചത് എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ഗവൺമെന്റ് പുറത്തുവിട്ട കണക്ക് പ്രകാരം ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റവും 6.4% വർദ്ധിച്ചതായി കാണാം. മുതലാളിത്ത സമ്പദ്വ്യവസ്ഥയുടെ അപകടകരമായ അവസ്ഥ വെളിവാക്കുന്ന വസ്തുതകൾ കുറച്ചുകാണിച്ച് യാഥാർത്ഥ്യം മൂടിവെയ്ക്കുവാൻ സർക്കാർ ഏജൻസികൾ കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തെതന്നെ മാറ്റിക്കളയുന്ന തരത്തിൽ കൃത്രിമം കാണിക്കാൻ തയ്യാറാവുകയാണ് എന്ന് ഇവിടെ എടുത്ത് പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയെല്ലാം ചെയ്തിട്ടും റീട്ടെയിൽ രംഗത്തെ പണപ്പെരുപ്പം ഒളിച്ചുവെക്കാൻ കഴിഞ്ഞിട്ടില്ല.

> മുതലാളിത്തവ്യവസ്ഥയെ സ്വന്തം പ്രതിസന്ധിയുടെ നിഴൽ സദാ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അത് ഓരോ പ്രസിസന്ധിയും പരിഹരിക്കുന്നത് മറ്റൊരു വലിയ പ്രതിസന്ധിയിൽ അകപ്പെട്ടുകൊണ്ടാണ്. ഇത് മുതലാളിത്തത്തിന്റെ സ്ഥിരം പ്രതിസന്ധിയാണെന്നും കാലംചെല്ലുന്തോറും മൂർച്ഛിച്ചുകൊണ്ടിരിക്കുമെന്നും മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ എസ്‌യുസിഐ(സി)യുടെ സ്ഥാപകജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ പ്രമുഖ മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ്ഘോഷ് വളരെ മുമ്പേ വ്യക്തമാക്കിയതാണ്.

നേരത്തെ പറഞ്ഞപോലെ രാജ്യത്തെ ബൂർഷ്വാഗവൺമെന്റിന്റെ ഇത്തരം നടപടികളും നയങ്ങളും എല്ലാം ഉണ്ടായിട്ടും മുതലാളിത്തസാമ്പത്തിക നിയമമനുസരിച്ച് സഹജമായി ഉയർന്നുകൊണ്ടിരിക്കുന്ന നാണയപ്പെരുപ്പത്തെ കൃത്രിമത്തിലൂടെ കുറച്ചുകാണിക്കാൻ ശ്രമിക്കുന്നത് വളരെ ഗൗരവമേറിയ കുറ്റമാണ്. ജനങ്ങൾ മാർക്കറ്റിൽനിന്ന് ചരക്കുകൾ വാങ്ങുന്ന വിലയുടെ അടിസ്ഥാനത്തിൽ ഉപഭോക്തൃവിലസൂചിക (CPI) കണ്ടെത്തുന്നതിന് പകരം ഇന്ത്യാഗവൺമെന്റ് മൊത്തക്കച്ചവട വിലസൂചിക (WPI) യെ അടിസ്ഥാനപ്പെടുത്തിയാണ് പണപ്പെരുപ്പനിരക്ക് പ്രസിദ്ധപ്പെടുത്തുന്നത്. മൊത്തക്കച്ചവട വിലയും റീട്ടെയിൽ കച്ചവടവിലയും തമ്മിൽ വലിയ അന്തരമുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഹോൾസെയിൽ രംഗത്ത് 15 രൂപ വിലയുള്ള ഒരു കിലോഗ്രാം പച്ചക്കറിക്ക് 25 മുതൽ 30 രൂപ വരെ ചില്ലറ വിൽപ്പന രംഗത്ത് നൽകേണ്ടിവന്ന അനുഭവം ഈയിടെ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സർക്കാർ കാണിക്കുന്ന നാണയപ്പെരുപ്പ നിരക്കിനേക്കാൾ മൂന്നോ നാലോ ഇരട്ടിയായിരിക്കും യഥാർത്ഥ നാണയപ്പെരുപ്പമെന്ന അഭിപ്രായം ഒരിക്കലും തെറ്റാവില്ല.

ഡിമാന്റ് വർദ്ധിക്കുന്നതുകൊണ്ടാണ് വിലക്കയറ്റമുണ്ടാകുന്നതെന്നത് മുതലാളിത്ത ഭരണാധികാരികളുടെ ഭാഗത്ത് നിന്ന് വരുന്ന വാദമാണ്. കൂടുതൽ പണവും കുറച്ച് ചരക്കും എന്ന സ്ഥിതിവിശേഷമാണ് നാണയപ്പെരുപ്പം എന്ന് അവർ നിർവചിക്കുന്നു. ജനങ്ങളുടെ കൈയിലുള്ള പണം വർദ്ധിക്കുന്നതിനനുസരിച്ച് ചരക്കുകളുടെ ഡിമാന്റ് വർദ്ധിക്കുന്നു എന്നും വർദ്ധിച്ചുവരുന്ന ഡിമാന്റിനനുസരിച്ച് ചരക്കില്ലാതെ വരുമ്പോൾ വില വർദ്ധിക്കുന്നു എന്നുമാണ് അവർ വാദിക്കുന്നത്. ഒരു വ്യവസ്ഥയിൽ പണത്തിന്റെ സർക്കുലേഷൻ കൂടുന്നതാണ് പണപ്പെരുപ്പത്തിന് കാരണമാകുന്നത് എന്നും ഇത് സാമ്പത്തികവ്യവസ്ഥയുടെ വളർച്ചയെ സൂചിപ്പിക്കുകയും സമ്പദ്സമൃദ്ധിയെ അടയാളപ്പെടുത്തുകയുമാണ് ചെയ്യുന്നതെന്നും അവർ വാദിക്കുന്നു. ചരക്കുകളുടെ ഡിമാന്റ് നേരിടുന്ന തകർച്ചയാണ് രാജ്യത്ത് അനുഭവപ്പെടുന്ന സാമ്പത്തികമാന്ദ്യത്തിന് കാരണമെന്ന വസ്തുത മറന്നുകൊണ്ട് അവർ വീണ്ടും ഈ വാദം ഉന്നയിച്ചുകൊണ്ടിരിക്കുന്നത് ജനങ്ങളെ വിഡ്ഢികളാക്കുന്നതിന് വേണ്ടിയാണ്. പണം കുന്നുകൂടുന്നത് ചുരുക്കം ചില ആളുകളുടെ കൈയിലാണ്. അല്ലാതെ മൊത്തം ജനങ്ങൾക്കല്ല എന്ന വസ്തുതയാണ് ഇവിടെ കൗശലപൂർവം മറച്ചുവെക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ട് സമ്പൽസമൃദ്ധി ഒരുപിടി വരുന്ന സമ്പന്നർക്കു മാത്രമാണ്. ലക്ഷക്കണക്കിനുവരുന്ന പണിയെടുക്കുന്ന സാധാരണക്കാർ കൊടിയ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും മുങ്ങി അമർന്നുകൊണ്ടിരിക്കുകയാണ്. "ഡിമാന്റ് താഴോട്ട് പോകുന്നതോ വില മേലോട്ടു പോകുന്നതോ" (Demand pull or cost push) കൊണ്ടാണ് നാണയപ്പെരുപ്പമുണ്ടാകുന്നത് എന്ന മറ്റൊരു വാദം ക്ലാസിക്കൽ ബൂർഷ്വാസാമ്പത്തികശാസ്ത്രം മുന്നോട്ടുവെക്കുന്നുണ്ട്. പക്ഷേ മരണാസന്നമായ ഇന്നത്തെ മുതലാളിത്തം അഭിമുഖീകരിക്കുന്ന Stagflation ന്റെ(നാണയപ്പെരുപ്പ വർദ്ധനവും സാമ്പത്തിക വളർച്ചയുടെ പിന്നോക്കം പോക്കും) കാരണം ഇതൊന്നുമല്ല. വിപുലമായ ജനവിഭാഗത്തിന്റെ വരുമാനത്തിലുള്ള ഇടിവാണ് ഡിമാന്റ് താഴ്ത്തുന്നത്. വിലവർദ്ധനവിനെക്കുറിച്ചുള്ള മറ്റെല്ലാ വിശദീകരണവും തെറ്റാണെന്ന് വ്യക്തം. മുതലാളിമാരുടെ ഉൽപ്പാദനച്ചെലവ് കുറക്കുന്നതിനുവേണ്ടി ഗവൺമെന്റ് ധാരാളം ഇളവുകളും സൗകര്യങ്ങളും അവർക്ക് ദാനമായി നൽകുന്നുണ്ട്. ഉദാഹരണത്തിന്, ഗുജറാത്തിലെ സാനന്തിലുള്ള നാനോ കാർ ഫാക്ടറി സ്ഥാപിക്കുന്നതിനു വേണ്ടി അന്നത്തെ ഗുജറാത്തിലെ മോദി സർക്കാർ 30,000 കോടിയുടെ സബ്സിഡിയും 0.1% പലിശക്കുള്ള 9570 കോടിയുടെ വായ്പയുമാണ് പൊതുഖജനാവിൽ നിന്നു നൽകിയത്. വിത്ത്, വളം, കീടനാശിനി എന്നിവക്ക് ഭാരിച്ച സംഖ്യ ചെലവഴിക്കേണ്ടിവരുന്ന കർഷകരെ, തുച്ഛമായ സംഭരണവില നൽകി തങ്ങളുടെ ഉൽപ്പന്നങ്ങൾ തുച്ഛവിലക്ക് വിൽക്കാൻ നിർബന്ധിതരാക്കുന്നു. ഇതിനു പിന്നിൽ പ്രവർത്തിക്കുന്നത് സർക്കാർ-മധ്യവർത്തി-കുലാക്ക് -രാഷ്ട്രീയ കൂട്ടുകെട്ടുകളാണ്. അപ്പോൾ എന്തുകൊണ്ടാണ് വില കയറുന്നത്? മുതലാളിവർഗവും അതിന്റെ അനുസരണയുള്ള ഗവൺമെന്റും ഉൾപ്പടെ ഉൽപ്പാദനം നിയന്ത്രിക്കുന്നവരാകെ പരമാവധി ലാഭം കിട്ടുന്നതിന് സഹായകമാം വിധം, തോന്നുന്ന വിലയിട്ട് സാധാരണ ജനങ്ങളെ പിഴിയുന്നത് കൊണ്ടാണ്. ഇതിനെല്ലാം പുറമെ മേൽപ്പറഞ്ഞ അവിശുദ്ധ കൂട്ടുകെട്ട് വീണ്ടും വില വർദ്ധിപ്പിച്ച് സ്വന്തം കീശ വീർപ്പിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ ഏകദേശം 28.3 ലക്ഷം കോടി രൂപയുടെ കള്ളപ്പണം ഓരോ വർഷവും സർക്കാറിന്റെ കൺമുമ്പിൽ വെളുപ്പിക്കുന്നതും പണപ്പെരുപ്പത്തിന് കാരണമാകുന്നു. പലിശനിരക്ക് കുറച്ചാൽ സമ്പാദ്യശീലം ഒഴിവാക്കി അത്രയും പണം മാർക്കറ്റിലെത്തി ഡിമാന്റിനെ ത്വരിതപ്പെടുത്തുമെന്ന് പറഞ്ഞുകൊണ്ടും മേൽപ്പറഞ്ഞ വസ്തുതകൾക്കെല്ലാം നേരെ കണ്ണടച്ചുകൊണ്ടും ഭരണമുതലാളിവർഗത്തിന്റെ കൽപ്പന അനുസരിച്ച് പലിശ നിരക്ക് കുറക്കാനായി മുറവിളി നടക്കുകയാണ്. ഇത് മറ്റൊരു ചതി പ്രയോഗമാണ്. സർക്കാർ നിയമിച്ച ഒരു കമ്മറ്റിയുടെ വെളിപ്പെടുത്തൽ അനുസരിച്ച് 77% ത്തിലധികം നാട്ടുകാർ ദാരിദ്ര്യരേഖക്ക് താഴെ കഴിഞ്ഞുകൂടുന്നവരാണ്. ആയിരക്കണക്കിന് തൊഴിലാളികളെ യാചകരാക്കി തെരുവിലേക്ക് വലിച്ചെറിഞ്ഞുകൊണ്ട് ദിനംപ്രതി അനേകം വ്യവസായങ്ങൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. മൂന്നു ലക്ഷത്തിലധികം കർഷകർ ഇതിനകം ആത്മഹത്യ ചെയ്തിട്ടുണ്ട്. മറുവശത്ത്, റിട്ടയർ ചെയ്യുന്ന ആളുകൾ ഉൾപ്പെടെ ബാങ്ക്പലിശയെ ആശ്രയിച്ച് ജീവിതം കഴിച്ചുകൂട്ടുന്നവരുടെ കഷ്ടപ്പാട് പലിശ കുറക്കുന്നതിന്റെ ഫലമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പലിശ കുറയുമ്പോൾ ഇത്തരക്കാർ അവരുടെ ബാങ്ക് ബാലൻസിൽ നിന്ന് പണമെടുത്ത് ചെലവാക്കുമത്രെ, മാർക്കറ്റിൽ പണപ്പെരുപ്പത്തിന് സമ്മർദ്ദം ഉണ്ടാക്കുന്നതിന് മാത്രം ഇവരുടെ പക്കൽ സമ്പാദ്യമുണ്ടെന്ന് നാം വിശ്വസിക്കണോ? ഇത് പരിഹാസ്യമായ ഒരു വാദമാണ്. എന്നാൽ സ്വന്തം ജനവിരുദ്ധ നടപടികളെ ന്യായീകരിക്കുന്നതിനുവേണ്ടി ബൂർഷ്വാസാമ്പത്തിക വിദഗ്ദ്ധരും കൂലിഎഴുത്തുകാരും മറ്റും ഈ വാദമുയർത്തി ജനവഞ്ചന തുടരുകയാണ്. വാസ്തവത്തിൽ ദാരിദ്ര്യരേഖക്ക് താഴെവരുന്ന മിക്കവാറും ആളുകൾക്ക് 'പാവപ്പെട്ടവർക്കുള്ള നികുതി' (poor mans tax) എന്ന നിലക്കാണ് പണപ്പെരുപ്പം അനുഭവപ്പെടുന്നത്.

**മുതലാളിത്തത്തിന് കുഴപ്പത്തിൽ നിന്ന് പുറത്തുകടക്കാൻ ആവില്ല**

ഇവിടെ മുതലാളിത്തസമ്പദ്വ്യവസ്ഥയുടെ പ്രകടമായ ഒരു വൈരുദ്ധ്യം നാം ശ്രദ്ധിക്കേണ്ടതാണ്. ബൂർഷ്വാ സാമ്പത്തിക വിദഗ്ദ്ധരുടെ അഭിപ്രായം പലിശനിരക്ക് കുറച്ചാൽ അത് മൂലധനനിക്ഷേപത്തെ ത്വരിതപ്പെടുത്തും എന്നതാണ്. പക്ഷെ അവരെ അലോസരപ്പെടുത്തുന്നത് ഇത് വീണ്ടും പണപ്പെരുപ്പം വർദ്ധിപ്പിക്കുമെന്നതാണ്. യഥാർത്ഥത്തിൽ മുതലാളിത്തം അകപ്പെട്ടിരിക്കുന്ന ഈ കടുത്ത കുഴപ്പം മുതലാളിത്തത്തിന്റെ കൂടപ്പിറപ്പാണ് .മുതലാളിത്തവ്യവസ്ഥയെ സ്വന്തം പ്രതിസന്ധിയുടെ നിഴൽ സദാ വേട്ടയാടിക്കൊണ്ടിരിക്കുന്നു. അത് ഓരോ പ്രസിസന്ധിയും പരിഹരിക്കുന്നത് മറ്റൊരു വലിയ പ്രതിസന്ധിയിൽ അകപ്പെട്ടുകൊണ്ടാണ്. ഇത് മുതലാളിത്തത്തിന്റെ സ്ഥിരം പ്രതിസന്ധിയാണെന്നും കാലംചെല്ലുന്തോറും മൂർച്ഛിച്ചുകൊണ്ടിരിക്കുമെന്നും മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ എസ്‌യുസിഐ(സി)യുടെ സ്ഥാപകജനറൽ സെക്രട്ടറിയും ഈ യുഗത്തിലെ പ്രമുഖ മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ്ഘോഷ് വളരെ മുമ്പേ വ്യക്തമാക്കിയതാണ്. മുതലാളിത്തത്തിന്റെതന്നെ നിയമപ്രകാരം മൂർച്ഛിച്ചുവരുന്ന ഈ പ്രതിസന്ധിയിൽ നിന്ന് മുതലാളിത്തത്തെ രക്ഷിക്കാൻ ഒരു ചെപ്പടിവിദ്യക്കും ഇന്ദ്രജാലത്തിനും കഴിയുകയില്ല. കാലംചെല്ലുന്തോറും വസ്തുതകൾ ഈ പ്രവചനതുല്യമായ നിരൂപണം ശരിവയ്ക്കുന്നതിലൂടെ സത്യം കണ്ടെത്തുന്നതിനുള്ള മാർക്സിസ്റ്റ് വിശകലനരീതി ശരിയാണെന്ന് സ്ഥാപിക്കപ്പെടുകയാണ്.

അതുകൊണ്ട് ഭരണവർഗത്തിന്റെ ഭാഗത്ത് നിന്ന് വസ്തുതകൾ എത്ര മറച്ചുവെക്കാൻ കഴിഞ്ഞാലും മറ്റേതൊരു മുതലാളിത്ത-സാമ്രാജ്യത്വരാജ്യത്തെയും പോലെ ഇന്ത്യയും മരണാസന്നമായ മുതലാളിത്തത്തെ ബാധിക്കുന്ന stagflation എന്ന രോഗത്തിന്റെ പിടിയിൽ അമർന്നു കഴിഞ്ഞിരിക്കുകയാണ്. ഈ രോഗത്തിന് മുതലാളിത്തത്തിൽ ഒരു ചികിൽസയും ഇല്ലാത്തതിനാൽ ദിവസംതോറും ഇത് മൂർച്ഛിച്ചുകൊണ്ടിരിക്കും. ഭരിക്കുന്ന മുതലാളിവർഗം ഈ രോഗത്തെ ചികിൽസിക്കുകയാണെന്ന വ്യാജേന സാധാരണ ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കിക്കൊണ്ട് പുതിയ പുതിയ ഭാരങ്ങൾ അവരുടെമേൽ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കും. ഇതിനെതിരെയുള്ള ജനങ്ങളുടെ എതിർപ്പ് ഒരു പൊട്ടിത്തെറിയിലെത്താതിരിക്കാൻ മുതലാളിവർഗത്തിന്റെ സേവകരായ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇടക്കിടെ, പ്രത്യേകിച്ച് തെരഞ്ഞെടുപ്പ് കാലത്തും മറ്റും, ഗുണനിലവാരമില്ലാത്ത അരിയും ഗോതമ്പും കുറഞ്ഞ വിലയ്ക്ക് നൽകിയും, ലാപ്ടോപ്പ്, സൈക്കിൾ എന്നിവ വിതരണം ചെയ്തും ജനങ്ങളെ പറ്റിക്കാറുണ്ട്. വാസ്തവത്തിൽ ഗവൺമെന്റ് അതിന്റെ ക്രൂരമായ സാമ്പത്തിക-ധന നയങ്ങളിലൂടെ കഷ്ടപ്പെടുന്ന ജനങ്ങളുടെ പിച്ചച്ചട്ടിയിൽനിന്ന് അവസാനത്തെ ചില്ലിത്തുട്ടും തട്ടിയെടുക്കുന്നു. അതിൽ നിന്ന് തുച്ഛമായ ഒരു പങ്ക് തിരിച്ച് ജനങ്ങൾക്ക് എറിഞ്ഞുകൊടുക്കുകയാണ് ചെയ്യുന്നത്. ചെലവാക്കാതെ നേട്ടമുണ്ടാക്കുക എന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുകയാണ് ഇവിടെ. പക്ഷേ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് വേണ്ടി ബജറ്റിൽ വകയിരുത്തേണ്ട പ്രശ്നം വരുമ്പോൾ അത് കേവലം ഒരു കയ്യടി വാങ്ങാനുള്ള നടപടിയാണെന്ന് പറഞ്ഞുകൊണ്ട് തള്ളിക്കളയുന്നു. അതുകൊണ്ട് ദുരിതമനുഭവിക്കുന്ന ജനങ്ങൾ ബൂർഷ്വാ സാമ്പത്തിക വിദഗ്ദ്ധരുടെയും മന്ത്രിമാരുടെയും മറ്റും സാമ്പത്തിക പുനരുജ്ജീവനത്തെപ്പറ്റിയുള്ള വാചകമടികളിൽ കുടുങ്ങിപ്പോകാതെ ഈ ബൂർഷ്വാവഞ്ചനക്കെതിരെ ഉണർന്നുപ്രവർത്തിക്കുകയാണ് വേണ്ടത്. മുതലാളിത്തത്തെ സ്ഥാനഭ്രഷ്ടമാക്കുന്നതുവരെ ജനജീവിതത്തിൽ ഒരു സ്വസ്ഥതയുമില്ല എന്നത് മനസ്സിലാക്കുകയാണ് ഇന്നത്തെ അടിയന്തര കർത്തവ്യം. അതുവരെ സംഘടിതവും ശക്തവും സബോധവുമായ ജനകീയപ്രക്ഷോഭം യഥാർത്ഥ വിപ്ലവനേതൃത്വത്തിന്റെ കീഴിൽ പടുത്തുയർത്തിക്കൊണ്ടുമാത്രമേ എന്തെങ്കിലും ആശ്വാസം നേടിയെടുക്കുവാനും കഴിയുകയുള്ളൂ. ■

# ചൈനീസ് സമ്പദ് വ്യവസ്ഥയുടെ തകർച്ച

# സോഷ്യലിസ്റ്റ് കമ്പോള സമ്പദ്ഘടന എന്ന കാപട്യത്തിന്റെ മുതലാളിത്ത സ്വഭാവം വെളിവാക്കുന്നു

**ചൈനീസ് സമ്പദ്‌വ്യവസ്ഥ ഇന്ന് മോഹാലസ്യത്തിലായിരിക്കുന്നു. സാമ്പത്തിക വളർച്ചയുടേയും തളർച്ചയുടേയും മാനകമായി മുതലാളിത്ത സാമ്പത്തികപണ്ഡിതർ കണക്കിലെടുക്കുന്ന ജിഡിപി വളർച്ച, 2015-ൽ വെറും 6.9% മാത്രമാണ്. ഇതുരണ്ട് ദശകമായി തുടർന്ന 10%ൽ കൂടിയ നിരക്കിനേക്കാൾ വളരെ താഴെയാണെന്നു മാത്രമല്ല, കാൽ നൂറ്റാണ്ടിനിടയിലെ ഏറ്റവും താഴ്ന്ന നിരക്കുമാണ്. വർഷങ്ങൾ നീളാവുന്ന തളർച്ചയാണ് ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സമ്പദ്‌വ്യവസ്ഥയായി സ്വയം പ്രഖ്യാപിച്ച ചൈനയെ ബാധിച്ചിരിക്കുന്നത്. ഇതിൽ നിന്നും രക്ഷ നേടുന്ന ലക്ഷണങ്ങൾ ദൃശ്യവുമല്ല.**

ഭൂരിപക്ഷം ചൈനീസ് വ്യവസായങ്ങളും സ്തംഭനാവസ്ഥയിലെത്തിയിരിക്കുന്നു. ഏറ്റവും പുതിയ കണക്കുകൾ കാണിക്കുന്നത്, സമ്പദ്ഘടനയുടെ പ്രധാനഘടകമായ ഉൽപ്പാദനമേഖല വീഴ്ച്ചയിലാണെന്നും, ആ മേഖലയിലെ തൊഴിലുകൾ വെട്ടിക്കുറയ്ക്കുകയാണെന്നുമാണ്. കയറ്റുമതി അധിഷ്ഠിത, നിർമ്മാണമേഖലയിലെ പരമ്പരാഗത മുൻതൂക്കം തിരിച്ചു പിടിക്കാനായി ചൈന തങ്ങളുടെ കറൻസിയുടെ മൂല്യം വെട്ടിക്കുറച്ചിരുന്നു. ഇതിനു ശേഷം പ്രധാന ആഭ്യന്തര പലിശ നിരക്കുകളും കുറച്ചു. എന്നാൽ, വർദ്ധിക്കുന്ന വിലക്കയറ്റം സാധാരണക്കാരായ തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കുകയാണ്. അത് അവരുടെ ജീവിതനിലവാരത്തെ താഴേക്കു തള്ളുന്നു. ചൈനയിൽ, പണപ്പെരുപ്പത്തിന്റെ അളവുകോലായ ഉപഭോക്തൃ വിലസൂചിക നവംബറിൽ 6.9% ആയി ഉയർന്നു. വളരെ കുറച്ചു കാണിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഈ കണക്കു തന്നെ 11 വർഷത്തെ ഏറ്റവും കൂടിയ നിരക്കാണ്. ഈ ഉയർന്ന വിലസൂചിക, വിഭവങ്ങളുടേയും സേവനങ്ങളുടേയും വില നിർണ്ണയ സംവിധാനത്തെ പരിഷ്കരിക്കുവാനുള്ള ചൈനീസ് കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങളേയും പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഉപഭോക്തൃ വിലസൂചികയുടെ മൂന്നിലൊന്നായ ഭക്ഷ്യവിലകൾ പത്തു മാസങ്ങൾക്കിടയിൽ 11.3% ഉയർന്നിരിക്കുന്നു. 1988-95 കാലഘട്ടത്തിൽ വെറും 3.9% ആയിരുന്ന ചൈനയിലെ തൊഴിലില്ലായ്മ നിരക്ക് 2002-09 -ൽ 10.9% ആയി വർദ്ധിച്ചിരുന്നു; വീണ്ടും ഉയർന്നു കൊണ്ടിരിക്കുന്നു. വടക്കു കിഴക്കൻ ചൈനയിൽ വ്യവസായങ്ങൾ കൂടുതലായി അടച്ചുപൂട്ടുന്നത്, ആ മേഖലക്ക് കനത്ത ആഘാതം ഏൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2002-09 മുതൽ അവിടെ തൊഴിലില്ലായ്മ നിരക്ക് 12.5% ആയി ഉയർന്നിരിക്കുന്നു. തൊഴിൽ നഷ്ടവും വ്യക്തമാണ്. 2008-09-ൽ ആഗോള സാമ്പത്തികമാന്ദ്യം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം, 20 ദശലക്ഷത്തിലധികം തൊഴിലാളികൾക്ക് - പ്രധാനമായും നിർമ്മാണമേഖലയിലും തീരദേശമേഖലകളിലും നിന്നുള്ളവർക്ക്, ജോലി നഷ്ടപ്പെട്ടതായാണ് കണക്കാക്കപ്പെടുന്നത്. ചൈനീസ് ഓഹരി വിപണിയിലും ഇടിവുണ്ടായിരിക്കുന്നു. സമ്പദ്ഘടനയുടെ പ്രവർത്തനശേഷിയുടെ അടയാളമായി മുതലാളിത്ത സാമ്പത്തികവിദഗ്ദ്ധർ കണക്കാക്കുന്നതാണ് ഓഹരിവിപണിയുടെ സ്ഥിരതയും ചാഞ്ചാട്ടങ്ങളും. എന്നാൽ, ഓഹരിവിലകൾ ഞെട്ടിക്കുന്ന തരത്തിൽ കൂപ്പുകുത്തുകയും, ചിലപ്പോഴൊക്കെ കൂടിയ വിലയുടെ 50% ൽ താഴെ പോവുകയും ചെയ്തു. ചൈനീസ് ഓഹരി കമ്പോളത്തിലെ 30% ഇടിവുണ്ടാക്കിയ നഷ്ടത്തിന്റെ മൂല്യം എന്നു പറയുന്നത്, 2013-ൽ യുകെ എന്ന രാജ്യത്തിന്റെ ആകെ സാമ്പത്തിക ഉത്പാദനത്തിനു തുല്ല്യമാണെന്നു പറയാം. 2007നും 2014 നും ഇടയിൽ ചൈനയുടെ മൊത്തം കടം നാലിരട്ടിയായി വർദ്ധിക്കുകയും, പൊതുകടം-ജിഡിപി അനുപാതം ഏതാണ്ട് ഇരട്ടിയാകുകയും ചെയ്തു. ജിഡിപിയുടെ 282% വരെ എത്തിനിൽക്കുന്ന ചൈനയുടെ പൊതുകടം, യുഎസിനെ പോലും പിന്തള്ളുന്നു. ജിഡിപിയുടെ 125% ആയി കോർപ്പറേറ്റ് കടം വർദ്ധിക്കുന്നു. ആഭ്യന്തരമായും കയറ്റുമതിയിലുമുള്ള സാമ്പത്തികമാന്ദ്യത്തെ കാണിച്ചു കൊണ്ട് രാജ്യത്തിന്റെ ഉൽപ്പാദനശേഷിയുടെ ഗണ്യമായ ഭാഗം വെറുതേ കിടക്കുന്നു. വളരുന്ന കടം, അമിതമായ ഭവന-വ്യവസായ ശേഷി, സ്തംഭനാവസ്ഥയിലായ ഓഹരിവിപണി- ഇതെല്ലാം, പശ്ചാത്തലസൗകര്യ വികസനം, സുഗമമായ വായ്പ, പെരുപ്പിച്ച കയറ്റുമതി എന്നിങ്ങനെ സാധാരണയായി സർക്കാരുകൾ വളർച്ചയെ ഉത്തേജിപ്പിക്കാനായി ഉപയോഗിക്കുന്ന ഉപകരണങ്ങളെ ഫലശൂന്യമാക്കുന്നു. ചൈനീസ് സമ്പദ്ഘടനയിൽ പ്രത്യക്ഷമായ ഈ തളർച്ച, മുതലാളിത്ത-സാമ്രാജ്യത്വ ലോകത്തിന് ഒന്നടങ്കം ഉൾക്കിടിലം സൃഷ്ടിച്ചിരിക്കുന്നു.

### ചൈനയുടെ കണ്ണഞ്ചിപ്പിക്കുന്ന വളർച്ച സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ സൃഷ്ടി

കേന്ദ്രീകൃത സമ്പദ്ഘടനയോ, വ്യവസായവൽക്കരണമോ, എന്തിന് കേന്ദ്രീകൃത ഭരണമോ പോലും ഇല്ലാത്ത, അർദ്ധ-ഫ്യൂഡൽ അർദ്ധ -കൊളോണിയൽ രാജ്യമായിരുന്നു വിപ്ലവത്തിനുമുമ്പുണ്ടായിരുന്ന ചൈന. അങ്ങേയറ്റം ദരിദ്രമായ, യുദ്ധത്താൽ നശിപ്പിക്കപ്പെട്ട 542 ദശലക്ഷം പേരുടെ രാജ്യം. ഭൂരിപക്ഷവും അർദ്ധപട്ടിണിക്കാരായ കർഷകർ. ഭൂപ്രഭുക്കന്മാരും യുദ്ധപ്രഭുക്കന്മാരും അവരെ അടിമകളെ പോലെ തന്നെയാണ് കണ്ടിരുന്നത്. മഹാനായ മാവോ സേതൂങ്ങിന്റെയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ഐതിഹാസിക നേതൃത്വത്തിനു കീഴിൽ നടന്ന ചരിത്രം കുറിച്ച വിപ്ലവപ്പോരാട്ടത്തിനൊടുവിൽ, 1949 ലാണ് ജന്മി ഭൂപ്രഭുക്കന്മാരുടേയും കോളനിവൽക്കരണത്തിന്റെയും നുകത്തിനു കീഴിൽ നിന്നും രാജ്യം മോചിതമാകുന്നത്. മാർക്സിസം-ലെനിനിസം എന്ന ശാസ്ത്രത്തെ, അന്നത്തെ ചൈനയുടെ മൂർത്ത സാഹചര്യത്തിൽ ശരിയായി പ്രയോഗിച്ചതിലൂടെ ഒരു സമ്പൂർണ്ണ മുതലാളിത്ത കാലഘട്ടത്തെ ഒഴിവാക്കിക്കൊണ്ടുതന്നെ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനു കീഴിൽ സോഷ്യലിസം സ്ഥാപിക്കാൻ സാധിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിനു കീഴിലുള്ള പുതിയ ജനാധിപത്യ സാമ്പത്തികഘടനയിൽ, മുതലാളിത്തത്തിലെ വ്യക്തിഗത ലാഭത്തിനും വ്യക്തികളുടെ ആവശ്യത്തിലും ഊന്നിയുള്ള ഉൽപ്പാദന സംവിധാനത്തിനു പകരം, കേന്ദ്രീകൃതവും ആസൂത്രിതവുമായ, സാമൂഹിക ആവശ്യകതകൾ നിറവേറ്റുന്നതിൽ ഊന്നിയുള്ള ഉൽപ്പാദന സംവിധാനം അവതരിപ്പിക്കപ്പെട്ടു. എന്നാൽ പൂർണ്ണമായ ഒരു സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയിൽ നിന്നും ഇതൽപ്പം വ്യത്യസ്തമായിരുന്നു. കാരണം, അടിസ്ഥാന വ്യവസായങ്ങളും, ആശയവിനിമയ സംവിധാനങ്ങളും, കമ്പോളവുമെല്ലാം സ്റ്റേറ്റിന്റെ കീഴിലായിരുന്നുവെങ്കിലും വിവിധ മേഖലകളിൽ, വിശേഷിച്ച് കൃഷി, ചെറുകിട വ്യാപാര -വ്യവസായസ്ഥാപനങ്ങൾ തുടങ്ങിയവയിൽ സ്വകാര്യ ഉടമസ്ഥത നിലനിർത്തിയിരുന്നു. വിപ്ലവാനന്തര ചൈനയുടെ സോഷ്യലിസത്തിലേക്കുള്ള പരിവർത്തന ഘട്ടത്തിന്റെ മൂർത്തമായ സാഹചര്യത്തിൽ അത് ആവശ്യവുമായിരുന്നു. എന്നാൽ, പുതിയ ജനാധിപത്യ സോഷ്യലിസ്റ്റ് സംവിധാനത്തിന്റെ ആ കാലഘട്ടത്തിൽ സ്വകാര്യ ഉടമസ്ഥതക്കു കീഴിൽ നടന്ന ഉത്പാദനമാകട്ടെ, തൊഴിലാളിവർഗ്ഗ പാർട്ടിയാൽ നയിക്കപ്പെടുന്ന രാജ്യത്തെ കേന്ദ്രീകൃത സാമ്പത്തിക ആസൂത്രണത്തിനു കീഴിൽ, സാമൂഹിക ആവശ്യകതക്ക് അനുസരിച്ച് നിയന്ത്രിക്കപ്പെട്ടിരുന്നു.

1950-കളുടെ പകുതിയോടെ, സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ ഭാഗമായി കൃഷിയും, നെയ്ത്തും, ചെറുകിട വ്യവസായങ്ങളും അടക്കമുള്ളവയിലെ സ്വകാര്യ ഉടമസ്ഥത അവസാനിപ്പിച്ചു. മഹാനായ മാവോ സേതൂങ്ങിന്റെ ദീർഘവീക്ഷണമുള്ള നയങ്ങളും കഴിവുറ്റ നേതൃത്വവും കാരണം പുത്തൻ ജനാധിപത്യ സമ്പദ്ഘടനയിൽ നിന്നും, സോഷ്യലിസ്റ്റ് സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനം മുഖ്യാംശത്തിൽ പൂർത്തിയായി. അങ്ങനെ ചൈന സോഷ്യലിസത്തിന്റെ ഘട്ടത്തിൽ പ്രവേശിക്കുകയും, തുടർന്ന് സോഷ്യലിസത്തെ ശക്തിപ്പെടുത്താനും നേട്ടങ്ങൾ ഉറപ്പിക്കുവാനുമുള്ള പോരാട്ടം ആരംഭിക്കുകയും ചെയ്തു. സോഷ്യലിസ്റ്റ് പുനർനിർമ്മാണത്തിന്റെ ഈ കാലഘട്ടത്തിലാണ്, മാർക്സിസമെന്ന ശാസ്ത്രം കർശനമായി പാലിക്കുന്നതിൽ അധിഷ്ഠിതമായ കണ്ണഞ്ചിപ്പിക്കുന്ന വികസനം ഉണ്ടായത്. പിന്നീടുള്ള അനിവാര്യകർത്തവ്യം സോഷ്യലിസത്തെ മുന്നോട്ടു കൊണ്ടുപോയി, സോഷ്യലിസ്റ്റ് സമ്പദ്ഘടനയുടെ നിയമങ്ങളുടെ പ്രവർത്തനത്തിലൂടെ ക്രമേണ കമ്മ്യൂണിസം നേടിയെടുക്കുക എന്നതായിരുന്നു. മാർക്സ്-ഏംഗൽസ്-ലെനിൻ-സ്റ്റാലിൻ എന്നിവരുടെ പാഠങ്ങളിൽ ഊന്നിക്കൊണ്ട് മാവോ ആഹ്വാനം നൽകിയതും, മാർക്സിസം-ലെനിനിസം ശരിയായി ഗ്രഹിച്ചുകൊണ്ട് ആ രാഷ്ട്രീയത്തെ ഉയർത്തിപ്പിടിക്കാനാണ്, ജീവിതത്തിന്റെ എല്ലാ വശങ്ങളേയും ഉൾക്കൊള്ളുന്ന സോഷ്യലിസ്റ്റ് പോരാട്ടത്തിലൂടെ പാർട്ടിയുടെ നേതാക്കളുടേയും കേഡർമാരുടേയും നിലവാരം ഉയർത്തുവാനാണ്, മനസ്സിന്റെയും സംസ്കാരത്തിന്റെയും മണ്ഡലത്തിലും വർഗ്ഗസമരം തീവ്രമാക്കി, എല്ലാവിധ ബൂർഷ്വാ ചിന്താഗതികളുടേയും സ്വാധീനത്തേയും പൂർണ്ണമായി പരാജയപ്പെടുത്തി സോഷ്യലിസത്തെ ശക്തിപ്പെടുത്തുവാനാണ്. എന്നാൽ ആവശ്യമായ ഈ പ്രക്രിയ, സിദ്ധാന്തം, രാഷ്ട്രീയം, സംസ്കാരം, കൂടാതെ സോഷ്യലിസ്റ്റ് ഉത്പാദനത്തിന്റെയും സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയുടെ നടത്തിപ്പും ഒക്കെയായി ബന്ധപ്പെട്ട പ്രശ്നങ്ങളിലെ ശരിയായ മാർക്സിസ്റ്റ് ധാരണയെ സംബന്ധിച്ച് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉയർന്നു വന്ന ഗുരുതരമായ അഭിപ്രായഭിന്നതകൾ മൂലം, ഒഴിവാക്കപ്പെടുകയാണ് ഉണ്ടായത്. സോഷ്യലിസത്തിലെ ഓരോ ദിനത്തിലും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും, പൊതുജനങ്ങളുടേയും രാഷ്ട്രീയ അവബോധവും സാംസ്കാരിക നിലവാരവും ഉയർത്തിയില്ലെങ്കിൽ, സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ അടിത്തറ തന്നെ അപകടത്തിലാകും എന്ന്, രാഷ്ട്രീയം സാമ്പത്തിക ഘടനക്കു മേലേയാണ്, എന്ന ലെനിന്റെ പാഠത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് മാവോ തിരിച്ചറിഞ്ഞു. അങ്ങനെ അദ്ദേഹം, മാർക്സിസം ലെനിനിസത്തിന്റെ സാരാംശം ഉൾക്കൊണ്ടുകൊണ്ട് എല്ലാവിധ ബൂർഷ്വാ ആശയങ്ങളേയും പ്രവണതകളേയും പുറന്തള്ളി, പ്രതിവിപ്ലവകാരികൾ കൈയടക്കുന്നതു തടഞ്ഞ് പാർട്ടിയെ പുനരുജ്ജീവിപ്പിച്ച്, അതിന്റെ നിലവാരമുയർത്തി സോഷ്യലിസത്തെ ശക്തിപ്പെടുത്തുവാനായി ഐതിഹാസികമായ സാംസ്കാരിക വിപ്ലവത്തിനു തിരി കൊളുത്തി. പക്ഷേ 1976-ൽ അദ്ദേഹത്തിന്റെ ദുഃഖകരമായ വിയോഗത്തിനു ശേഷം, പ്രതിവിപ്ലവ-പരിഷ്കരണവാദ-മുതലാളിത്തപാത പിന്തുടരുന്ന ഡെങ് നേതൃത്വം കൈക്കലാക്കുകയും, പിന്തിരിഞ്ഞു നടക്കുന്ന പ്രക്രിയ ആരംഭിക്കുകയും ചെയ്തു.

### അധഃപതനം ആരംഭിച്ചത് ഡെങ് നേതൃത്വം അധികാരമേറ്റ ശേഷം

തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനു കീഴിൽ വർഗ്ഗസമരം തീക്ഷ്ണമാക്കേണ്ടതിന്റെ ആവശ്യകത തള്ളിക്കളഞ്ഞുകൊണ്ട് ഡെങ് നേതൃത്വം കൗശലത്തോടെ വർഗ്ഗ സഹകരണം എന്ന ഏറ്റവും വെറുക്കപ്പെട്ട ആശയം കൊണ്ടുവന്നു. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം തന്നെ ഖണ്ഡിച്ചു കൊണ്ട്, സോഷ്യലിസ്റ്റ് ഉത്പാദനബന്ധങ്ങളിലൂന്നിയ കേന്ദ്രീകൃതവും ആസൂത്രിതവുമായ സമ്പദ്ഘടനയിൽ നിന്നും സ്വകാര്യ മൂലധനത്തിലേക്കും സ്വകാര്യ ഉടമസ്ഥതയിലേക്കും മാറുന്നതിനായാണ്, ലിബറലിസത്തിന്റെ മറക്കുള്ളിൽ നിന്ന് അവർ വാദിച്ചത്. അപ്പോൾ മുതൽ ചൈന ഏറ്റവും ഉദാത്തമായ സോഷ്യലിസത്തെ ഉപേക്ഷിച്ചു കൊണ്ട് മുതലാളിത്ത പാതയിലൂടെയാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത്. ക്രമേണ, വിപ്ലവത്തിന്റെ എല്ലാ നേട്ടങ്ങളും ഇല്ലാതാക്കപ്പെട്ടു. ചൈനീസ് സമ്പദ്ഘടനയിൽ മുതലാളിത്തം ആഴത്തിൽ വേരൂന്നി, അവസാനം പ്രതിവിപ്ലവത്തിലൂടെ അതിനെ കീഴടക്കി.

1980 കളിലെ ചൈനയുടെ ദ്രുതവളർച്ചയും വ്യവസായവൽക്കരണവും, സ്ഥിരവളർച്ചക്കും, ഉത്പ്പന്നങ്ങളുടെ മികച്ച വിതരണത്തിനും ഒക്കെയുള്ള മികച്ച വഴിയായി "കമ്പോള സോഷ്യലിസ"ത്തെ കാണാൻ നിരവധി ആളുകളെ പ്രോൽസാഹിപ്പിച്ചു. എന്നാൽ, വിപ്ലവാനന്തരം മൂന്നു പതിറ്റാണ്ടോളം സോഷ്യലിസ്റ്റ് പാതയിൽ മുന്നേറിയ ചൈന, ജനങ്ങളുടെ ജീവിതനിലവാരത്തിലും, അതിവേഗ വ്യവസായവൽക്കരണത്തിലും, കാർഷിക ഉത്പാദനവളർച്ചയിലും, ഉത്പാദനശേഷിയുടെ ദ്രുതവികസനത്തിലും, അതു വഴി സമ്പന്നർക്കും ദരിദ്രർക്കുമിടയിലെ വിടവ് ക്രമേണ ഇല്ലാതാക്കുന്നതിലുമെല്ലാം കൈവരിച്ച കണ്ണഞ്ചിക്കുന്ന വളർച്ച പക്ഷേ എല്ലാവരും മറന്നു. വിപ്ലവാനന്തരം കേവലം രണ്ടു പതിറ്റാണ്ടു കൊണ്ട് സോവിയറ്റ് സമ്പദ്ഘടന നേടിയെടുത്ത അഭൂതപൂർവ്വമായ വിജയം കേവലം ഉത്പാദന വളർച്ചയിൽ മാത്രമല്ല, ജനങ്ങളുടെ ആകമാനം ജീവിതനിലവാരത്തിലുള്ള ഉയർച്ച കൂടിയാണ്. സർവ്വോപരി, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന അവസ്ഥയാണ് ഇല്ലാതാക്കിയത്. സോവിയറ്റ് യൂണിയന്റെ വിജയം എല്ലാവരേയും അത്ഭുതപ്പെടുത്തിയതു പോലെ തന്നെ, ചൈനയുടെ വളർച്ചാ നിരക്കും, അങ്ങേയറ്റം പിന്നോക്കമായി മയക്കുമരുന്നിന് അടിമയായി തളർന്ന് ഉറക്കം തൂങ്ങിയ അ

(ശേഷം 13-ാം പേജിൽ)

**മാർക്സിസം-ലെനിനിസം എന്ന ശാസ്ത്രത്തെ, അന്നത്തെ ചൈനയുടെ മൂർത്ത സാഹചര്യത്തിൽ ശരിയായി പ്രയോഗിച്ചതിലൂടെ ഒരു സമ്പൂർണ്ണ മുതലാളിത്ത കാലഘട്ടത്തെ ഒഴിവാക്കിക്കൊണ്ടുതന്നെ, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനു കീഴിൽ സോഷ്യലിസം സ്ഥാപിക്കാൻ സാധിച്ചു. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിനു കീഴിലുള്ള പുതിയ ജനാധിപത്യ സാമ്പത്തികഘടനയിൽ, മുതലാളിത്തത്തിലെ വ്യക്തിഗത ലാഭത്തിനും വ്യക്തികളുടെ ആവശ്യത്തിലും ഊന്നിയുള്ള ഉൽപ്പാദന സംവിധാനത്തിനു പകരം, കേന്ദ്രീകൃതവും ആസൂത്രിതവുമായ, സാമൂഹിക ആവശ്യകതകൾ നിറവേറ്റുന്നതിൽ ഊന്നിയുള്ള ഉൽപ്പാദന സംവിധാനം അവതരിപ്പിക്കപ്പെട്ടു.**

# ഒരുകാലത്തെ ചൈനയുടെ കണ്ണഞ്ചിപ്പിക്കുന്ന വളർച്ച സൃഷ്ടിച്ചത് സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ

വസ്ഥയിൽ കഴിഞ്ഞ ആ രാജ്യം ഏറ്റവും ചുരുങ്ങിയ സമയംകൊണ്ട് ശക്തമായ സോഷ്യലിസ്റ്റ് സമ്പദ്ഘടനയായി മാറിയതും എല്ലാവരേയും ഞെട്ടിച്ചിരുന്നു.

1978–ൽ പ്രതിവിപ്ലവകാരികളായ ഡെങ് നേതൃത്വം സോഷ്യലിസത്തെ തകർത്ത് മുതലാളിത്തത്തെ പുനസ്ഥാപിക്കുവാനുള്ള ശ്രമം തുടങ്ങിയപ്പോൾ, സർക്കാർ നിയന്ത്രണത്തിൽ ശക്തമായ സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ ചൈനയിൽ നിലവിലുണ്ടായിരുന്നു. അപ്പോൾ, ചൈനീസ് സമ്പദ് വ്യവസ്ഥയുടെ "കണ്ണഞ്ചിപ്പിക്കുന്ന വളർച്ച" എന്നു പറയുന്നത്, ഡെങ് സിയാവോ പിങും പിൻഗാമികളും നടപ്പിലാക്കിയ "സോഷ്യലിസ്റ്റ് കമ്പോള സമ്പദ് വ്യവസ്ഥ" അഥവാ "കമ്പോള സോഷ്യലിസ"ത്തിന്റെ വിജയത്തിനു തെളിവാണെന്നു പറയുന്നത് സത്യത്തിനു നിരക്കുന്നതല്ല. വാസ്തവത്തിൽ, സമ്പദ് വ്യവസ്ഥയെ കൂടുതലായി മുതലാളിത്തത്തിലേക്കു തള്ളുന്തോറും, മുരടിപ്പും പ്രതിസന്ധിയും ചൈനയിൽ വർദ്ധിക്കുകയാണ്. ഡെങും പിൻഗാമികളും കാപട്യത്തോടെ വാദിക്കുന്നതാകട്ടെ, രാജ്യത്തു വർദ്ധിക്കുന്ന സാമ്പത്തികമുരടിപ്പും നഷ്ടവും സൃഷ്ടിക്കുന്നത് അമിതമായി കേന്ദ്രീകരിച്ച സോഷ്യലിസ്റ്റ് ഭരണകൂട സംവിധാനങ്ങളായ ആസൂത്രണവും ഉൽപ്പാദനവും ആണെന്നാണ്. അതുകൊണ്ട്, സമ്പദ്ഘടന കൂടുതലായി തുറന്നു കൊടുക്കുകയും ആഗോള മുതലാളിത്ത സമ്പദ്ഘടനയുമായി ഇഴ ചേർക്കുകയും ചെയ്യേണ്ടതുണ്ടത്രേ. ഇതിൻപ്രകാരം സോഷ്യലിസ്റ്റ് സാമ്പത്തിക നിയമങ്ങളൊക്കെയും തള്ളിക്കളഞ്ഞ്, വർദ്ധിച്ച കമ്പോളവൽക്കരണത്തിലും, സ്വകാര്യവൽക്കരണത്തിലും, വിദേശ മൂലധനത്തിന് ചൈനീസ് കമ്പോളത്തിൽ വർദ്ധിച്ച സ്വീകാര്യതയും നൽകി, കൃത്രിമമായി കമ്പോളത്തിൽ ആവശ്യകത സൃഷ്ടിക്കുകയും ഓഹരിവിപണിയിൽ ഊഹക്കച്ചവടം പ്രോൽസാഹിപ്പിക്കുകയും ചെയ്തു. മുറയ്ക്ക്, പൊതുമേഖലയുടെ ആധിപത്യം അവസാനിപ്പിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയും ചെയ്തു. അങ്ങനെ ചൈനയുടെ ദേശീയ സമ്പദ്ഘടനയുടെ പകുതിയിലേറെയും സ്വകാര്യമേഖലയിലായി. ഇങ്ങനെ അതിവേഗം സമ്പദ്ഘടനയിലും മുതലാളിത്ത പാത പിന്തുടരുന്നവരുടെ രാഷ്ട്രീയ സമീപനത്തിലും വേരുകൾ ആഴ്ത്തിയ മുതലാളിത്തം, തൊഴിലാളികളെ വർദ്ധിച്ച അളവിൽ ചൂഷണം ചെയ്യാൻ ആരംഭിച്ചതിനു പുറമേ, ജനങ്ങളുടെ മനസ്സുകളിൽ പിന്തിരിപ്പൻ ബൂർഷ്വാ ചിന്തകൾ വളർത്തി മലീമസമാക്കുവാനുള്ള പ്രക്രിയയും തുടങ്ങി. ഇതോടൊപ്പം, കേവലമൊരു ബൂർഷ്വാ പാർട്ടിയായി ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി അധഃപതിക്കുന്ന പ്രക്രിയയും വേഗമാർജ്ജിച്ചു. ജനങ്ങളുടെ രാഷ്ട്രീയ അവബോധത്തിന്റെ നിലവാരം താഴുന്നതനുസരിച്ച്, മുതലാളിത്ത അനുകൂലികളുടെ വഞ്ചനയും ഗൂഢാലോചനയും ബഹുജനങ്ങൾക്കു മുന്നിൽ മറച്ചു പിടിക്കപ്പെട്ടു. ഒപ്പം, സംഘർഷങ്ങൾ, സാംസ്കാരിക അധഃപതനം, മൂല്യച്യുതി എന്നിങ്ങനെ മരണാസന്നമായി ദുഷിച്ച മുതലാളിത്തത്തിന്റെ ലക്ഷണങ്ങളെല്ലാം തന്നെ ചൈനീസ് സമൂഹത്തിലും ഉയർന്നു വന്നു തുടങ്ങി.

### ചൈനയിലെ പ്രതിവിപ്ലവം 13 വർഷങ്ങൾക്കു മുമ്പേ പൂർത്തിയായി

2004 മാർച്ച് 14നു, പത്താം ചൈനീസ് ദേശീയ ജനകീയ കോൺഗ്രസ് സ്വീകരിച്ച ഭരണഘടനാ ഭേദഗതികളോടെ ചൈനയിലെ പ്രതിവിപ്ലവം അവസാനം പൂർത്തിയായി. ഇത് സിപിസിയുടെ പതിനാറാം കോൺഗ്രസിന്റെ തീരുമാനത്തെ തുടർന്നും, 2003 ഒക്ടോബറിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പതിനാറാം കേന്ദ്രക്കമ്മിറ്റിയുടെ കീഴിൽ നടന്ന മൂന്നാം പ്ലീനറി സമ്മേളനത്തിന്റെ ശുപാർശയിന്മേലും ആയിരുന്നു. റിവിഷനിസ്റ്റ് പാതയിലുള്ള അധഃപതനത്തിലൂടെ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി വിപ്ലവകാരികളായ തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടി അല്ലാതായി തീർന്നിരുന്നു. രാജ്യമാകട്ടെ സോഷ്യലിസ്റ്റ് എന്നതിനു പകരം മുതലാളിത്ത രാഷ്ട്രവുമായി. അന്ന് മുതലാളിത്ത അനുകൂലികളായ സിപിസി നേതൃത്വം പ്രഖ്യാപിച്ചത്, രാജ്യം ഇനി സ്വകാര്യ മൂലധനത്തിൽ അധിഷ്ഠിതമായ സമ്പദ്ഘടനയുടെ വികാസത്തെ പ്രോൽസാഹിപ്പിക്കുകയും പിന്തുണക്കുകയും, സംരക്ഷിക്കുകയും ചെയ്യുമെന്നാണ്. സാമൂഹികവികാസത്തിൽ സ്വകാര്യ മേഖലയുടെ പ്രാധാന്യം രാഷ്ട്രം ക്രമേണ തിരിച്ചറിഞ്ഞിരിക്കുന്നു. "പൊതു സമ്പദ് വ്യവസ്ഥയിലെ സഹായിയായി" വർത്തിക്കുന്നിടത്തു നിന്ന്, "സോഷ്യലിസ്റ്റ് സമ്പദ്ഘടനയിലെ അത്യന്താപേക്ഷിതമായ ഘടക"മായും തുടർന്ന് ഏറ്റവും പ്രധാനഭാഗമായും സ്വകാര്യമേഖല മാറിയിരിക്കുന്നു.

ഇതിന്റെ ഫലങ്ങൾ വളരെ വ്യക്തമാണ്. ദാരിദ്ര്യം ഭയാനകമായി വർദ്ധിച്ചിരിക്കുന്നു. 150 ദശലക്ഷത്തോളം ദരിദ്രജനം ദിവസം കഷ്ടിച്ച് ഒരു ഡോളർ കൊണ്ടാണ് പിടിച്ചുനിൽക്കുന്നത്. ദാരിദ്ര്യം വർദ്ധിക്കുന്നതോടെ ആഭ്യന്തര ഉപഭോക്തൃ കമ്പോളം ക്ഷയിക്കുന്നത്, പ്രതിസന്ധിയിലായ സമ്പദ്ഘടനക്ക് കൂടുതൽ അടിയാകുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയിലെ സമ്പത്തിന്റെ കൃത്യമായ വിതരണം മൂലം കുറഞ്ഞിരുന്ന ദരിദ്രരും സമ്പന്നരും തമ്മിലുള്ള വിടവ്, ഞെട്ടിക്കുന്ന വേഗത്തിൽ ഇപ്പോൾ വലുതാകുന്നു. രാജ്യത്തെ മൊത്തം സ്വത്തിന്റെ 41.4% കേവലം 0.1% കുടുംബങ്ങളുടെ കൈയിലാണ്. ഡെങ് തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, "ധനികനാവുകയെന്നത് മഹത്തരമാണെന്ന്." ഇപ്പോൾ ചൈനീസ് പൗരന്മാർ തിരിച്ചറിയുന്നു, മുതലാളിത്തത്തിന്റെ ഈ "മഹത്വം" വെറും 5% വരുന്ന സമ്പന്നർക്കു മാത്രവും, ശേഷിച്ച 95 ശതമാനത്തിനും വിധിച്ചിരിക്കുന്നത് കടുത്ത കഷ്ടപ്പാടും പീഡനവും മാത്രമാണെന്നും. തങ്ങളുടെ കഠിനപ്രയത്നത്തിലൂടെ നേടിയ സമ്പാദ്യം, ഊഹക്കച്ചവടത്തിലൂടെ അതിവേഗം വർദ്ധിക്കുമെന്ന തെറ്റിദ്ധാരണയോടെ നിക്ഷേപിച്ച്, ഓഹരി വിപണിയിലുണ്ടായ തകർച്ചയിൽ കനത്ത നഷ്ടം ഏറ്റുവാങ്ങിയപ്പോൾ, മുതലാളിത്തത്തിൽ അതിവേഗം സമ്പത്ത് വർദ്ധിക്കുന്നതിന്റെ ചതിക്കുഴികൾ ചൈനക്കാർ മനസ്സിലാക്കുന്നുണ്ട്.

### പൊതുമേഖലയുടെ മേധാവിത്തമാണ് സോഷ്യലിസം എന്ന തെറ്റിദ്ധാരണ

ഇവിടെ പരാമർശിക്കേണ്ട മറ്റൊരു വിഷയമുണ്ട്. ചില ഇടതുപക്ഷക്കാരടക്കം, പലർക്കും ഉള്ള ഒരു തെറ്റിദ്ധാരണയാണ്, ചൈനയിൽ പൊതുമേഖല ഇപ്പോഴും ശക്തമായ മേൽക്കൈയോടെ നിലനിൽക്കുന്നു എന്നതു കൊണ്ട് ചില്ലറ കുറവുകളും കുഴപ്പങ്ങളും ഉണ്ടെങ്കിലും സോഷ്യലിസം തന്നെയാണ് നിലനിൽക്കുന്ന സമ്പ്രദായം എന്നുള്ളത്. എന്നാൽ അത്തരമൊരു ചിന്ത തെറ്റാണ്. പൊതുമേഖലയുടെ പ്രാമുഖ്യം സമ്പദ്ഘടനയുടെ സ്വഭാവം നിർണ്ണയിക്കുന്നില്ല. രാഷ്ട്രത്തിന്റെ സ്വഭാവത്തേയും പ്രവർത്തനത്തേയും സംബന്ധിച്ച അടിസ്ഥാന നിയമങ്ങൾ കണ്ടു വിലയിരുത്തി വേണം അത് നിർണ്ണയിക്കാൻ. ഉദാഹരണത്തിന്, ഇന്ത്യയിലെ മുതലാളിത്ത ഭരണാധികാരികൾ, ഇന്ത്യയുടേത് ഒരു മിശ്ര സമ്പദ് വ്യവസ്ഥയാണെന്നു പറഞ്ഞ് ജനത്തെ തെറ്റിദ്ധരിപ്പിച്ചിരുന്നു. കാരണമായി ചൂണ്ടിക്കാട്ടിയതോ, പൊതുമേഖലയിലൂടെ സോഷ്യലിസവും സ്വകാര്യമേഖലയിലൂടെ മുതലാളിത്തവും ഉണ്ടത്രേ. അക്കാലത്തെ ഇന്ത്യൻ മുതലാളിത്തത്തിന്റെ താൽപ്പര്യാർത്ഥം ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരണം നടത്തിയപ്പോൾ, പലരും അതിനെ ഒരു സോഷ്യലിസ്റ്റ് നടപടിയായി തെറ്റിദ്ധരിച്ച് പ്രകീർത്തിക്കുകയുണ്ടായി. എന്നാൽ ഭരണകൂട സഹായത്തോടെ ഇന്ത്യൻ മുതലാളിവർഗ്ഗത്തിനും മുതലാളിത്ത സമ്പദ്വ്യവസ്ഥക്കും അതിവേഗം വളരുവാനുള്ള ഒരു തട്ടിപ്പു മാത്രമായിരുന്നു എന്നതു പിന്നീട് രഹസ്യമല്ലാതായി. അതുപോലെ തന്നെ മുതലാളിത്ത പാതയിൽ തിരിച്ചു നടക്കാൻ ചൈന എന്ന് ആരംഭിച്ചോ, അന്നുമുതൽ പ്രതിവിപ്ലവത്തിലേക്കുള്ള മാറ്റത്തിന്റെ പ്രക്രിയയും തുടങ്ങി, ഭരണകൂടത്തിന്റെയും പൊതുമേഖലയുടേയും സോഷ്യലിസ്റ്റ് സ്വഭാവം അധഃപതിച്ചു തുടങ്ങി. ഇപ്പോൾ പ്രതിവിപ്ലവം പൂർത്തിയായി 13 വർഷങ്ങൾക്കിപ്പുറം, ഭരണകൂടവും പൊതുമേഖലയുമെന്നാൽ മുതലാളിത്തമല്ലാതെ മറ്റൊന്നുമല്ല.

### മുതലാളിത്തത്തിന്റെ തിന്മകൾ സ്പഷ്ടമാക്കുന്ന സാമൂഹികസാഹചര്യം

ചൈന ആണ്ടുമുങ്ങിയ സാമ്പത്തികപ്രതിസന്ധിയുടെ വിശദാംശങ്ങളിലേക്കു പോകുന്നതിനുമുമ്പ്, സോഷ്യലിസത്തെ തകർത്തതിനു ശേഷം ചൈനയിലെ തൊഴിലാളികളുടേയും കർഷകരുടേയും അതിവേഗം തകരുന്ന സാഹചര്യങ്ങളെ കൂടി അവതരിപ്പിക്കേണ്ടതുണ്ട്. വിദേശ നിക്ഷേപകരെ ആകർഷിക്കാനായി മുതലാളിത്തവാദികൾ ചൈനയിൽ കെട്ടിയുയർത്തിയ 700 ഓളം പ്രത്യേക സാമ്പത്തികമേഖലകളുടെ കഥ ഹൃദയഭേദകമാണ്. ഇവിടങ്ങളിലെ തൊഴിലാളികളിൽ ഭൂരിഭാഗവും ഗ്രാമീണമേഖലകളിൽ നിന്നുള്ളവരും, പ്രധാനമായും അവിവാഹിതരായ യുവതികളുമാണ്. എല്ലാ ദിവസവും 12 മണിക്കൂർ വരെ ജോലി, അതും പാതിരാത്രി വരെ ഇടവേളകൾ പോലുമില്ലാതെ, അവധി ദിനങ്ങൾ ഇല്ലാതെ – ഇതാണ് തൊഴിൽ സാഹചര്യം. തൊഴിലാളികളെ അടച്ചിട്ട വാതിലുകൾക്കുള്ളിൽ 48 മണിക്കൂറുകൾ വരെ തുടർച്ചയായി പണിയെടുപ്പിച്ച ചില സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അമിതമായ തൊഴിൽ സമ്മർദ്ദത്തിന്റെ ഫലമായി, നടുവേദന, കുറയുന്ന കാഴ്ച്ചശക്തി, ക്ഷീണം, ഉറക്കമില്ലായ്മ, ശ്വാസതടസ്സം എന്നിങ്ങനെ നിരവധി ശാരീരിക ബുദ്ധിമുട്ടുകളിലാണ് തൊഴിലാളികൾ എത്തിപ്പെടുന്നത്. യുവതികളായ സ്ത്രീകൾ തൊഴിലിടങ്ങളിൽ തളർന്നു വീഴുന്ന സംഭവങ്ങളും ഉണ്ടാകാറുണ്ട്. ഫോർമാന്മാർ സ്ത്രീകളെ സാമ്പത്തികമായി മാത്രമല്ല ലൈംഗികമായും ശല്യം ചെയ്യുന്നു, ചൂഷണം ചെയ്യുന്നു. ഇവിടങ്ങളിലെ തൊഴിലാളികൾക്ക് യാതൊരു വിധ സാമൂഹിക–സാമ്പത്തിക സുരക്ഷയും ലഭ്യമല്ല. ഏറ്റവും മലിനീകരിക്കപ്പെട്ട ചൈനീസ് നഗരങ്ങളിലെ, കുടിയേറ്റക്കാരായ തൊഴിലാളികളാകട്ടെ അങ്ങേയറ്റം ഉപേക്ഷിക്കപ്പെട്ട നിലയിൽ തീർത്തും ദരിദ്രമായ ജീവിതമാണ് നയിക്കുന്നത്.

അടിമത്തത്തിന്റെയും, യാചനയുടേയും വേശ്യാവൃത്തിയുടേയും മനുഷ്യക്കടത്തിന്റെയും, കുറ്റവാളികളുടെ ആധിപത്യത്തിന്റെയും, സാമ്രാജ്യത്വത്തിന്റെ അങ്ങേയറ്റം ദുഷിച്ച സംസ്കാരത്തിന്റെ നുഴഞ്ഞുകയറലിന്റെയും ഒക്കെയാണ് മുതലാളിത്ത ചൈനയിൽ നിന്നും സ്ഥിരമായി ഉയരുന്ന വാർത്തകൾ. ആതുരശുശ്രൂഷാ രംഗം ഏകദേശം മുഴുവനായും സ്വകാര്യ ഉടമസ്ഥതയിലാണ്, വളരെയധികം ചിലവേറിയതുമാണ്. സർക്കാർ നിക്ഷേപത്തിന്റെ അഭാവം മൂലം, പൊതു വിദ്യാഭ്യാസ–പൊതുജനാരോഗ്യ സംവിധാനങ്ങൾ ക്രമാനുഗതമായി തകരുകയാണ്. പ്രാദേശിക ഭരണകൂടങ്ങൾ തോന്നുംപടി അടിച്ചേൽപ്പിക്കുന്ന നികുതികളിലൂടെ വർദ്ധിക്കുന്ന സാമ്പത്തികഭാരം പേറാൻ ജനങ്ങളേയും നിർബന്ധിതരാക്കുകയാണ്. നിയമവിരുദ്ധമായി ഭൂമി പിടിച്ചെടുക്കുന്നതിനെതിരെയുള്ള പ്രതിഷേധ സമരങ്ങൾ വർദ്ധിക്കുകയാണ്. മുതലാളിത്തം നിയന്ത്രണം ഏറ്റെടുത്തതോടെ എങ്ങനെയാണ് ജനങ്ങൾ കൂടുതലായി പാപ്പരാക്കപ്പെടുന്നത് എന്നത് ഈ ദയനീയ സാമൂഹികചിത്രം കാണിച്ചു തരികയാണ്. ഷാങ്ഹായ്, ബെയ്ജിങ്, കാന്റൺ തുടങ്ങിയ വിശാലമായ ആധുനിക നഗരങ്ങളുടെ പ്രതാപവും രമണീയതയും ചൈനയുടെ ഈ ദുരിതമുഖത്തെ ഒളിപ്പിച്ചു വെക്കേണ്ടതാണ്. എന്നാൽ, ദുഷിച്ച മരണാസന്നമായ മുതലാളിത്തത്തിന്റെ ഒരിക്കലും ഉണങ്ങാത്ത വ്രണങ്ങൾ ഈ മൂടുപടങ്ങളെയെല്ലാം തുളച്ച് ഉഗ്രമായി പുറത്തുവരുന്നു.

### ചൈനയിലെ മുതലാളിത്ത സമ്പദ്ഘടനയിലെ ആപത്ത്

ഇനി ചൈനീസ് സമ്പദ്ഘടനയുടെ ഇന്നത്തെ വിഷമസ്ഥിതിയിലേക്കു തിരിച്ചു വരാം. സംശയലേശമന്യേ നമുക്കു പറയുവാൻ സാധിക്കും, ഇത് മുതലാളിത്തത്തിന്റെ തന്നെ നിയമങ്ങളാൽ സൃഷ്ടിക്കപ്പെട്ട, ഒഴിവാക്കാനാകാത്ത പ്രതിസന്ധി തന്നെയാണ്. ലോകമൊട്ടാകെ ഇന്ന് തീവ്രമായ, അപരിഹാര്യമായ ഈ പ്രതിസന്ധിയുടെ പിടിയിൽ അമർന്നിരിക്കുന്നു. എല്ലാവർക്കുമറിയാം, ചൈനയിലെ മുതലാളിത്ത ഭരണാധികാരികൾ, കയറ്റുമതിയിൽ ഊന്നിയ വളർച്ചയെ കുറിച്ച് എപ്പോഴും വീരവാദം മുഴക്കിയിരുന്നു. അതോടൊപ്പം, അവർ വിദേശ മൂലധനത്തെ തങ്ങളുടെ രാജ്യത്തിലേക്ക് ആകർഷിച്ച്, തങ്ങളുടെ വിലകുറഞ്ഞ തൊഴിൽശേഷിയെ ഉപയോഗിച്ച്, ചൈനയെ ഏറ്റവും ആകർഷകമായ നിർമ്മാണകേന്ദ്രമാക്കി മാറ്റാൻ പരിശ്രമിച്ചു. എന്നാൽ, ജീർണ്ണിച്ച പിന്തിരിപ്പൻ മുതലാളിത്തത്തിന്റെ അനിവാര്യതയായി, ജനങ്ങളുടെ വരുമാനം ഇടിഞ്ഞതു മൂലം, ലോകമൊട്ടാകെ കുത്തനെ കുറഞ്ഞ ആവശ്യകത, ചൈനക്ക് ഇരട്ട പ്രഹരമായി. കറൻസി മൂല്യം കുറയ്ക്കുന്നതിലൂടെ കയറ്റുമതിയിൽ താത്കാലികമായ പുരോഗതി ദൃശ്യമായേക്കാം. പക്ഷേ കയറ്റുമതി വിപണി മുൻകാലങ്ങളിലെ സ്ഥാനം വീണ്ടും നേടിയെടുക്കില്ല. ഇപ്പോൾ, ഈ കയറ്റുമതി അധിഷ്ഠിത സാമ്പത്തിക വളർച്ചാ മാതൃക അതിന്റെ സ്വാഭാവിക അന്ത്യത്തിലെത്തിയിട്ടും, സർക്കാർ മുൻകൈയ്യിൽ ജനങ്ങൾക്കായി കൂടുതൽ സ്ഥിര വരുമാനമുള്ള ജോലികൾ സൃഷ്ടിച്ച്, അവരുടെ വാങ്ങൽ ശേഷി ഉയർത്തി അതിലൂടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനു പകരം ചൈനീസ് പ്രസിഡന്റ് താത്പര്യപ്പെടുന്നത്, വളർച്ച വർദ്ധിപ്പിക്കാൻ കൂടുതൽ ആക്രമണോൽസുകമായി സ്വതന്ത്ര വിപണി പരിഷ്കാരങ്ങൾ നടപ്പിലാക്കാനാണ്. അവർ പ്രതീക്ഷിക്കുന്നത്, ഇതു വഴി അന്താരാഷ്ട്ര സാമ്പത്തിക സംവിധാനത്തെ പൂർണ്ണതകർച്ചയോളമെത്തിച്ച, ആഗോള സാമ്പത്തികമാന്ദ്യം സൃഷ്ടിച്ച സബ്–പ്രൈം പ്രതിസന്ധിയുടെ കാറും കോളും അടക്കാൻ സാധിക്കുമെന്നാണ്. അതുകൊണ്ട്, നിലവിൽ തന്നെ നിക്ഷേപനിരക്കുകൾ ജിഡിപിയുടെ പകുതിയോളമെത്തിയ സമ്പദ്ഘടനയിൽ കൂടുതൽ നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു രക്ഷാ പാക്കേജ് കൊണ്ടുവന്നിരിക്കുകയാണ്. എന്നാലിത് യാതൊരു പ്രയോജനവും ചെയ്യാൻ പോകുന്നില്ല. ഒന്നാമതായി, സ്വതന്ത്രവിപണി എന്നത് നിർവ്വചിച്ചിരിക്കുന്നതു തന്നെ നിയന്ത്രണാതീതം എന്നാണ്. രണ്ടാമതായി, ഭൂരിഭാഗവും ദാരിദ്ര്യത്തിന്റെ ചങ്ങലകളാൽ ബന്ധിതരാക്കപ്പെട്ടിരിക്കുന്ന, തൊഴിലെടുക്കുന്നവരുടെ യഥാർത്ഥ വരുമാനത്തിൽ അതിവേഗം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവ്, ആഭ്യന്തര വിപണിയിലെ ആവശ്യകതയെ ചുരുക്കുകയാണ്. സമ്പദ് വ്യവസ്ഥ തണുത്തുറയുമ്പോൾ, കൂലിയും മരവിപ്പിക്കപ്പെടുന്നതും, തൊഴിലില്ലായ്മ ഭയജനകമായി വർദ്ധിക്കുന്നതും അവസ്ഥയെ കൂടുതൽ വഷളാക്കുന്നു. ആവശ്യമുള്ളതിലും വളരെയധികമായിരിക്കുന്ന തൊഴിലാളികളുടെ ലഭ്യത വർദ്ധിക്കുന്ന തൊഴിലില്ലായ്മയെ ചൂണ്ടിക്കാട്ടുന്നു.

മറുവശത്ത്, ഉത്തേജക പാക്കേജുകൾ പ്രവിശ്യാ ഭരണകൂടങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും വൻതോതിൽ കടമെടുത്ത് പശ്ചാത്തലസൗകര്യങ്ങളിലും കെട്ടിടനിർമ്മാണത്തിലുമൊക്കെ മുതൽമുടക്കാൻ പ്രോൽസാഹിപ്പിക്കുന്നു. ചൈനയുടെ സാമ്പത്തിക ഭൂമികയിൽ മേൽക്കോയ്മയുള്ള പൊതുമേഖലാ ബാങ്കുകളിൽ നിന്നും കടമെടുത്ത പണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിക്ഷേപങ്ങളുടെ ഭൂരിഭാഗവും നടത്തിയത്. എന്നാൽ റിയൽ എസ്റ്റേറ്റ് മേഖല ഒരു വലിയ കുമിളയാകുന്ന ലക്ഷണങ്ങൾ കാട്ടിത്തുടങ്ങിയപ്പോൾ, അത്തരം വായ്പകൾ കൂടുതലായി നൽകുന്നതിൽ ബാങ്കുകൾക്ക് വിലക്കു വന്നു. അവരുടെ നിക്ഷേപ–വായ്പാ പലിശ നിരക്കുകൾക്കും പരിധികൾ വന്നു. ഇത് ഒരു നിഴൽ ബാങ്കിങ് മേഖലയുടെ വളർച്ചക്കു വഴി വെച്ചു. അതായത്, മികച്ച വരുമാനം നിക്ഷേപകർക്ക് വാഗ്ദാനം ചെയ്തു കൊണ്ട് ട്രസ്റ്റുകളും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപ

*(ശേഷം 14–ാം പേജിൽ)*

(13-ാം പേജിൽ നിന്ന്)

# ഇന്നത്തെ ചൈനയുടേത് വായ്പാധിഷ്ഠിത സമ്പദ്ഘടന

നങ്ങളും മറ്റും സൃഷ്ടിച്ച വെൽത്ത് മാനേജ്മെന്റ് ഉൽപ്പന്നങ്ങൾ എന്ന സാമ്പത്തിക ഉപകരണങ്ങൾ പോലെയുള്ളവ ആണ് ഇങ്ങനെ ഉയർന്നു വന്നത്. ഇവ റിയൽ എസ്റ്റേറ്റ്-നിർമ്മാണ മേഖലകൾക്ക് സാമ്പത്തികസഹായം നൽകി, ആ മേഖലയിൽ ഒരു വലിയ മുന്നേറ്റത്തിന് ഇന്ധനം പകർന്നു. കടത്തിന്റെ പകുതിയോളവും (ഭൂരിഭാഗവും നിയന്ത്രണങ്ങൾക്കു പുറത്തുള്ള നിഴൽ ബാങ്കിങ് സംവിധാനങ്ങളിൽ നിന്നും) പ്രത്യക്ഷമായും പരോക്ഷമായും റിയൽ എസ്റ്റേറ്റ് കമ്പോളത്തിലേക്കും, പാർപ്പിട വായ്പകളിലേക്കുമാണ് തിരിച്ചുവിട്ടത്. ഇത് പ്രധാന ചൈനീസ് നഗരങ്ങളിലെല്ലാം റിയൽ എസ്റ്റേറ്റ് പ്രതിസന്ധിക്ക് വഴിയൊരുക്കി. റിപ്പോർട്ടു ചെയ്യപ്പെടുന്നതനുസരിച്ച്, 2013 അവസാനം, ചൈനയിലെ കോർപ്പറേറ്റ് കടം ഏകദേശം 12 ട്രില്ല്യൺ കോടി ഡോളർ, അഥവാ ജിഡിപിയുടെ 120% ആണ്. ഈ വായ്പകളുടെ ബഹുഭൂരിപക്ഷവും നിഴൽ ബാങ്കിങ്ങ് മേഖലയിലെ ട്രസ്റ്റ് ഉൽപ്പന്നങ്ങളിലെ നിക്ഷേപങ്ങളുടെ പുറത്താണ്. ചൈനയുടെ കേന്ദ്ര ബാങ്കായ പീപ്പിൾസ് ബാങ്ക് ഓഫ് ചൈന പുറത്തു വിട്ട കണക്കുകൾ പ്രകാരം, നിഴൽ ബാങ്കിങ് മേഖലയിലെ ട്രസ്റ്റ് സ്ഥാപനങ്ങൾ നൽകിയ വായ്പകൾ ഒരു വർഷക്കാലയളവിൽ 23% വർദ്ധിച്ച് ഏകദേശം 2.9 ട്രില്ല്യൺ ഡോളർ അഥവാ 2013-ൽ നൽകിയ വായ്പകളുടെ 30% എന്ന അവസ്ഥയായിരിക്കുന്നു. കൂടാതെ പ്രാദേശിക സർക്കാരുകളും വളരെ ആവേശത്തോടെ ഈ കടം വാങ്ങൽ മൽസരത്തിൽ പങ്കെടുത്തു. പശ്ചാത്തലസൗകര്യങ്ങൾക്കും മറ്റ് അഭിമാന പ്രോജക്ടുകൾക്കുമായി പ്രത്യേക ബജറ്റിതര, പ്രാദേശിക സർക്കാർ സാമ്പത്തിക സംവിധാനങ്ങൾ പോലും ഇതിനായി ഇവർ ഉണ്ടാക്കിയെടുത്തു. ഇവയാകട്ടെ, ഔദ്യോഗിക ഏജൻസികളായ ചൈന വികസന ബാങ്ക് പോലെയുള്ളവയിൽ നിന്നും മാത്രമല്ല, ട്രസ്റ്റുകളിൽ നിന്നു പോലും അവർ വായ്പകൾ നേടിയെടുത്തു. ചൈനയുടെ ദേശീയ ഓഡിറ്റ് ഓഫീസിലെ കണക്കുകൾ പ്രകാരം, പ്രാദേശിക സർക്കാരുകളുടെ കടം 2010 അവസാനം മുതൽ ഏകദേശം 70% വരെ വർദ്ധിച്ച്, 2013 ജൂണിൽ മൂന്നു ട്രില്ല്യൺ ഡോളർ വരെയായി. യുഎസ് അടക്കമുള്ള പാശ്ചാത്യ സാമ്രാജ്യത്വ മുതലാളിത്ത രാജ്യങ്ങളുടെ മാതൃകയിൽ, ചൈനയിലും സർക്കാർ, കടം വാങ്ങി വീഴ്ച വരുത്തിയവരെ പൊതുഖജനാവിൽ നിന്നും പണമെടുത്തു സഹായിച്ച് രക്ഷിച്ചെടുത്തു. എന്നാൽ സാമ്പത്തിക കമ്പോളത്തിലെ അസ്ഥിരത അവസാനിപ്പിക്കാൻ അതു മതിയായില്ല.

### ഋണാധിഷ്ഠിത സമ്പദ്ഘടന എന്ന നീർക്കുമിള

മുതലാളിത്തത്തിന്റെ നിയമങ്ങൾ മനസ്സിലാക്കിയിട്ടുള്ള ആർക്കും അറിയുന്ന ഒരു കാര്യമുണ്ട്. കടത്തിന്റെ പുറത്ത് കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന വളർച്ച തുടക്കത്തിൽ മുതലാളിത്ത ലോകത്തെ മുന്നോട്ടു നയിച്ചേക്കാം. എന്നാൽ, ജനങ്ങളുടെ വരുമാനത്തിലുള്ള ഇടിവ്, ഈ വായ്പകളിലൂടെ വാങ്ങിയെടുക്കുന്ന ആസ്തികളിന്മേൽ നടത്തുന്ന അമിതമായ ഊഹക്കച്ചവടം, തുടർന്നുണ്ടാകുന്ന ആവശ്യകതയിലുള്ള കുറവ് - ഇതെല്ലാം വായ്പാ തിരിച്ചടവിൽ, എന്തിന് പലിശയടവിൽ പോലും വൻ വീഴ്ച വരുത്തും. കൃത്യമായും ചൈനയിൽ ഇതാണ് സംഭവിച്ചത്. 2013-ൽ സാമ്പത്തിക വിദഗ്ദ്ധനായ ഗാൻ ലീ നടത്തിയ സർവ്വേ പ്രകാരം ചൈനയുടെ ആസ്തികളുടെ ഏകദേശം 65% റിയൽ എസ്റ്റേറ്റ് മേഖലയിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഇതിന്റെ വലിയൊരു ഭാഗം ഊഹക്കച്ചവടത്തിൽ അധിഷ്ഠിതമാണ്. നിലവിൽ ഒരു വീടെങ്കിലും ഉള്ളവരാണ് പുതിയ ഭവനങ്ങൾക്കായി ആവശ്യപ്പെട്ടതിൽ 42%. പല ഭാഗങ്ങളിലും താമസിക്കാനാളില്ലാതെ വീടുകൾ ഒഴിഞ്ഞുകിടക്കുന്നത് ആവശ്യത്തിൽ വന്ന കുറവിനെ സൂചിപ്പിക്കുന്നു. അമേരിക്കയിലെ സബ് പ്രൈം പ്രതിസന്ധി പോലെ, ചൈനയിലും വിറ്റു പോകാത്ത വീടുകളുടെ എണ്ണം വർദ്ധിച്ച് റിയൽ എസ്റ്റേറ്റ് കുമിള പൊട്ടിത്തകർന്നപ്പോൾ, വായ്പയെടുത്തും, സമ്പാദ്യം മുഴുവൻ മുതലിറക്കിയും ഈ മേഖലയിലെ ഉയർച്ചയിൽ നിന്നു നേട്ടം കൊയ്യാമെന്നു വിശ്വസിച്ചു വന്ന ലക്ഷക്കണക്കിനു ചെറുകിട നിക്ഷേപകർക്ക് വമ്പിച്ച നഷ്ടമാണ് ഉണ്ടായത്. ആസ്തികളുടെ വില ഇടിഞ്ഞപ്പോൾ, അതിന്മേലുള്ള ഓഹരികളുടെ വിലയും ഇടിഞ്ഞു. ഇതെല്ലാം സൂചിപ്പിക്കുന്നതെന്തെന്നാൽ, ചൈനീസ് സമ്പദ് വ്യവസ്ഥയിൽ ഒറ്റക്കൊറ്റയ്ക്ക് എടുത്തു പരിശോധിക്കുമ്പോൾ ബന്ധമില്ലെന്നു തോന്നുന്ന പ്രശ്നങ്ങളൊക്കെയും വാസ്തവത്തിൽ, ആഗോള മുതലാളിത്ത സാമ്പത്തിക സംവിധാനം പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തത്തിൽ നെയ്ത വലയുടെ കണ്ണികൾ മാത്രമാണ്. മുതലാളിത്ത ചൈനയുടെ ഭരണാധികാരികൾ ആഗോളവൽക്കരണത്തിന്റെ വിനാശകരമായ കുറിപ്പടികളെ പുൽകി, സാമ്പത്തിക മേഖലയെ ഉദാരീകരിക്കുകയും അതു തുടരുകയും ചെയ്യുമ്പോൾ ഈ പതനം ഒഴിവാക്കാനാകാത്തതാണ്. ഒരു പത്രസമ്മേളനത്തിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ സ്റ്റേറ്റ് കൗൺസിലിന്റെ ഇപ്പോഴത്തെ പ്രീമിയർ ലീ കെഖിയാങ് ഊന്നി പറഞ്ഞത്, കമ്പോളത്തിന് ഊർജ്ജം നൽകി സാമൂഹിക സൃഷ്ടിപരത ഉത്തേജിപ്പിക്കുന്നതിനെ പറ്റിയാണ്. അല്ലാതെ, ഊഹക്കച്ചവടത്തിൽ ഊന്നുന്ന മൂലധനത്തെ നിയന്ത്രിക്കുന്നതിനെ കുറിച്ചല്ല. അദ്ദേഹത്തിന്റെ വാക്കുകളിൽ, എയ്തു വിട്ട അമ്പ് എങ്ങനെയാണ് തിരിച്ചെടുക്കുക? പരിഷ്കരണങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ ഞങ്ങൾ ഉറച്ചു നിൽക്കുന്നു. ഇത് കാണിക്കുന്നത്, ചൈനീസ് അധികാരികൾ ലോകബാങ്ക് ശുപാർശകളുടെ കറകളഞ്ഞ അനുയായികൾ ആണെന്നാണ്. അതായത്, സർക്കാർ സംവിധാനങ്ങൾ എല്ലാത്തരം ഉത്പാദന മേഖലകളിൽ നിന്നും പിന്മാറി, അത് സ്വകാര്യ മുതലാളിമാർക്കായി തുറന്നു കൊടുക്കുക, സർക്കാർ സംവിധാനങ്ങളെ കേവലം സർക്കാർ സേവനങ്ങൾ നൽകുന്നവരും ഉപദേശകരും മാത്രമായി ചുരുക്കുക. പോരാത്തതിന്, ബാങ്കിങ് മേഖല പൂർണ്ണമായും കച്ചവടവൽക്കരിക്കുക, പലിശ നിരക്കുകൾ കമ്പോള തത്വങ്ങൾ അനുസരിച്ച് ഉദാരവൽക്കരിക്കുക, ഊഹക്കച്ചവടത്തിൽ ഊന്നിയ ഓഹരി വിപണിയെ കൂടുതൽ ഉണർത്തിയെടുക്കുക, അങ്ങനെ ക്രമേണ ചൈനയുടെ സാമ്പത്തികമേഖലയെ ആഗോള മുതലാളിത്ത സാമ്രാജ്യത്വ സാമ്പത്തിക സംവിധാനത്തിലേക്ക് കൂടുതൽ ഇഴ ചേർക്കുക. സമസ്തമേഖലകളിലും ദൃശ്യമാകുന്ന മാന്ദ്യത്തിലും, പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾക്കും ഒപ്പം, വ്യാപകമായ ഉദാരവൽക്കരണത്തിനും മുതലാളിത്ത കമ്പോളത്തിന്റെ സ്വാധീനത്തിനുമായുള്ള കുറിപ്പടി സമ്പദ്ഘടനയെ കൂടുതൽ ഭീഷണമായ പ്രതിസന്ധിയിലേക്കാകും വലിച്ചിഴയ്ക്കുക.

### എന്താണീ പതനം സൃഷ്ടിച്ചത്

എന്താണ് ചൈനയിൽ പതനം സൃഷ്ടിച്ചത് എന്നതാണ് സ്വാഭാവികമായ ചോദ്യം. നമുക്കെല്ലാം അറിയാം, തിരുത്തൽവാദികളായ ഡെങ് നേതൃത്വം മാവോ സേതൂങ് ചിന്തയെ നിരാകരിച്ചിരുന്നു. അതാകട്ടെ, ലെനിന്റെയും സ്റ്റാലിന്റെയും പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ട്, സോഷ്യലിസത്തിലും വർഗ്ഗസമരം തീക്ഷ്ണമാക്കാനും, അതിലൂടെ പിന്തിരിപ്പൻ ബൂർഷ്വാ ചിന്തകളെ പരാജയപ്പെടുത്തി, സോഷ്യലിസ്റ്റ് നിർമ്മാണത്തെയും സോഷ്യലിസ്റ്റ് സമ്പദ്ഘടനയേയും, രാഷ്ട്രീയത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിലെ ബൂർഷ്വാ ആക്രമണം സൃഷ്ടിക്കുന്ന അധഃപതനത്തിൽ നിന്നും സംരക്ഷിക്കുവാനുമാണ് പഠിപ്പിക്കുന്നത്. മാവോ വിശദീകരിച്ചതു പോലെ, “രാഷ്ട്രീയത്തെ നേതൃസ്ഥാനത്തു” നിർത്താനും, “വർഗ്ഗസമരം സുപ്രധാന ബന്ധമാക്കാനുമുള്ള” ആവശ്യത്തെ ബോധപൂർവ്വം മാറ്റിവെച്ചു കൊണ്ട്, ഡെങ് സംഘം നിർദ്ദേശിച്ചത് സാമ്പത്തിക പുനർനിർമ്മാണം മുഖ്യ കർത്തവ്യമായി മുൻനിർത്തി എല്ലാ പാർട്ടി ജോലികളും അതിനു കീഴിൽ കൊണ്ടു വരാനാണ്. മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാന ധാരണകളെ പോലും അപഹാസ്യമാക്കികൊണ്ട്, ചൈനയിൽ സോഷ്യലിസ്റ്റ് പരിവർത്തനം പൂർത്തിയായെന്നും, ഇനി യാതൊരു ചൂഷകനോ, വർഗ്ഗങ്ങളോ വർഗ്ഗസമരമോ നിലനിൽക്കുന്നില്ലെന്നും അവർ വാദിച്ചു. വർഗ്ഗങ്ങൾ നിലനിൽക്കുന്നില്ലെന്നു തെളിയിക്കാനായി അവർ പ്രഖ്യാപിച്ചത്, മുൻകാല കച്ചവടക്കാരും വ്യവസായികളും ഭൂപ്രഭുക്കളും സമ്പന്ന കർഷകരുമെല്ലാം തൊഴിലാളികളാണെന്നാണ്. സോഷ്യലിസ്റ്റ് സമ്പദ്ഘടനയിൽ നിന്നുള്ള തിരിച്ചു പോക്കിന്റെ ഭാഗമായി, ഉത്പാദനം വർദ്ധിപ്പിക്കുക, ആധുനികവൽക്കരിക്കുക തുടങ്ങിയ പേരുകളിൽ ഉത്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനും, കാർഷികോത്പാദനം അനുസരിച്ച് പ്രതിഫലം നൽകുന്ന സമ്പ്രദായവും കുടുംബങ്ങളുടെ പേരിലുണ്ടായിരുന്ന ഭൂമി, തിരിച്ചു നൽകാനും ആരംഭിച്ചു. അവരെ സംബന്ധിച്ചിടത്തോളം, മാവോക്കു ശേഷമുള്ള കാലഘട്ടത്തിൽ ചൈനയിലെ പ്രധാന വൈരുദ്ധ്യം ആധുനിക ഉത്പാദനബന്ധവും പഴഞ്ചൻ ഉത്പാദക ശക്തികളും തമ്മിലായിരുന്നു. സംശയലേശമന്യേ മാവോ കൃത്യമായി പറഞ്ഞിരുന്നു, അർദ്ധ-കൊളോണിയലിസത്തിലും, അർദ്ധ-ജന്മിത്തത്തിന്റെയും പിടിയിൽ നിന്നും ഉത്പാദകശക്തികളെ മോചിപ്പിച്ചു. ഉത്പാദന ഉപാധികളുടെ ഉടമസ്ഥതയുടെ സോഷ്യലിസ്റ്റ് പരിവർത്തനം, ഉത്പാദനശക്തികളെ വളരെയധികം വളർത്തിയിരുന്നു. ഉത്പാദന ശക്തികളിൽ മനുഷ്യനും യന്ത്രവും ഉൾപ്പെടുന്നു, അതായത് തൊഴിലും സാങ്കേതികവിദ്യയും.രണ്ടിനും, ആശയം-സംസ്കാരം-മൂല്യങ്ങൾ എന്നീ മേഖലകളിലെ വികാസവും,എല്ലാ ശാസ്ത്രശാഖകളിലും മനുഷ്യനു വർദ്ധിക്കുന്ന അറിവും ആവശ്യമാണ്. ഈ സൈദ്ധാന്തിക പാഠം ഉജ്ജ്വലമായി വിശദീകരിച്ചുകൊണ്ട് സ്റ്റാലിൻ, യുഎസ്എസ്ആറിലെ സോഷ്യലിസത്തിന്റെ സാമ്പത്തികപ്രശ്നങ്ങൾ എന്ന തന്റെ പ്രശസ്തകൃതിയിൽ പറഞ്ഞിരിക്കുന്നത്, ഉത്പാദനബന്ധങ്ങളിലെ മുന്നേറ്റങ്ങൾ അനുസരിച്ച് ഉത്പാദന ബന്ധമല്ല, ഉത്പാദന ശക്തികളാണ് നീങ്ങുക, എന്നാണ്. അപ്പോൾ, അടിസ്ഥാന സാമ്പത്തികഘടനയുടെ സോഷ്യലിസ്റ്റ് പരിവർത്തനത്തിനൊപ്പം, ഉപരിഘടനയിൽ സോഷ്യലിസ്റ്റ് ആശയസമരത്തിലൂടെയും, തുടർച്ചയായ ആശയ-രാഷ്ട്രീയ-സാംസ്കാരിക വികാസത്തിലൂടെയും ആണ്, ചൈനീസ് ജനത തങ്ങളുടെ ബോധപൂർവ്വവും, ചലനാത്മകവുമായ പങ്ക് പൂർണ്ണമായും പുറത്തെടുക്കേണ്ടത്. അങ്ങനെ സോഷ്യലിസത്തേയും സോഷ്യലിസ്റ്റ് സമ്പദ്ഘടനയേയും എല്ലാ മേഖലകളിൽ നിന്നുമുള്ള ബൂർഷ്വാ ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചു മുന്നോട്ടു നയിക്കാനും അതു വഴി പ്രതിവിപ്ലവത്തിന്റെ ഭീഷണിയെ കുറയ്ക്കാനും സാധിക്കും.

### പ്രശ്നത്തിന്റെ ഉത്പത്തി സഖാവ് ശിബ്ദാസ് ഘോഷ് നേരത്തേ ചൂണ്ടിക്കാട്ടിയിരുന്നു

ആധുനികതിരുത്തൽവാദം, ചൈനയിലെ മുതലാളിത്ത പക്ഷക്കാരുടെ ഗൂഢാലോചന, ചൈനയിലെ സാംസ്കാരിക വിപ്ലം എന്നിവ ആഴത്തിൽ വിശകലനം ചെയ്യവെ, എസ്‌യുസിഐ(സി)യുടെ സ്ഥാപക ജനറൽസെക്രട്ടറിയും ഈ യുഗത്തിലെ സമുന്നത മാർക്സിസ്റ്റ് ചിന്തകരിലൊരാളുമായ സഖാവ് ശിബ്ദാസ്ഘോഷ് ഇപ്രകാരം നിരീക്ഷിച്ചു:“ചൈനയ്ക്ക് അതിന്റെ സമ്പദ്ഘടനയെ ഉറച്ച അടിത്തറയിൽ ദൃഢീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെങ്കിൽ, ശരിയായ രാഷ്ട്രീയലൈനിന്റെയും പ്രത്യയശാസ്ത്രത്തിന്റെയും വിപ്ലവകരമായ അർപ്പണബോധത്തിന്റെയുമടിസ്ഥാനത്തിൽ പാർട്ടിയും ജനങ്ങളും തമ്മിൽ സുദൃഢമായ ഐക്യം ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ഒരു സോഷ്യലിസ്റ്റ് രാജ്യത്ത് സമ്പദ്ഘടനയിലും സാങ്കേതിക രംഗത്തും മിലിട്ടറി സയൻസിലുമൊക്കെ വമ്പിച്ച പുരോഗതി കൈവരിക്കുമ്പോൾ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതി മുൻനിർത്തി അതിനോട് കിടപിടിക്കത്തക്കവണ്ണം സമൂഹത്തിന്റെ പ്രത്യയശാസ്ത്ര-സാംസ്കാരിക-നൈതിക നിലവാരം ഉയർത്തിയെടുക്കാൻ കഴിയുന്നില്ലെങ്കിൽ അതുവഴി സൃഷ്ടിക്കപ്പെടുന്ന അന്തരം പ്രത്യയശാസ്ത്രരംഗത്തെ നിലവാരത്തകർച്ചയുണ്ടാകുന്നതിലേയ്ക്ക് നയിക്കുകയും അത് അനുകൂലസാഹചര്യം വരുമ്പോൾ പരിഷ്ക്കരണവാദത്തിനും തിരുത്തൽവാദത്തിനും ജന്മം നൽകുകയും പ്രതിവിപ്ലവത്തിലേയ്ക്കുതന്നെ നയിക്കുകയും മാർക്സിസം-ലെനിനിസത്തിന്റെ പതാകയേന്തിയും സോഷ്യലിസ്റ്റ് മുദ്രാവാക്യങ്ങൾ ഉരുവിട്ടുകൊണ്ടുംതന്നെ സോഷ്യലിസത്തെ അപകടപ്പെടുത്തിക്കൊണ്ട് മുതലാളിത്തം പുനഃസ്ഥാപിക്കുന്നതിന് ഇടയാക്കുമെന്നാണ് റഷ്യയുടെ അനുഭവം വ്യക്തമായി കാണിച്ചുതരുന്നത്. സോഷ്യലിസ്റ്റ് സമ്പദ്ഘടന കെട്ടിപ്പടുക്കുന്ന വേളയിൽ, സാധാരണതൊഴിലാളികൾക്കിടയിൽ, ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയുള്ള ത്വരയുടെ രൂപത്തിൽ പുതിയൊരുതരം സാമ്പത്തികവാദപ്രവണത എന്നൊരപകടം തലപൊക്കാനിടയുണ്ട്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ പൊതുവിൽ തൊഴിലാളികളെ സംബന്ധിച്ചടത്തോളം, സോഷ്യലിസമെന്നാൽ, മെച്ചപ്പെട്ട ആനുകൂല്യങ്ങളും സൗകര്യങ്ങളുമല്ലാതെ മറ്റൊന്നുമല്ല. അവരെ സംബന്ധിച്ചിടത്തോളം ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള താൽപ്പര്യത്തിനുപിന്നിൽ പ്രവർത്തിക്കുന്നത് വിശേഷവകാശങ്ങൾക്കും ഭൗതിക നേട്ടങ്ങൾക്കുംവേണ്ടിയുള്ള ഈ ആഗ്രഹം തന്നെയാണ്. അതില്ലെങ്കിൽ സോഷ്യലിസം, ഉയർന്ന ഉൽപ്പാദനം എന്നൊക്കെ പറയുന്നതിൽ ഒരർത്ഥവുമില്ല. സോഷ്യലിസത്തിൽ ഉൽപ്പാദനം വർദ്ധിക്കുന്നതിനനുസരിച്ച് സ്വാഭാവികമായിത്തന്നെ തൊഴിലാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുകയും അവരുടെ ജീവിതനിലവാരം ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ, ഉൽപ്പാദനവർദ്ധനവിനെ വ്യക്തിപരമായ നേട്ടങ്ങളുമായി ബന്ധപ്പെടുത്തുന്നതിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്നത് സോഷ്യലിസത്തിന്റെ അടിസ്ഥാന ഉദ്ദേശലക്ഷ്യങ്ങളുമായി ഒരുതരത്തിലും പൊരുത്തപ്പെടാത്ത ഒരു മനോഭാവമാണ്. ഇത്, ഒരു പ്രത്യേകതരത്തിലുള്ള വ്യക്തിവാദപരവും അവസരവാദപരവുമായ പ്രവണത തൊഴിലാളികൾക്കിടയിൽ വളർന്നുവരാനിടയാക്കും. അതിനാൽ, സ്വന്തംരാജ്യത്തിന്റെയും ലോകതൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെയും താൽപ്പര്യം മുൻനിർത്തി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് ആത്മാർത്ഥമായി ചിന്തിക്കുന്നതരത്തിൽ അവരുടെ വീക്ഷണവും മനോഭാവവും രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ, വ്യക്തിതാൽപ്പര്യം സാമൂഹ്യതാൽപ്പര്യവുമായി താദാത്മ്യപ്പെടുത്തുന്നതിൽ ഈ സമ്പത്തികലാഭം വലിയ പ്രതിബന്ധമായിത്തീരും. ഞാനിതിനെ ‘സോഷ്യലിസ്റ്റ് വ്യക്തിവാദം’ എന്നാണ് പേരിട്ടുവിളിച്ചിട്ടുള്ളത്. ഇത് തൊഴിലാളിവർഗ്ഗത്തെ തൊഴിലാളിവർഗ്ഗ വിപ്ലവരാഷ്ട്രീയത്തിൽനിന്നുതന്നെ അകറ്റിക്കളയും” പാർട്ടിയുടെ തലപ്പത്തേയ്ക്കുവരുന്ന തിരുത്തൽവാദികൾ, മാർക്സിസത്തിന്റെയും കമ്മ്യൂണിസ്റ്റ് വീക്ഷണത്തിന്റെയും സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും പ്രയോഗത്തിന്റെയുമൊക്കെ വിപ്ലവകരമായ ഉള്ളടക്കം തന്നെ ചോർത്തിക്കളയുമെന്നും സഖാവ് ഘോഷ് മുന്നറിയിപ്പുനൽകി.“സാവധാനത്തിലും വഞ്ചനാപരമായും സൂക്ഷ്മമായ മാർഗ്ഗങ്ങൾ അവലംബിച്ചും ക്രമേണയുമായിരിക്കും അവരിതു ചെയ്യുക. ഇതുമൂലം, മാർക്സിസം ലെനിനിസമെന്നത് അന്തസത്ത ചോർന്ന് മുദ്രാവാക്യത്തിലും പ്രസംഗത്തിലും മാത്രം അവശേഷിക്കുന്ന ഒരു പതനത്തിലേക്ക് സമൂഹത്തെ കൊണ്ടെത്തിക്കുകയും സോഷ്യലിസത്തിന്റെ സ്ഥാനത്ത് മുതലാളിത്തം അവരോധിക്കപ്പെടുന്ന ഒരു സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുകയും ചെയ്യും.” മാർക്സിസം-ലെനിനിസത്തെ വികസിപ്പിക്കുകയും സമ്പുഷ്ടമാക്കുകയും

(ശേഷം 15-ാം പേജിൽ)

## ചൈനയുടെ തകർച്ച...

(14–ാം പേജിൽ നിന്ന്)

ചെയ്യവെ ഈ ദുരന്തം ഒഴിവാക്കുന്നതിനുള്ള മാർഗ്ഗവും സഖാവ് ഘോഷ് ചൂണ്ടിക്കാണിച്ചു. “വ്യക്തിതാൽപ്പര്യത്തെ സന്തോഷത്തോടെയും നിരുപാധികമായും സാമൂഹ്യതാൽപ്പര്യത്തിന് അടിയറവെയ്ക്കുകയും പാർട്ടിയുടെയും വിപ്ലവത്തിന്റെയും താൽപ്പര്യത്തെ എല്ലാറ്റിനുമുപരിയായി പ്രതിഷ്ഠിക്കുകയും ചെയ്യുന്നതാണ് കമ്മ്യൂണിസ്റ്റ് ധാർമ്മികമൂല്യങ്ങളുടെ ഏറ്റവും ഉയർന്ന നിലവാരമായി ഇന്നുവരെ പരിഗണിക്കപ്പെട്ടിരുന്നത്. അവരെ മാത്രമേ യഥാർത്ഥ കമ്മ്യൂണിസ്റ്റുകളായി ഗണിച്ചിരുന്നുള്ളൂ. എന്നാൽ ഇന്നത്തെ സങ്കീർണ്ണമായ ജീവിത സാഹചര്യത്തിൽ, കമ്മ്യൂണിസ്റ്റ് നേതാക്കളെ സംബന്ധിച്ചിടത്തോളം ഇത് പര്യാപ്തമായ നിലവാരമായി കരുതാനാവില്ല. സോഷ്യലിസത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി പോരാടുമ്പോൾ, വ്യക്തിയുടെ വിമോചനത്തിനായുള്ള സമരത്തിന്റെ മുഖ്യലക്ഷ്യം, വ്യക്തിപരമായ ആവശ്യകതയും സാമൂഹ്യാവശ്യകതയും തമ്മിൽ നിലനിൽക്കുന്ന ശത്രുതാപരമായ വൈരുദ്ധ്യത്തെ ശത്രുതാപരമല്ലാത്ത ഒന്നാക്കി പരിവർത്തിപ്പിക്കുക എന്നതായിരിക്കണം... അതായത്, അചഞ്ചലമായ അർപ്പണബോധത്തോടെയും നിതാന്തമായ ജാഗ്രതയോടെയും, വ്യക്തിതാൽപ്പര്യത്തെ സാമൂഹ്യതാൽപ്പര്യവുമായി താദാത്മ്യപ്പെടുത്താനുള്ള, കൂടുതൽ തീവ്രവും തീക്ഷ്ണവുമായ ഒരു പോരാട്ടം ഏറ്റെടുക്കേണ്ടതുണ്ട്”(തെരഞ്ഞെടുത്തകൃതികൾ, വാല്യം -1). വിപ്ലവം സാദ്ധ്യമാക്കാൻ മാത്രമല്ല, സോഷ്യലിസത്തെ സംരക്ഷിക്കുവാനും കമ്മ്യൂണിസ്റ്റുകൾ ഇന്ന് ആർജ്ജിക്കേണ്ട നിലവാരം ഇതായിരിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

**ചൈനീസ് ജനത മുതലാളിത്തത്തെ വിപ്ലവത്തിലൂടെ തൂത്തെറിഞ്ഞ് സോഷ്യലിസം പുനഃസ്ഥാപിക്കണം**

എല്ലാപ്രശ്നങ്ങളുടെയും അടിസ്ഥാനം ഇതാണ്. പാർട്ടിയുടെയും ഭരണകൂടത്തിന്റെയും തലപ്പത്ത് തിരുത്തൽവാദികൾ കയറിപ്പറ്റുകയും സോഷ്യലിസത്തിന്റെ സ്ഥാനത്ത് മുതലാളിത്തം പുനഃസ്ഥാപിക്കുകയും ചെയ്യുന്നത് തടയാൻ ചൈനീസ് ജനതയ്ക്ക് കഴിയാതെ പോയതിന് അവരിന്ന് വലിയ വില കൊടുക്കേണ്ടിവന്നിരിക്കുന്നു. മുതലാളിത്തത്തെ ബാധിച്ചിരിക്കുന്ന എല്ലാ പ്രതിസന്ധികളും ഇന്ന് ചൈനീസ് സമൂഹത്തെയും പിടികൂടിയിരിക്കുന്നു. ജനജീവിതത്തിൽ ഇത് ദുരിതം വിതയ്ക്കുകയാണ്. ലോകത്തെ എല്ലാ പ്രതിഭാസങ്ങളും നിയമഭരിതമാണെന്നും അനിഷേധ്യമായ ഈ നിയമത്തെ മറികടക്കാൻ ഒരാൾക്കുമാവില്ലെന്നുമുള്ള മാർക്സിസം-ലെനിനിസത്തിന്റെ ഒരു അടിസ്ഥാനതത്വം കൂടി ചൈനയുടെ തകർച്ച ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. സോഷ്യലിസത്തിന്റെയും സാമൂഹ്യ പുരോഗതിയുടെയും നിയമങ്ങൾ ശരിയായി പിന്തുടർന്നതുകൊണ്ടാണ് മാവോസെതുങ്ങിന്റെ നേതൃത്വത്തിൽ ചൈനയ്ക്ക് വിപ്ലവം സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞത്. ഇന്ന് ചൈന അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളും മുതലാളിത്ത വ്യവസ്ഥയുടേതാണ്. മുതലാളിത്തപാതക്കാരനായ ഡെങ്സിയാവോപിങ്ങും അനുയായികളും മാർക്സിസത്തിൽനിന്ന് വ്യതിചലിക്കുകയും സോഷ്യലിസ്റ്റ് നിയമങ്ങൾക്കെതിരായി പ്രവർത്തിക്കുകയും അതിന്റെ അനിവാര്യഫലമെന്നോണം സാമ്പത്തിക ശാസ്ത്രനിയമങ്ങൾപ്രകാരംതന്നെ പ്രതിവിപ്ലവത്തിലൂടെ സോഷ്യലിസത്തിന്റെ സ്ഥാനത്ത് മുതലാളിത്തം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. മുൻകാലതെറ്റുകളിൽനിന്ന് പാഠമുൾക്കൊണ്ട് ചൈനയിലെ തൊഴിലാളിവർഗ്ഗം, മാർക്സിസം-ലെനിനിസം-മാവോസെതുങ്ങ് ചിന്തയുടെ അടിസ്ഥാനത്തിൽ ഒരു ശരിയായ വിപ്ലവപാർട്ടി കെട്ടിപ്പടുക്കാനും വർഗ്ഗ-ബഹുജന സമരങ്ങൾ തീവ്രമാക്കിക്കൊണ്ട് അതിന്റെ പരിസമാപ്തിയെന്നോണം ചൂഷണമുതലാളിത്ത വ്യവസ്ഥയെ വിപ്ലവത്തിലൂടെ സ്ഥാനഭ്രഷ്ടമാക്കിക്കൊണ്ട് സോഷ്യലിസവും നഷ്ടപ്പെട്ട അന്തസ്സും പുരോഗതിയും പുനഃസ്ഥാപിക്കാനുമുള്ള ഉത്തരവാദിത്തം ഏറ്റെടുക്കണം. ■

## വിദ്യാഭ്യാസത്തെ രക്ഷിക്കാൻ പുതിയ സർക്കാർ ആദ്യം ചെയ്യേണ്ടത്

(9–ാം പേജിൽ നിന്ന്)

എന്നാൽ, തെരഞ്ഞെടുപ്പ് കാലത്ത് എൽഡിഎഫ് പുറത്തിറക്കിയ പ്രകടനപത്രികയിൽ പാഠ്യപദ്ധതി പരിഷ്കരണം അതേപടി തുടരുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അതായത് ഡിപിഇപിയിൽ ആരംഭിച്ചതും എസ്എസ്എയിലൂടെ മുന്നേറിയതുമായ പുതിയ പാഠ്യപദ്ധതി സമ്പ്രദായങ്ങൾ അതിന്റെ വിശ്വരൂപം വീണ്ടും പ്രകടിപ്പിക്കുമെന്നതാണ് ഭീഷണി. നിലവാരത്തകർച്ചയ്ക്ക് കാരണമായ പാഠ്യപദ്ധതി പരിഷ്കരണത്തിൽ ഒരു മാറ്റവും വരുത്താൻ സമ്മതിക്കില്ലാത്രെ. കുട്ടി നിശ്ചിത നിലവാരം ആർജ്ജിച്ചാലും ഇല്ലെങ്കിലും ആൾ പ്രമോഷൻ സമ്പ്രദായം എല്ലാ ക്ലാസ്സുകളിലും നടപ്പാക്കുമെന്ന് സാരം.

അക്ഷരം പഠിപ്പിക്കരുതെന്ന ഉഗ്രശാസനം ക്ലാസ്സുമുറികളിൽ വീണ്ടും മുഴങ്ങുമോ? അങ്ങനെ വന്നാൽ ബോധന പ്രക്രിയയിൽ അദ്ധ്യാപകൻ വഹിക്കേണ്ടുന്ന സുപ്രധാനമായ പങ്ക് ക്ലാസ്സുമുറിയിൽ നന്നേ വെട്ടിക്കുറയ്ക്കപ്പെടും. സ്വയംപഠനത്തിന്റെയും പ്രവർത്തനാധിഷ്ഠിത പഠനത്തിന്റെയും പേരിൽ വിഷയബന്ധിതമായ വൈജ്ഞാനിക പഠനം ക്ലാസ്സുമുറികളിൽ നിന്ന് അപ്രത്യക്ഷമാകുമെന്ന സ്ഥിതി വന്നാൽ വിദ്യാഭ്യാസ നിലവാരത്തെ അത് സാരമായി ബാധിക്കുമെന്ന മുന്നറിയിപ്പ് ഇനിയെങ്കിലും പരിഗണിക്കാൻ പുതിയ സർക്കാർ തയ്യാറാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ഡിപിഇപി, എസ്എസ്എ, ആർഎംഎസ്എ തുടങ്ങിയ ലോകബാങ്കിന്റെ വിനാശകരമായ എല്ലാ പദ്ധതികളിൽ നിന്നും ഗവൺമെന്റ് പിന്മാറണം.

ഏത് പഠനബോധന സമ്പ്രദായങ്ങളും നടപ്പാക്കി ഒരു നിശ്ചിത കാലയളവ് കഴിയുമ്പോൾ നേട്ട കോട്ടങ്ങൾ അവലോകനം ചെയ്യപ്പെടണം. എന്നാൽ, കേരളത്തിലെ പാഠ്യപദ്ധതി പരിഷ്കരണം 1996 ൽ ആരംഭിച്ചത് 2016 -ൽ എത്തിയിട്ടും സമഗ്രമായ പരിശോധനയ്ക്കോ അവലോകനത്തിനോ വിധേയമാക്കപ്പെട്ടിട്ടില്ല. രണ്ട് ദശാബ്ദങ്ങൾ കടന്നുപോയിരിക്കുന്നു. അനേകം വിമർശനങ്ങൾ ഇതിനകം പാഠ്യസമ്പ്രദായങ്ങളെ അധികരിച്ച് ഉയർന്നുവരികയുണ്ടായി. മൂല്യനിർണ്ണയത്തിലെ പോരായ്മകൾ എത്രയോവട്ടം ചർച്ച ചെയ്യപ്പെട്ടു. മൗലികമായി ഒരു മാറ്റവും വരുത്താൻ കഴിഞ്ഞ യുഡിഎഫ് സർക്കാരും തയ്യാറായില്ല.

അതിന്റെ ഫലമായിട്ടാണ് ഇന്ന് 5437 പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയിൽ അകപ്പെട്ടിരിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ കിരാലൂരിൽ ഒരു എയ്ഡഡ് യുപി സ്കൂൾ അടച്ചുപൂട്ടി കഴിഞ്ഞു. 25 എയ്ഡഡ് മാനേജർമാർ സ്കൂൾ പൂട്ടാൻ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. പുതിയ തസ്തിക നിർണ്ണയം പൂർത്തിയായതോടെ ഏകദേശം പതിനായിരത്തോളം അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെടാൻ പോകുന്നു. മിനുക്കുപണികൾ കൊണ്ടോ, പൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള പ്രസംഗങ്ങൾ കൊണ്ടോ ഉണർവ്വും നിറവും പോലുള്ള ചെപ്പടിപരിപാടികൾ കൊണ്ടോ നിലവാരമുയർത്താനോ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാനോ കഴിയില്ല. അതിന് മികച്ച പഠന-ബോധന സമ്പ്രദായങ്ങൾ ആവിഷ്കരിക്കണം, അത് പത്താം ക്ലാസ്സിലല്ല, ഒന്നാം ക്ലാസ്സുമുതൽ ആരംഭിക്കേണ്ട കാര്യമാണ്. പ്രാഥമിക ക്ലാസ്സുകളിൽ കുട്ടികൾക്ക് അടിത്തറയുറയ്ക്കുന്നില്ലെങ്കിൽ പത്താം ക്ലാസ്സിൽ മറ്റെന്ത് അഭ്യാസങ്ങൾ കാട്ടിയാലും, എത്ര വലിയ വിജയശതമാനം സൃഷ്ടിച്ചെടുത്താലും യഥാർത്ഥ വിദ്യാഭ്യാസ നിലവാരം നേടാനാവില്ലെന്ന വിലപ്പെട്ട പാഠമാണ് നമ്മുടെ സർക്കാർ ഇനിയും പഠിക്കാനുള്ളത്.

ഉന്നതകുലജാതരായ ഒരു വിഭാഗത്തിന് മാത്രമായി സ്വാശ്രയ വിദ്യാലയങ്ങൾ നിർമ്മിച്ചുകൊടുത്തു കൈകഴുകുന്ന ഭരണകൂടത്തിന്റെ വിവേചനം വിദ്യാഭ്യാസരംഗത്ത് ഇതിനകം സൃഷ്ടിച്ചുകഴിഞ്ഞ അസമത്വങ്ങൾ ഭീകരമാണ്. രണ്ടുതരം വിദ്യാലയങ്ങൾ കേരളത്തെ രണ്ടാക്കി മാറ്റികൊണ്ടിരിക്കുന്നു. വിദ്യാലയ സ്വകാര്യവൽകരണം ഗ്രാമഗ്രാമാന്തരങ്ങൾ വരെ സംഭവിച്ചുകഴിഞ്ഞു. സ്കൂളുകളും കോളേജുകളും സ്വകാര്യസംരംഭകരുടേതുമാത്രമായി മാറികൊണ്ടിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിതമായ സമുന്നത ലക്ഷ്യങ്ങൾ നേടണമെങ്കിൽ കോത്താരി കമ്മീഷൻ 1966ൽ ആവശ്യപ്പെട്ടതുപോലെ എല്ലാ വിദ്യാർത്ഥികൾക്കും ഒരേ തരത്തിലുള്ള വിദ്യാഭ്യാസം നൽകാൻ അടിമുടിയുള്ള പൊളിച്ചെഴുത്ത് ആവശ്യമായിരിക്കുന്നു. ഒരു കാലത്ത് ഇന്ത്യക്ക് മുഴുവൻ വഴികാട്ടിയായി വിദ്യാഭ്യാസ മുന്നേറ്റം നടത്തിയ കേരള മോഡൽ വിദ്യാഭ്യാസം തിരിച്ചുകൊണ്ടുവരണം. കോത്താരി തന്നെ പറഞ്ഞതുപോലെ സമ്പന്നവർഗ്ഗത്തിന്റെ സന്തതികൾക്കായി ഉയർന്നുവന്ന, അസമത്വത്തിന്റെ ശാശ്വതസ്മാരകങ്ങളാണ് സ്വകാര്യ വിദ്യാലയങ്ങൾ (കമ്മിഷൻ റിപ്പോർട്ട്, 1966)

കേരള മോഡൽ വിദ്യാഭ്യാസത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് സ്വാശ്രയവിദ്യാഭ്യാസമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള മാറ്റങ്ങളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്.അതോടൊപ്പം, ദരിദ്രജനവിഭാഗങ്ങൾക്ക് പാർശ്വവൽക്കരിക്കപ്പെട്ടവർക്കായുള്ള പ്രത്യേക വിദ്യാഭ്യാസം നൽകുന്ന നയവും തിരുത്തേണ്ടതുണ്ട്. പിറന്നുവീഴുന്ന എല്ലാ കുഞ്ഞുങ്ങൾക്കും സമത്വപൂർണ്ണമായ വിദ്യാഭ്യാസമെന്ന ജനാധിപത്യസങ്കൽപ്പമാണ് പ്രാവർത്തികമാക്കേണ്ടത്. ആ ലക്ഷ്യപ്രാപ്തിയ്ക്കായി പൊരുതാൻ വിദ്യാഭ്യാസ സ്നേഹികളുടെ ഐക്യനിര ഉയർന്നുവരണം. ■

(5 –ാം പേജിൽ നിന്ന്)

## എൽഡിഎഫിന്റെ വിജയത്തെ വിലയിരുത്തേണ്ടതെങ്ങനെ?

നടത്തുന്ന ജനദ്രോഹഭരണത്തെ തുറന്നുകാട്ടിക്കൊണ്ട് ബിജെപിയുടെ തനിനിറം ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കഴിയും. വിലക്കയറ്റം അതിരൂക്ഷമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിലൂടെയും സേവന നികുതി വർധനവിലൂടെയും ചാർജ്ജ് വർദ്ധനവുകളിലൂടെയും ബിജെപി സർക്കാർ നടത്തുന്ന കുത്തിക്കവർച്ചക്ക് ദിനംപ്രതി ആക്കം കൂടുകയാണ്. വരൾച്ചയും കൃഷിത്തകർച്ചയും ഉൽപ്പന്നങ്ങളുടെ വിലയിടിവും കർഷകരെ കൊന്നൊടുക്കുന്നു. മറുവശത്ത് ആസ്തി വർദ്ധനയിൽ കുത്തകകൾ മതിമറന്ന് ആനന്ദിക്കുന്നു. യഥാർത്ഥത്തിൽ ബിജെപി ആരുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നതെന്ന് ജനങ്ങളെ പഠിപ്പിക്കാൻ കഴിഞ്ഞാൽ കേരളത്തിലെ ഒരു സാധാരണക്കാരനും ഈ പ്രസ്ഥാനത്തിനു പിറകിൽ അണിനിരക്കില്ല. പക്ഷേ ഈ രാഷ്ട്രീയ പ്രചാരണം വിശ്വസനീയമായ നേതൃത്വമല്ല നടത്തുന്നതെങ്കിൽ ജനങ്ങൾ അതിനെ തള്ളിക്കളയുകയും ചെയ്യും.

വൻകിട മൂലധനശക്തികളെ കുടിയിരുത്താനും വളർത്താനും വേണ്ടി പരിശ്രമിക്കുകയും മറുവശത്ത് കുത്തകാനുകൂല നയങ്ങൾക്കെതിരെ പ്രസംഗിക്കുകയും ചെയ്താൽ ജനങ്ങൾ അത് സ്വീകരിക്കില്ല. കഴിഞ്ഞകാല എൽഡിഎഫ് സർക്കാരുകളുടെ പാത പിന്തുടർന്നുകൊണ്ടാണ് പിണറായി വിജയന്റെ സർക്കാരും മുന്നോട്ടുപോകുന്നതെങ്കിൽ കോൺഗ്രസ്സിനും ബിജെപിക്കുമെതിരായ വിശ്വസനീയമായ നേതൃത്വമായി മാറാൻ എൽഡിഎഫിനു കഴിയാതെ വരും. ഇപ്പോൾതന്നെ പുറത്തുവരുന്ന സൂചനകൾ ജനങ്ങളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമാണെന്ന് പറയാതെ വയ്യ. സത്യപ്രതിജ്ഞയുടെ തലേന്ന് പുന്നപ്ര രക്തസാക്ഷി മണ്ഡപത്തിൽ നടത്തിയ പ്രസംഗത്തിൽ നിയുക്ത മുഖ്യമന്ത്രി പ്രസംഗിച്ചത് ഇപ്രകാരമായിരുന്നു. ‘നാടിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന പ്രവർത്തനം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് നാളെ അധികാരത്തിലേറുന്ന സർക്കാർ ഒരു തരത്തിലും അംഗീകരിക്കില്ല എന്നത് എല്ലാവരും മനസ്സിലാക്കണം. കൈയ്യൂക്ക് കൊണ്ട് കാര്യം നേടാൻ ശ്രമിക്കുന്ന ചിലരുണ്ടാകാറുണ്ട്. അതിന് പുറപ്പെട്ടാൽ അത്തരം ആളുകൾ അതിന്റെ ഫലം അനുഭവിക്കും. ഏതാനും ചിലർ വിചാരിച്ച് തടസ്സപ്പെടുത്തേണ്ടതല്ല നാടിന്റെ വികസനം. പല കാലങ്ങളിലുള്ള ശീലം അത്തരം ആളുകൾ അവസാനിപ്പിക്കുന്നതാണ് സർക്കാരും അവരും തമ്മിലുള്ള നല്ല ബന്ധം തുടർന്നുപോകാൻ നല്ലത്’. ഈ വാക്കുകൾ വ്യക്തമാക്കുന്ന സൂചന ഒട്ടും ശുഭകരമല്ല എന്ന് പറയാൻ ഞങ്ങൾ നിർബന്ധിതരാവുകയാണ്. പിന്നീട് പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രിയെന്ന നിലയിലുള്ള പ്രഥമ സന്ദർശനത്തിനുശേഷം നടത്തിയ പത്രസമ്മേളനത്തിൽ നയം കുറച്ചുകൂടി വ്യക്തമായി. 45 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്ത് ദേശീയ പാത വികസനം നടപ്പാക്കുമെന്ന് ഉൾപ്പടെ പുതിയ മുഖ്യമന്ത്രി അവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ നയങ്ങളും നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നതെങ്കിൽ അത് ഇടതുപക്ഷ രാഷ്ട്രീയത്തെ വലിയരീതിയിൽ തളർത്താൻ ഇടയാക്കും. വികസനത്തിന്റെ പേരിൽ ഭൂമി പിടിച്ചെടുക്കാൻ രക്തപ്പുഴയൊഴുക്കിയ നന്ദിഗ്രാമിന്റെ മണ്ണിൽ പിന്നീട് സംഭവിച്ചതൊന്നും ഇക്കൂട്ടർക്ക് പാഠമാവുന്നില്ലെങ്കിൽ ഇവിടെയും സമാനഫലം പ്രതീക്ഷിക്കാം. യുഡിഎഫ്-എൽഡിഎഫ് മുന്നണികൾ തമ്മിൽ നയങ്ങളിൽ ഒരു വ്യത്യാസവുമില്ല എന്ന പൊതുസമൂഹത്തിന്റെ മനസ്സിലാക്കൽ അരക്കിട്ടുറപ്പിക്കുന്ന നയങ്ങളാണ് ഇവയെല്ലാം. അത് ബിജെപിയുടെ മുന്നേറ്റത്തിന് വീണ്ടും വഴിയൊരുക്കും. ഇരുമുന്നണികളും പിന്തുടരുന്ന അവസരവാദരാഷ്ട്രീയത്തിൽ മനംമടുക്കുന്ന സാധാരണക്കാരായ ജനങ്ങൾ ബിജെപിയുടെ വർഗ്ഗീയ പ്രചാരണത്താൽ വശീകരിക്കപ്പെട്ടു പോകുന്നുവെന്നതിനെ പ്രധാന്യംകുറച്ചു കാണരുതെന്ന് ഞങ്ങൾ വിനീതമായി ഇടതുനേതൃത്വത്തോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ സംഘപരിവാർ ശക്തികൾ നേടിയ വളർച്ചയിൽ ഇടതെന്ന പേരു പേറുന്നവർ വഹിച്ച പങ്ക് തുറന്നുപറയുകയും അത് തിരുത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യാതെ പുരോഗമനപ്രസ്ഥാനങ്ങൾ ശക്തിപ്പെടില്ല. ഈ തെരഞ്ഞെടുപ്പ് ഫലം അത്തരമൊരു ആത്മപരിശോധനയ്ക്ക് ഇടയാക്കണം. അല്ലാതെ സ്വന്തം വിജയത്തിൽ ഊറ്റം കൊള്ളുകയും അടിസ്ഥാനരഹിതമായ അവകാശവാദങ്ങൾ ഉന്നയിക്കുകയും ചെയ്യുകയല്ല സംസ്ഥാനത്തെ എൽഡിഎഫ് നേതൃത്വം ചെയ്യേണ്ടത്.

**ജനങ്ങളുടെ കടമ എന്ത്?**

സംസ്ഥാനത്തെ 31 മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ നിർത്തിക്കൊണ്ടും ആർഎംപി, എംസിപിഐ(യു) എന്നീ ഇടതുപക്ഷപാർട്ടികളുമായി ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്) എന്ന ബാനറിൽ യോജിച്ചുകൊണ്ടും തെരഞ്ഞെടുപ്പ് പ്രചാരണവേളയിൽ എസ്‌യുസിഐ(കമ്യൂണിസ്റ്റ്) മുന്നോട്ടുവച്ചത് ജനാധിപത്യസമരത്തിന്റെ രാഷ്ട്രീയമായിരുന്നു. അത് പ്രചരിപ്പിക്കുന്നതിലും വലിയൊരുവിഭാഗം ജനങ്ങളിലേയ്ക്ക് ആ ധാരണ എത്തിക്കുന്നതിലും നമ്മുടെ പാർട്ടി അഭിമാനകരമായ നിലയിൽ വിജയിച്ചു. ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തിനു മാത്രമേ സാമൂഹ്യ-രാഷ്ട്രീയ രംഗത്തു കാണുന്ന എല്ലാ മാലിന്യങ്ങളെയും തുടച്ചുനീക്കാൻ കഴിയൂ. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സുദൃഢമായ മാർഗ്ഗവും അതു മാത്രമാണ്. അതിനാൽ വോട്ട് നൽകിക്കഴിഞ്ഞ്, ഭരണക്കാരുടെ നയങ്ങൾക്കിരയായി നിസ്സഹായരായി കഴിഞ്ഞുകൂടുകയല്ല, അവരെ തിരുത്താൻ പോന്ന കാവൽശക്തിയായി ഉയരാൻ ജനങ്ങൾക്ക് കഴിയണം. ഈ കാഴ്ചപ്പാടാണ് തെരഞ്ഞെടുപ്പിലൂടനീളം നമ്മുടെ പാർട്ടി പ്രചരിപ്പിച്ചത്. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് എൽഡിഎഫ് ഭരണത്തിന് ഉയരാൻ കഴിയുന്നില്ലെങ്കിൽ ജനങ്ങളുടെ മുമ്പിൽ പ്രക്ഷോഭത്തിന്റെ മാർഗ്ഗം മാത്രമാണുള്ളത്. ഈ പാഠം ഒരിക്കൽകൂടി ഞങ്ങൾ ഓർമ്മപ്പെടുത്തുകയാണ്. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/06/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 43 No.2
Price : Rs 5.00
June 2016

# അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുക



കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ ജൂൺ 3 ന് നടന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണം നടത്തുന്നു.

**മ**ലാപറമ്പ്-പാലാട്-കിരാലൂർ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതിയുടെയും അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ നടന്നു. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുക. വിദ്യാഭ്യാസ നിലവാരം ഉയർത്താനാവശ്യമായ നടപടികൾ ആവിഷ്ക്കരിക്കുക. ആവശ്യമെങ്കിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്യുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രഖ്യാപനം കൂട്ടായ്മ ഐകകണ്ഠ്യേന അംഗീകരിച്ചു. ഈ കോഴിക്കോട് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി ശക്തമായ ചെറുത്തുനിൽപ്പ് വളർത്തിയെടുക്കാനും കൂട്ടായ്മ ആഹ്വാനം ചെയ്തു. ജനങ്ങളുടെ ശക്തമായ ചെറുത്തുനിൽപ്പ് കാരണമാണ് മലാപറമ്പ് -പാലാട് സ്കൂളുകൾ താൽക്കാലികമായെങ്കിലും അടച്ചുപൂട്ടലിനെ അതിജീവിച്ചതെന്നും കൂട്ടായ്മ വിലയിരുത്തി.

ആൾ ഇന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ വിഷയാവതരണവും കോഴിക്കോട് പ്രഖ്യാപനവും നടത്തി. ജനകീയപ്രതിരോധ സമിതി സെക്രട്ടറി എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. സമരസമിതി നേതാക്കളായ അഡ്വ.എം.ജയദീപ്, സന്തോഷ്കുമാർ, നമ്പിടി നാരായണൻ, ശശിധരൻ, തേജസ് പെരുമണ്ണ, പ്രൊഫ. സി.വി.കുമാരൻ, വി.പി.വാസുദേവൻ എന്നിവർ പ്രസംഗിച്ചു. പി.കെ.പ്രഭാഷ് സ്വാഗതവും ശ്രീമതി സി.ഷീബ നന്ദിയും പറഞ്ഞു. ■

## കോഴിക്കോട് പ്രഖ്യാപനം

**പൊ**തുവിദ്യാലയങ്ങളാണ് കേരളത്തെ കേരളമാക്കി മാറ്റിയത്. കേരള നവോത്ഥാന പ്രസ്ഥാനത്തിന്റെ തേരുതെളിച്ച മഹാരഥന്മാർ വിദ്യകൊണ്ട് പ്രബുദ്ധരാകുവാൻ ആഹ്വാനം ചെയ്തപ്പോൾ അനേകം മനുഷ്യസ്നേഹികൾ ഒരു വിധത്തിലുള്ള പ്രതിഫലവും ആഗ്രഹിക്കാതെ പൊതുവിദ്യാലയങ്ങൾ ആരംഭിക്കാൻ മുന്നോട്ടുവന്നതുകൊണ്ടാണ് ലോകത്തിനുമുഴുവൻ മാതൃകയായ കേരളമോഡൽ ജന്മം കൊണ്ടത്. ജീവകാരുണ്യ മനോഭാവത്തോടെ എയ്ഡഡ് മേഖലയിൽ സ്കൂളുകൾ ആരംഭിക്കുവാൻ ഭൂമി സൗജന്യമായി വിട്ടുകൊടുത്ത് മാതൃക കാട്ടിയവരുടെ നാടാണ് കേരളം. എന്നാൽ ഇന്ന് ആ ഭൂമിയും മറ്റ് ഭൗതിക സംവിധാനങ്ങളും വിൽപ്പനയ്ക്കുവച്ച് സാമൂഹ്യദ്രോഹം കാട്ടുന്ന മാനേജുമെന്റുകൾ പൊതുവിദ്യാഭ്യാസ വ്യവസ്ഥയെ വെല്ലുവിളിക്കുന്നു.

കോഴിക്കോട് മലാപ്പറമ്പ് സ്കൂളും തിരുവണ്ണൂർ പാലാട്ട് സ്കൂളും ഉൾപ്പെടെ നിരവധി എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചുപൂട്ടാൻ കേരള വിദ്യാഭ്യാസ നിയമത്തിലെ പഴുതുകൾ ഉപയോഗിക്കുകയാണ് കച്ചവടക്കണ്ണുള്ള മാനേജർമാർ.

പൊതുവിദ്യാലയങ്ങൾ പൊതുസ്വത്താണ്. സ്കൂൾ നടത്തിപ്പ് ചുമതല കേരള വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാനേജർമാർക്കാണെങ്കിലും പൊതുവിദ്യാലയങ്ങളുടെ ഭാവി തീരുമാനിക്കുന്ന അവസാനവാക്ക് മാനേജർമാരുടേതാകാൻപാടില്ല. അതിന് എത്രയും വേഗം വിദ്യാഭ്യാസ നിയമത്തിലും ചട്ടങ്ങളിലും ഭേദഗതി വരുത്താൻ സംസ്ഥാന ഗവൺമെന്റ് മുൻകൈയെടുക്കണം. കേരളത്തിലെ ഒരു വിദ്യാലയവും അടച്ചുപൂട്ടാൻ ഇടയാവരുത്. അതിനായി ഒരു സമഗ്രനിയമനിർമ്മാണം നടത്തണം. പൊതുവിദ്യാലയങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും പൊതുവിദ്യാഭ്യാസത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്ന നിയമമാണ് നിർമ്മിക്കേണ്ടത്.

അതോടൊപ്പം പൊതുവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ ഒന്നാംക്ലാസ്സുമുതൽ തന്നെ ഔപചാരിക പഠനബോധന സമ്പ്രദായങ്ങൾ കൂടുതൽ മികവുറ്റതാക്കണം. ലോകബാങ്ക് ഉൾപ്പെടെയുള്ള ഏജൻസികൾ രാജ്യത്ത് അടിച്ചേൽപ്പിച്ച വികലമായ ഡിപിഇപി-എസ്എസ്എ പാഠ്യപദ്ധതിയും പഠനസമ്പ്രദായങ്ങളും ഉപേക്ഷിച്ച് ഉന്നതനിലവാരം പുലർത്തുന്ന പുതിയ പാഠ്യസമ്പ്രദായങ്ങൾ പൊതുവിദ്യാലയങ്ങളിൽ ആരംഭിക്കണം. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന അസമത്വത്തിന്റെ പ്രതീകങ്ങളായ സ്വകാര്യ സ്വാശ്രയ വിദ്യാലയങ്ങൾക്ക് പകരം പൊതുവിദ്യാലയങ്ങളുടെ വ്യാപനത്തിലൂടെ വേണം നമുക്ക് മുന്നേറുവാൻ. പൊതുവിദ്യാഭ്യാസത്തിന്റെ പൂർണ്ണ ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. എന്നാൽ സാമ്പത്തിക ചുമതല രക്ഷിതാക്കളുടെ മേൽ കെട്ടിവയ്ക്കുകയും സർക്കാരുകൾ പിൻമാറുകയും ചെയ്യുന്ന ജനാധിപത്യവിരുദ്ധമായ നയം ഒരു മോഡൽ അല്ല. ഒന്നോ രണ്ടോ മോഡൽ സ്കൂളുകളല്ല, എല്ലാ പൊതുവിദ്യാലയങ്ങളും മാതൃകാ വിദ്യാലയങ്ങളായി വാഴുന്ന പുതിയ കാലമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. അതിനുവേണ്ടി ജീവൻ നൽകിയും പൊതുവിദ്യാലയങ്ങളായ സർക്കാർ എയ്ഡഡ് സ്കൂളുകളെ സംരക്ഷിക്കുമെന്ന് 2016 ജൂൺ 3 ന് കോഴിക്കോട് ചേർന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ കൂട്ടായ്മ പ്രഖ്യാപിക്കുന്നു. ■

# ഐഐടികളിൽ സംസ്കൃത പഠനം ആരംഭിക്കാനുള്ള അപകടകരമായ നീക്കം

**ശി**ക്ഷൺ നു ഭാരതീയ കരൺ (പഠനത്തിന്റെ ഭാരതീയവൽക്കരണം) എന്ന പേരിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം പുതിയൊരു അജണ്ടയുമായി രംഗപ്രവേശം ചെയ്തിരിക്കുന്നു. ആർഎസ്എസ് സൈദ്ധാന്തികനായ ഒരാൾ ഗുജറാത്തിൽ പാഠപുസ്തകങ്ങൾ രചിക്കവെ മുന്നോട്ടുവച്ച ആശയമാണിത്. ഒരു മുൻ ചീഫ് ഇലക്ഷൻ കമ്മീഷണർ നേതൃത്വം നൽകിയ ഒരു പാനൽ നൽകിയ റിപ്പോർട്ടിലും ഇങ്ങനെയൊരു നിർദ്ദേശമുണ്ടായിരുന്നു. ഐഐടികളിൽ "സംസ്കൃത ഭാഷ പഠിപ്പിക്കാൻ, വിശേഷിച്ച് ശാസ്ത്രീയമായ അറിവുകൾ ഉൾക്കൊള്ളുന്ന കൃതികളുടെ പഠനവുമായി ബന്ധപ്പെട്ട് പഠിപ്പിക്കാൻ" അപേക്ഷിച്ചതായി മാനവവിഭവശേഷി മന്ത്രി സ്മൃതിഇറാനി പാർലമെന്റിൽ ഏപ്രിൽ 25 ന് രേഖാമൂലം നൽകിയ മറുപടിയിൽ പറഞ്ഞു.

ആവശ്യവും അവസരവും തമ്മിലുള്ള പൊരുത്തക്കേട്, നിലവാരം കുറഞ്ഞ സ്ഥാപനങ്ങൾ കൂണുപോലെ മുളച്ചുപൊന്തുന്നത്, സാമ്പത്തിക ഞെരുക്കം, അദ്ധ്യാപകരുടെ കുറവ് തുടങ്ങി നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗം പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുന്നുണ്ട്. സമയമെടുത്ത്, സത്വരമായ ഇടപെടലിലൂടെ, കാതലായതും ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായ പരിഹാരം കാണേണ്ട വിഷയങ്ങളാണിവ. എന്നാൽ, ഹിന്ദുത്വവാദി സൈദ്ധാന്തികരുടെയും രാഷ്ട്രീയ നേതാക്കളുടെയും ചിന്ത വേറൊരു വഴിക്കാണ്. അതുകൊണ്ടുതന്നെ അവർ ഒന്നിനു പിറകേ ഒന്നായി പ്രശ്നങ്ങൾ കുത്തിപ്പൊക്കുന്നു.

സംസ്കൃതം വികസിതവും സുഘടിതവും ആരാധനയുമായി ബന്ധപ്പെട്ടതുമായ ഒരു ക്ലാസിക്കൽ ഭാഷയായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. വ്യാകരണം, ശാസ്ത്രം, മതം, തത്വചിന്ത എന്നിവയൊക്കെ ഈ ഭാഷയിൽ എഴുതപ്പെട്ടിരുന്നു. എന്നാൽ ബ്രാഹ്മണർ, പുരോഹിതർ തുടങ്ങി ഉയർന്ന ജാതികളിൽപ്പെട്ടവർക്കുമാത്രമേ അത് പഠിക്കാൻ അവകാശമുണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണ് വേദാന്ത തത്വചിന്തയിൽ വിശ്വസിച്ചിരുന്ന വിവേകാനന്ദൻ, 'നമ്മുടെ നാട്ടിൽ, പ്രാചീനകാലം മുതൽ എല്ലാ പഠനവും സംസ്കൃതത്തിലായിരുന്നതുകൊണ്ട് പഠിപ്പുള്ളവരും സാധാരണ ജനങ്ങളും തമ്മിൽ അളവറ്റ അകലം നിലനിന്നു പോന്നു," എന്ന് വിലപിച്ചത്. " സംസ്കൃതഭാഷ നന്നായി പഠിക്കണമെങ്കിൽ ഒരു ജീവിതകാലം മുഴുവൻ കഠിന പ്രയത്നം നടത്തണമെന്നതുകൊണ്ടുതന്നെ തലമുറകളായി അറിവിന്റെ വ്യാപനത്തിന് അത് തടസ്സം സൃഷ്ടിക്കുന്നു എന്ന ദുഃഖകരമായ അവസ്ഥ നിലനിൽക്കുന്നു" എന്നാണ് സംസ്കൃത പണ്ഡിതനായ റാംമോഹൻ റായ് (1823-ൽ) പറഞ്ഞത്. മറ്റൊരു സംസ്കൃത പണ്ഡിതനായ ഈശ്വര ചന്ദ്ര വിദ്യാസാഗർ ഒരിക്കൽ പറഞ്ഞു, "സംസ്കൃതത്തിലുള്ള ഗണിത പഠനം നിർത്തണം... ഞാനത് ഇംഗ്ലീഷിലാക്കാൻ ആഗ്രഹിക്കുന്നു. കാരണം, ഈ വിഷയത്തിൽ സംസ്കൃതത്തിലുള്ള മുഴുവൻ അറിവുകളുടെയും ഇരട്ടി, അതിന് ചെലവഴിക്കുന്നതിന്റെ പകുതി സമയംകൊണ്ട് ബുദ്ധിയുള്ള ഒരു വിദ്യാർത്ഥിക്ക് ഇംഗ്ലീഷിൽ പഠിച്ചെടുക്കാൻ കഴിയും"(1852). വിദ്യാസാഗറിന്റെ കാലത്ത് ഗണിതം സംസ്കൃതത്തിൽ പഠിക്കാൻ ഇത്രത്തോളം പ്രയാസമായിരുന്നെങ്കിൽ, ഇന്നത് സാദ്ധ്യമാണെങ്കിൽ പോലും, ആധുനിക ശാസ്ത്രത്തിന്റെ സങ്കീർണ്ണമായ വിഷയങ്ങൾ പഠിക്കുന്ന കാര്യത്തിൽ അത് എത്ര വലിയ വൈതരണികളാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. എന്നിട്ടും, ഈ മഹാപണ്ഡിതരുടെ അടുത്തെങ്ങും നിൽക്കാൻ പോലും യോഗ്യതയില്ലാത്ത ഹിന്ദുത്വവാദികൾ ഐഐടികളിൽ സംസ്കൃതം പഠിപ്പിക്കാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. ഇത് അവരിൽനിന്ന് അപ്രതീക്ഷിതമല്ല. ഇന്ത്യൻ സയൻസ് കോൺഗ്രസ് നടക്കുമ്പോൾ, ശാസ്ത്രജ്ഞർക്ക് പകരം ചില ഹിന്ദുത്വവാദികൾ മുംബൈ യൂണിവേഴ്സിറ്റിയിലെ സംസ്കൃത വിഭാഗത്തിൽ നിന്നും കാളിദാസയൂണിവേഴ്സിറ്റിയിൽ നിന്നും പേപ്പറുകൾ ക്ഷണിക്കുകയും അത് തയ്യാറാക്കുന്ന ആളുകൾ എന്ന നിലയിൽ കോൺഗ്രസ്സിൽ അവതരിപ്പിക്കുകയും ചെയ്തു. അവരുടെ ലക്ഷ്യം ഈ നടപടിയിൽ നിന്നു തന്നെ വ്യക്തമായിരുന്നു. യാതൊരു ഗവേഷണ പശ്ചാത്തലവുമില്ലാത്ത സംസ്കൃത വിദ്യാർത്ഥികളും മറ്റുമാണ് ഈ പേപ്പറുകൾ അവതരിപ്പിച്ചത്. അദ്ധ്യക്ഷന്മാരാകട്ടെ, ചോദ്യോത്തര വേള അനുവദിച്ചതുമില്ല. ശാസ്ത്ര സമ്മേളനങ്ങളിൽ ഇത് ഒഴിച്ചുകൂടാനാവാത്തതാണ്. അതായത് ശാസ്ത്രീയ പരിശോധന കൂടാതെ അന്ധമായി അംഗീകരിക്കാൻ നിർദ്ദേശിക്കുംവിധമായിരുന്നു കാര്യങ്ങൾ നടന്നത്. സ്വാഭാവികമായും ശാസ്ത്രത്തിൽ സംസ്കൃതം പ്രോത്സാഹിപ്പിക്കാൻ നടത്തിയ നീക്കങ്ങൾ ശാസ്ത്രലോകത്തിനു മുന്നിൽ ഇന്ത്യയെയും ഇന്ത്യൻ ശാസ്ത്രജ്ഞരെയും അപഹസിക്കുന്നതായി. ഇപ്പോൾ അതേ നീക്കമാണ് ഐഐടികളിലും നടത്തുന്നത്. എന്തൊക്കെ പരിമിതികളുണ്ടെങ്കിലും ശാസ്ത്രീയവും വ്യാവസായികവുമാ ഗവേഷണ പഠനങ്ങളിൽ ഇന്നും മുൻ നിരയിൽ നിൽക്കുന്ന സ്ഥാപനങ്ങളാണ് ഐഐടികൾ. മാനവശേഷി മന്ത്രാലയത്തിന്റെ അഭ്യർത്ഥന സ്വീകരിക്കാൻ തീരുമാനിച്ചാൽ ഈ പ്രമുഖ സ്ഥാപനങ്ങളെ ബാധിക്കാൻ പോകുന്ന വിപത്ത് ആരെയും അമ്പരപ്പിക്കുന്നതാണ്. ഐഐടി അധികൃതരെക്കൊണ്ട് ഇത് നടപ്പിലാക്കിയെടുക്കുന്നതിനായാണ് 'അപേക്ഷ' എന്ന പദപ്രയോഗം ഇവിടെ നടത്തിയിരിക്കുന്നത്. നിർദ്ദോഷമായ നിർദ്ദേശം എന്നു തോന്നിപ്പിക്കാൻ വേണ്ടിയുള്ള ചതിപ്രയോഗം ഇവിടെ വ്യക്തമാണ്. വിയോജിപ്പുകളെയെല്ലാം ദേശദ്രോഹമായി ചിത്രീകരിക്കുന്ന പ്രവണതയാണ് നിലനിൽക്കുന്നത് എന്നതുകൊണ്ടുതന്നെ ഭാരതീയവൽക്കരണത്തെ എതിർക്കുന്നതും അങ്ങനയേ കണക്കാക്കൂ.

'പരീക്ഷണാത്മകവും പ്രചോദനാത്മകവുമായ ശാസ്ത്രത്തോട് വിടപറഞ്ഞതുമൂലം ഇന്ത്യയ്ക്ക് ഒരു ന്യൂട്ടനെയോ ഡെസ്കാർട്ടസിനെയോ സൃഷ്ടിക്കാൻ കഴിഞ്ഞില്ല' എന്ന് 'ദ ഹിസ്റ്ററി ഓഫ് ഹിന്ദു കെമിസ്ട്രി'യുടെ കർത്താവും വിഖ്യാത ശാസ്ത്രജ്ഞനുമായ ആചാര്യ പ്രഫുല്ല ചന്ദ്ര റായ് ഒരിക്കൽ വിലപിക്കുകയുണ്ടായി. പിന്നീട് നവോത്ഥാനകാലത്ത്, ശാസ്ത്രലോകത്തിന്റെ പ്രശംസയും ആദരവും പിടിച്ചുപറ്റുവിധം ചില മുന്നേറ്റങ്ങൾ കൈവരിക്കാൻ ഇന്ത്യൻ സയൻസിനായി. എന്നാൽ എല്ലാത്തിനും അന്ത്യം കുറിക്കാൻ പോന്നതാണ് ഹിന്ദുത്വ വാദികളുടെ ഇപ്പോഴത്തെ നീക്കങ്ങൾ. ഇന്ത്യൻ സയൻസിന്റെ സർവ്വ നാശമായിരിക്കും ഇതിന്റെ ഫലം.ഈ അപകടം തിരിച്ചറിഞ്ഞ് അതിനെ തുരത്തുകയെന്നത് യുക്തി ബോധവും ശാസ്ത്രീയ മനോഭാവവുമുള്ള ഏതൊരാളുടെയും കർത്തവ്യമാണ്. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.